2022 JANUARY
VOL 21
ISSUE 01
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



**JESUS YOUTH**
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org



Votive Offering, Saint Sebastian (Oil on Canvas), by Angel Zarraga

**ജനുവരി 20**

**രക്തസാക്ഷിയായ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ**

വിശുദ്ധ സെബസ്ത്യാനോസിനെ വണങ്ങി പ്രാർഥിക്കുന്ന വിശുദ്ധ ഐറിന്റെ ഈ ചിത്രം മെക്സിക്കൻ ആർട്ടിസ്റ്റ് ഏഞ്ചൽ സറാഗ 1912 ൽ വരച്ചതാണ്. ചിത്രത്തിൽ താഴത്തെ മൂലയിലെ ലിഖിതത്തിൽ ഇങ്ങനെ വായിക്കുന്നു: "കർത്താവേ, സങ്കീർണമായ വാക്യങ്ങളിൽ കവി പറയുന്നതുപോലെ അങ്ങയെ എങ്ങനെ ആഘോഷിക്കണമെന്ന് എനിക്കറിയില്ല; പക്ഷേ, എന്റെ നശ്വരമായ കൈകളാൽ ഞാൻ ചെയ്ത എളിയതും പരുക്കനുമായ ഈ കലാസൃഷ്ടി കർത്താവ് സ്വീകരിക്കട്ടെ" ഏഞ്ചൽ സറാഗ.





# എഡിറ്റേഴ്സ് റൂം

## ജീവിതവിജയത്തിന്റെ വഴിവിളക്കുകൾ



ആകസ്മികതകളെ ചൂണ്ടിക്കാട്ടിയും ചതിക്കുഴികളെ ഓർമിപ്പിച്ചും ജീവിതവിജയത്തിന്റെ ഫലപ്രദമായ ചേരുവകൾ എന്താണെന്ന് പ്രതിപാദിക്കുന്ന തമിഴ് സിനിമകളാണ് ജയ് ഭീം, സുറൈപെട്ടറു എന്നീ സിനിമകൾ. യഥാർഥ സംഭവങ്ങളെ അടിസ്ഥാനമാക്കി നിർമിച്ച രണ്ടു പ്രമേയങ്ങളുടെയും സന്ദേശം ഒന്നാണ്.

സമൂഹത്തെ സുന്ദരമാക്കാൻ വ്യക്തികൾ നടത്തുന്ന ക്രിയാത്മകമായ ഇടപെടലുകളുടെ സത്ഫലമാണ് ജീവിതവിജയം. ആഗ്രഹിക്കുന്നുണ്ടെങ്കിലും ജീവിതത്തിൽ വിജയമില്ലാതെ പോകുന്നവരാണധികവും. ജീവിതവിജയത്തിന്റെ മാധുര്യമറിഞ്ഞ് ലോകത്തിൽ തങ്ങളുടെ വിജയം ആസ്വദിക്കുന്ന നിരവധിപേരുണ്ട്. അങ്ങനെയുള്ള എല്ലാവരെയും ലോകം പൊതുവേ അറിയാറില്ല. സർക്കാർ മേഖലയിൽ താഴെക്കിടയിൽ ജോലി ചെയ്തിരുന്ന ഒരു സാധു സ്ത്രീയുടെ റിട്ടയർമെന്റ് മീറ്റിങ്ങിൽ അവരുടെ മക്കളെ കണ്ട് സദസ്സ് വിസ്മയിച്ചു. ഐ.എ.എസുകാരൻ, എഞ്ചിനീയർ, ടീച്ചർ.. ജീവിതത്തിന്റെ കനൽ വഴികളിലൂടെ സഞ്ചരിച്ചപ്പോഴും, കരുതലോടെ കുട്ടികളെ ചിറകിലേറ്റിയ ആ അമ്മയല്ലേ യഥാർഥത്തിൽ വിജയി. ഇതുപോലെ എത്ര അമ്മമാരും അച്ഛന്മാരും നമുക്കു ചുറ്റും അറിയപ്പെടാതെ ജീവിക്കുന്നുണ്ടാകും.

**ജീവിതത്തെ വിജയകരമാക്കാൻ മൂന്നു ലളിതമായ പാഠങ്ങളുണ്ട്.**

***1. ചുറ്റുപാടുകളെ കുറേക്കൂടി സുന്ദരമാക്കുക:*** ജീവിത പരിസരം, തൊഴിൽമേഖല, കുടുംബം, സാമൂഹിക മേഖല ഇവിടെയെല്ലാം ക്രമീകരിക്കാനും മികവുറ്റതാക്കാനുമുള്ള ശ്രമങ്ങൾ തുടങ്ങണം. ദൈവം നൽകിയ കഴിവുകളുപയോഗിച്ച് നവമായൊരു ലോകനിർമിതിക്കായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. ആയിരിക്കുന്നിടം സുന്ദരമാക്കാനാണ് ക്രിസ്തു ശ്രമിച്ചതും ക്ഷണിച്ചതും. ഇതുതന്നെയാണ് നമുക്കുള്ള മാതൃകയും.

***2. പ്രതിസന്ധികളെ ചങ്കുറപ്പോടെ നേരിടുക:*** ജീവിതവിജയം എളുപ്പം കരഗതമാക്കാവുന്നതല്ല. പ്രതിസന്ധികളും പരാജയങ്ങളും തരണംചെയ്ത് വിജയത്തിലെത്തുന്നതുവരെ പോരാടാനുള്ള മനക്കരുത്ത് വേണം. ആത്മീയത അതിനു നമ്മെ സഹായിക്കും. പ്രതീക്ഷ കൈവിടാതെ നിരന്തരം മനസ്സിനെ ബലപ്പെടുത്തണം. "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും." എന്ന വചനം പ്രതിസന്ധികളെ നേരിട്ട് മുന്നേറാൻ നമ്മെ പ്രാപ്തരാക്കും.

***3. ജീവിത വിജയമെന്നത് ധനസമ്പാദനമല്ലായെന്ന് തിരിച്ചറിയുക:*** വിജയിക്കുന്നവരുടെ ജീവിതത്തിലെ പ്രധാനഘടകം ധനസമ്പാദനമല്ല. ലോകത്ത് തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചവർക്ക് സാമ്പത്തിക നേട്ടവും പ്രശസ്തിയും ഉണ്ടായിട്ടുണ്ടാകാം. പക്ഷേ, പണത്തിനു വേണ്ടിയല്ല അവർ ജീവിച്ചത്. ധനമോഹത്തോടെ പ്രവർത്തിച്ചവർ ജീവിതത്തിൽ ഇടറിപ്പോയവരാണധികവും.

ജീവിത വിജയത്തിനുള്ള പുതുവഴികൾ വെട്ടിത്തെളിക്കേണ്ട സമയമാണ് പുതുവർഷം. ജീവിത പരിസരങ്ങളെ സുന്ദരമാക്കാൻ, സമൂഹത്തെ പ്രകാശിപ്പിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. പുതു ചിന്തകളോടെ, പുത്തൻ തീരുമാനങ്ങളോടെ പുതുവർഷം പൂത്തുലയട്ടെ. പുതുവത്സരാശംസകൾ.

എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

ഉള്ളടക്കം


**06**
**ആത്മാവിൻ ആഴങ്ങളിൽ**
റോസമ്മ ജേക്കബ്

**16**
**ജോമോന്റെ സുവിശേഷങ്ങൾ**
ജോമോൻ ജോണി

**22**
**പ്രശ്നപരിഹാരകരെ ആവശ്യമുണ്ട്**
ജിന്റോ ജോൺ

**26**
**വിളഞ്ഞ കളി**
ജേക്കബ് കോച്ചേരി

**28**
**വേഗത്തിൽ സഞ്ചരിക്കുന്ന ദൈവകൃപ**
അരുൺ പി. ആന്റണി

**30**
**ജീസസ് യൂത്ത് പ്രതിമാസ വിചിന്തനം**
ബിഷപ് റാഫേൽ തട്ടിൽ





**09**
**മറ്റ് യുവാക്കളെപ്രതി അസ്വസ്ഥരാകുന്ന യുവജനങ്ങളെയാണ് ഇന്നാവശ്യം**
ഡോ. എഡ്വേർഡ് എടേഴത്ത്

**32**
**മാറ്റത്തിന്റെ കൊടുങ്കാറ്റ്**
ജോസ് വഴുതനപ്പിള്ളി

**36**
**ന്യൂസ് ഹൈലൈറ്റ്സ്**
സണ്ണി കോക്കാപ്പിള്ളിൽ

**37**
**ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ്**
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്

**38**
**സമയം പൂർണമായും പ്രയോജനപ്പെടുത്തുവിൻ**
ഫിബിൻ, കല്ലൂർ

**40**
**മിനാരി**
സിബിൻ ജോസ്

**42**
**വാർത്താവിചാരം**
സണ്ണി കോക്കാപ്പിള്ളിൽ

**44**
**വെള്ളരിപ്രാവിന്റെ ചങ്ങാതികൾ**
വെങ്കി & ആൽഡ്രിൻ ജോസഫ്

**46**
**ചിരിയും ചിന്തയും**
ജോയ്സ് കെ. ജോസ്



കെയ്റോസ് KAIROS • 2022 JANUARY • VOL 21 • ISSUE 01 • PAGE 48



Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Shoji Vechoorkarottu *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
John Sunny 9400686781 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Leena Shaju +91 6238279115 circulations@jykairosmedia.org

**Associate Circulation Managers**
***Australia:*** Mintu Vijoy, Melbourne +61 452538785
***Bahrain:*** Roshan George, Manama + 973 36906995
***Cambodia:*** Sophearong Ravy, Phnom Penh +855 964265472
***Canada:*** Joby Joseph, Ontario +12899 686 074
***Germany:*** Anna Paul, Berlin +49 176 83495451
***India:*** Jackulin Sheela, Mumbai +91 9967329244
***Ireland:*** Suresh V Joy, Dublin. +35 3879630904
***Israel:*** Jaison K Thattil, Tel Aviv +972 559425308
***Kuwait:*** Anish Thomas Kappil, Salmiya +965 90063685
***Malaysia:*** Deepu James, KL Sentral +60 12649 4628
***Netherlands:*** Jojo Varghese, Utrecht +31 684974552
***New Zealand:*** Derick Daniel, Auckland +64 291270650
***Oman:*** Jino, Muscat +96895384654
***Papua New Guniea:*** Abin Michael, Port Moresby +675 74794368
***Qatar:*** Jomichan P George, Doha + 974 33688437
***Singapore:*** Jilu Nobin, Sengkang +65 93294529
***Switzerland:*** Joseph C Robert, Zurich +41 762499295
***Thailand:*** Mary Harris, Bangkok +66 843138626
***UAE:*** Seejo, Dubai + 971 502782383
***Uganda:*** Dominic Mathew, Kampala +256 757207200
***UK:*** Mathachan Madukkakuzhy Stoke on Trent + 44 7969365686
***USA:*** Denny Joseph, Houston +1 8326403106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office**
Smitha Jose: smitha.jose@jykairosmedia.org



Kairos MEDIA

**Mailing Address**
*INDIA:* 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org +91 484 2984327

*USA:* Kairos International Inc., 3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org +1 832 592 3675

www.jykairosmedia.org Facebook.com/Readkairos Twitter.com/kairosmalayalam

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com




കെയ്റോസ് ലേഖനങ്ങളുടെ ചിത്രങ്ങളാണ് എന്നെ കൂടുതൽ ആകർഷിക്കുന്നത്. ഓരോ തവണയും മികച്ചരീതിയിലുള്ള ഇമേജുകൾ മാസികയെ മനോഹരമാക്കുന്നുണ്ട്. ചിത്രങ്ങളാണ് വായനയിലേക്ക് നയിക്കുന്നത്. ഇതിലെ ചിത്രങ്ങൾ വാട്ട്സാപ്പിൽ പ്രൊഫൈൽ ചിത്രങ്ങളാക്കാറുമുണ്ട്. ഡിസൈനിങ് പ്രവർത്തനങ്ങൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും അറിയിക്കുന്നു.

*സ്മിത ജോസ്, കാഞ്ഞിരപ്പള്ളി*

ഡിസംബർ ലക്കം ദൈവത്തിന്റെ മൗനം ഏറെ ഇഷ്ടപ്പെട്ടു. ശശി ഇമ്മാനുവലിന്റെ എഴുത്തുകൾ ഹൃദയസ്പർശിയാണെന്നുള്ളതിന് സംശയമൊന്നുമില്ല. എനിക്കേറെ ഇഷ്ടമുള്ള ഒരു പംക്തിയാണത്. ഇദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ മുമ്പേ ഞാൻ കേട്ടിട്ടുള്ളതാണ്. ഈശോയെപ്രതിയുള്ള തീക്ഷ്ണതയാൽ ഓടിനടക്കുന്ന അനുഭവസമ്പത്തുള്ള ശശിയുടെ ലേഖനങ്ങൾ ആത്മീയമായി വളരാൻ പറ്റുന്ന ഉൾക്കാഴ്ചകൾ നൽകുന്നവയാണ്.

*എൽസമ്മ ജേക്കബ്, എറണാകുളം*

പലായനത്തെ ആസ്പദമാക്കി മാർട്ടിനച്ചൻ വിശാലമായ അർഥത്തിൽ എഴുതിയ കവർ സ്റ്റോറി പുതുചിന്ത നൽകി. അതേവിഷയം നർമരസത്തോടെ പങ്കുവച്ച എൽസീനയുടെ ലേഖനവും നന്നായിരിന്നു. അലക്സി പള്ളൻ പറഞ്ഞ കംഫർട്ട് സോണുകൾ വിട്ടുപോകുന്ന അനുഭവം ഒരുപാടാളുകളുടെ അനുഭവം കൂടിയാണെന്ന് തോന്നുന്നു. ഏറെ പ്രസക്തമായ വിഷയങ്ങൾ പങ്കുവച്ച കെയ്റോസിനു പ്രത്യേകം നന്ദി.

*ബെന്നി, തൃപ്പൂണിത്തുറ*

## അറിയിപ്പ്

പ്രിയമുള്ളവരേ കെയ്റോസ് മാസികയുടെ വരിക്കാരാകാനാഗ്രഹിക്കുന്നവർക്കും കെയ്റോസിന്റെ ഈ യുവജന ശുശ്രൂഷയിൽ, സാമ്പത്തികമായി സഹായിക്കുവാനാഗ്രഹിക്കുന്നവർക്കും NEFT വഴിയോ, മറ്റേതെങ്കിലും രീതിയിലോ ബാങ്കിലേക്കു പണമടയ്ക്കാവുന്നതാണ്. ഇങ്ങനെ ബാങ്കിൽ പണമടയ്ക്കുന്നവർ ഈ വിവരം ദയവായി ഓഫീസിലേയ്ക്ക് അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

94465 63335, 0484 2984327

**ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST, A/c No. 14690200009621
IFSC- FDRL0001469 / FEDERAL BANK,
KAKKANAD, SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174
നവോദയ സ്റ്റുഡിയോ കോംപ്ലക്സ്
തെങ്ങോട് പി.ഒ., കാക്കനാട്
കൊച്ചി 682030

0484 2984327
kairosmag@jykairosmedia.org
www.jykairosmedia.org




കെയ്റോസ് മലയാളം /
കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ

PRINT | ONLINE (Eng) | ONLINE (Mal)

# ദൈവത്തിന്റെ മൗനം

റോസമ്മ ജേക്കബ്



# ആത്മാവിൻ ആഴങ്ങളിൽ

ശാന്തതയും ശ്രദ്ധയുമുണ്ടെങ്കിൽ ദൈവോന്മുഖരായി ജീവിക്കാനും മനസ്സാക്ഷിയിലൂടെ ദൈവസ്വരം കേൾക്കാനും നമുക്കാവും. ചില ചിന്തകളും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിലൂടെ ഒരോർമപ്പെടുത്തൽ മാത്രമാണ് ഇവിടെ കുറിക്കുന്നത്.

പുതുവർഷത്തിൽ ചില പുതിയ കാര്യങ്ങൾ നടക്കുന്നത് നല്ലതല്ലേ. അത്ര പുതിയതല്ലെങ്കിലും ഒരു നല്ല കാര്യത്തെക്കുറിച്ച് ഒരാലോചനയുള്ളത് എന്തുകൊണ്ടും ഉചിതമായിരിക്കും. വിസ്മയനീയമായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽത്തന്നെ, ചിരിക്കാനും ചിന്തിക്കാനും ഓർക്കാനും കരയാനും തിരുത്താനും വിലയിരുത്താനുമൊക്കെ കഴിയുന്നുവെന്നതാണ് മനുഷ്യന്റെ മഹത്വം. സത്യത്തിലിത് മനുഷ്യമഹത്വമെന്നു പറയാൻ പറ്റില്ല. ദൈവമഹത്വത്തിന്റെ ഒരടയാളം മാത്രം. കൂടെനടക്കുകയും ഉള്ളിൽ വസിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സ്വരം നമുക്കു കേൾക്കാൻ കഴിയുന്നത് ഒരു വിസ്മയം തന്നെയാണ്.

മനുഷ്യരെ വിധിക്കുവാൻ നമുക്ക് ആവില്ലായെങ്കിലും, മനുഷ്യമനസ്സിന്റെ നന്മതിന്മകളുടെ അടിസ്ഥാനത്തിൽ നല്ലവരെന്നും അല്ലാത്തവരെന്നും നമ്മൾ മനുഷ്യരെ പറയാറുണ്ട്. നല്ല മനസ്സുള്ളവരെ മനസ്സാക്ഷിയുള്ളവരെന്നും നാം വിശേഷിപ്പിക്കാറുമുണ്ട്. നല്ല മനസുള്ളവരെ അഥവാ മനസ്സാക്ഷിയുള്ളവരെ പൊതുവേ നമുക്കെല്ലാവർക്കും ഇഷ്ടമാണ്. അവരുടെ പെരുമാറ്റത്തിനും ജീവിതത്തിനുതന്നെയും സവിശേഷമായൊരു രീതിയുണ്ടാകും. മൂല്യങ്ങളിൽ അടിയുറച്ച ഇത്തരക്കാരുടെ മനസ്സാക്ഷി ചിന്തിക്കുന്നത് സമൂഹത്തിന്റെയും തന്റേതന്നെയും നന്മയുടെ അടിസ്ഥാനത്തിലായിരിക്കും.

പ്രശസ്തനായ ഡോക്ടർ വി.പി. ഗംഗാധരന്റെ പക്കൽ കാൻസർ ചികിത്സയ്ക്കെത്തിയ ഒരു ചെറുപ്പക്കാരന്റെ അനുഭവം പറയാം. ഭാര്യയും പറക്കമുറ്റാത്ത രണ്ട് കുട്ടികളുമുള്ള കുടുംബം. വരുമാനം നിലച്ചതോടെ ജീവിതം ഇനിയെങ്ങോട്ടെന്ന് ചിന്തിച്ച് പകച്ചുപോയ ചെറുപ്പക്കാരൻ. രോഗാവസ്ഥയറിഞ്ഞ്, അകന്ന ബന്ധത്തിലുള്ള ഒരാളെത്തി തുകയെഴുതാത്ത ഒരു ചെക്ക് നീട്ടിക്കൊണ്ടു പറഞ്ഞു. "ആരുമില്ലെന്നു കരുതി വിഷമിക്കണ്ട, ഞാനുണ്ട്. ചികിത്സയ്ക്കായി എത്ര പണം വേണമെങ്കിലും എഴുതിയെടുത്തു കൊള്ളൂ. ഭയപ്പെടേണ്ട." രോഗത്തിനു മുന്നിൽ എല്ലാം അവസാനിച്ചുവെന്ന് കരുതിയ അയാൾ ഭാര്യയെയും മക്കളെയും ചേർത്തുപിടിച്ച് ആശ്വാസത്തോടെ പുഞ്ചിരിച്ചു. "എന്റെ അമ്മയുടെ വയറ്റിൽ പിറക്കാതെപോയ ഒരു സഹോദരനാണു സാർ അദ്ദേഹം." ഡോക്ടറിന്റെ മുന്നിലിരുന്ന് അയാളിത് പറയുമ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

സ്നേഹിക്കുക, നന്മ ചെയ്യുക, സത്യം പറയുക എന്നൊക്കെയുള്ള പുണ്യങ്ങളുടെ നിയമങ്ങൾ നമ്മുടെയൊക്കെ ആത്മാവിന്റെ ആഴ ങ്ങളിൽ ദൈവംതമ്പുരാൻ തന്നെ കോറിയിട്ടിട്ടുണ്ട്. ഈ സത്പ്രേ രണകൾ അനുസരിക്കുമ്പോൾ മനസ്സിലനുഭവപ്പെടുന്ന സന്തോ ഷവും, വിരുദ്ധമായി പ്രവർത്തിച്ചാൽ മനസ്സിനനുഭവപ്പെടുന്ന ആകുലതയും ഞെരുക്കവുമൊക്കെയാണ് പൊതുവേ, മനസ്സാക്ഷി യെന്ന് വിശേഷിപ്പിക്കാറുള്ളത്.

നിർഭാഗ്യവശാൽ ഇന്ന് മനുഷ്യമനസ്സാക്ഷി ദുഷിച്ചു മരവിച്ചുപോയി രിക്കുന്നു എന്നുപറയേണ്ട ഒരവസ്ഥയാണ്. ഒരു സങ്കോചവുമില്ലാതെ എന്ത് തെറ്റുചെയ്യാനും മടിയില്ല. ഒരുവശത്ത് ഇപ്രകാരം അപചയം നടക്കുന്നുണ്ടെങ്കിലും ദൈവോന്മുഖരായി ജീവിക്കുന്ന മനുഷ്യരുടെ ജീവിതത്തിന്റെ സത്ഫലങ്ങളും ഇതിനെല്ലാത്തിനേക്കാ ളുമുപരി പ്രപഞ്ച സൃഷ്ടാവിന്റെ പരിപാല നയും കാരുണ്യവും ലോകത്തെ മുഴുവൻ പൊതിഞ്ഞു സംരക്ഷിക്കുന്നുവെന്നത് സൗഭാഗ്യമല്ലാതെ മറ്റൊന്നുമല്ല.

> രോഗത്തിനു മുന്നിൽ എല്ലാം അവസാനിച്ചു വെന്ന് കരുതിയ അയാൾ, ഭാര്യയെയും മക്കളെയും ചേർത്തുപിടിച്ച് ആശ്വാ സത്തോടെ പുഞ്ചിരിച്ചു.

കുട്ടികൾ കുഞ്ഞുനാൾ മുതലേ നമ്മുടെ വീടുകളിൽ മൂല്യബോധമുള്ളവരായി വളരട്ടെ. ദൈവത്തെ അറിഞ്ഞും ദൈവ സ്വരം കേട്ടും ആത്മീയ ബലമുള്ളവരും അടിത്തറയുള്ളവരുമായി വളർന്നുവ രണം. ചൊട്ടയിലെ ശീലം ചുടലവരെ എന്ന പഴമൊഴി നമ്മൾക്ക റിയാം. ഒന്നേ നമുക്ക് ചെയ്യാനുള്ളു, വരും തലമുറയായ ഇളംതല മുറയെ ഇന്നുമുതലേ പരിശീലിപ്പിക്കാം. സഹതാപമല്ല, സഹാനുഭൂ തിയാണ് വേണ്ടതെന്ന് കുട്ടികൾ പഠിക്കട്ടെ.

ആധുനിക സാങ്കേതിക വിദ്യകളെല്ലാം ഉപകാരപ്രദവും സന്തോഷദാ യകവുമാണെങ്കിലും ആനന്ദം മനുഷ്യർക്കിടയിലാണെന്നും പരോപ കാരവും പ്രാർഥനകളും വഴി യഥാർഥ ആനന്ദം സ്വന്തമാക്കാമെന്നും നമ്മളറിയണം. മനസ്സാക്ഷി എന്നത് മനുഷ്യന്റെ രാജകീയ മുദ്രയും ദൈവം മനുഷ്യനു നൽകിയ കൃപാവരവുമാണ്. ആത്മാവിന്റെ സ്വര മാണ് മനസ്സാക്ഷിയെങ്കിൽ, ശരീരത്തിന്റെ സ്വരമാണ് ഇന്ദ്രിയാഭിനി വേശങ്ങൾ. നൈമിഷികമായ ഇന്ദ്രിയാഭിലാഷങ്ങളെ പിഞ്ചെല്ലാതെ ആത്മാവിന്റെ പ്രേരണകൾക്കാണ് നാം കാതോർക്കേണ്ടത്. അങ്ങനെ യെങ്കിൽ നല്ല മനസ്സാക്ഷിയുള്ളതും, മനുഷ്യസമ്പർക്കമുള്ളതുമായ ഒരു പുതുതലമുറയെ നമുക്ക് രൂപപ്പെടുത്താനാവും.

ഒരമ്മയുടെ ജീവിതം ഇങ്ങനെയായിരുന്നു. എപ്പോഴും മകനെയും മരുമകളെയും കുട്ടികളെയും കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു. കുറേ ആരോഗ്യ പ്രശ്നങ്ങൾ ഉള്ള അമ്മയായിരുന്നു. അപ്പനും അമ്മ യ്ക്കും കുടുംബത്തിനും വേണ്ടി മകനും മരുമകളും വളരെ സഹാ യങ്ങൾ ചെയ്ത് കുടുംബത്തെ നല്ല നിലയിലാക്കി. കുറേ നാളുകൾ കഴിഞ്ഞപ്പോൾ അമ്മ രോഗിയായി. സഹായം ഇല്ലാതെ ബെഡ്ഡിൽ നിന്നും അനങ്ങാൻ പറ്റാത്ത അവസ്ഥയിലായി. അങ്ങനെ മകളുടെ വീട്ടിൽ കൊണ്ടുവന്നു. അപ്പോഴും അവരെ കുറ്റപ്പെടുത്തിക്കൊണ്ടേ യിരുന്നു. ക്ഷമിക്കണം, അങ്ങനെ ചെയ്യരുത്; അവരമ്മയെ ഏതെല്ലാം തരത്തിൽ സഹായിച്ചുവെന്നൊക്കെ മകൾ പറഞ്ഞു കൊടുത്തു. പിന്നീട് ഈ അമ്മയെ കാണാൻ മരുമകളും വീട്ടുകാരും വന്നപ്പോൾ, "ഞാൻ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ എല്ലാത്തിനും ക്ഷമിക്കണം" എന്ന് പറഞ്ഞ് മാനസാന്തരപ്പെടുകയുണ്ടായി. പറഞ്ഞതെല്ലാം തെറ്റായി പോയെന്ന് അപ്പോഴാണ് ആ അമ്മയ്ക്ക് മനസ്സിലായത്. അവസാനം സുബോധത്തോടെ രോഗീലേ പനവും കിട്ടി, ഒരുങ്ങി ദൈവസന്നിധിയി ലേക്ക് പോവുകയുണ്ടായി.

The most beautiful things in this world cannot be seen or touched, it can be felt with the heart. എത്രയോ വാസ്തവമാണിത്. ഈ ലോകത്തിലെ ഏറ്റവും സുന്ദരമായ കാര്യങ്ങൾ കാണാനോ സ്പർശിക്കാനോ കഴിയില്ല, അത് ഹൃദയം കൊണ്ട് അനുഭവി ച്ചറിയാനുള്ളതാണ്. നമുക്കെല്ലാവർക്കും സുപരിചിതമായൊരു ഗാനമാണല്ലോ "നിർമ ലമായൊരു ഹൃദയമെന്നിൽ നിർമിച്ചരുളുക നാഥാ, നേരായൊരു നൽ മാനസവും തീർത്ത രുൾകെന്നിൽ ദേവാ..." എന്നത്. ഇപ്രകാരം പ്രാർഥിക്കാനേ നമുക്ക് ആവുകയുള്ളൂ. മനുഷ്യരെല്ലാം ബലഹീനരാണ്. വി. കുർബാ നയിലൂടെയും വചനാധിഷ്ഠിത ജീവിതത്തി ലൂടെയും കർത്താവ് നമുക്ക് ശക്തി പ്രദാനം ചെയ്യട്ടെ.

ഒന്നുരണ്ടു ബൈബിൾ വാക്യങ്ങൾ: "നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന് ഒരു സ്വരം ശ്രവിക്കും. ഇതാണ് വഴി, ഇതിലേ പോകുക" (ഏശ 30,21). "നിന്റെ ഹൃദയത്തെ ജാഗരൂക തയോടെ കാത്തു സൂക്ഷിക്കുക, ജീവന്റെ ഉറവകൾ അതിൽ നിന്നാണൊഴുകുന്നത്" (സുഭാ 4,23). പറഞ്ഞതും ചെയ്തതുമൊക്കെ തെറ്റായി പോയിട്ടുണ്ടെങ്കിൽ അതംഗീകരി ക്കാനോ ഏറ്റുപറയാനോ നാം വിമുഖത കാണിക്കേണ്ടതില്ല. കാൽവരിയിലെ നല്ല കള്ളന്റെ മനോഭാവത്തോടെ ആയിരിക്കാം. ഈ മനോഭാവം നമുക്ക് ചിന്താവിഷയമാകട്ടെ. ഇങ്ങനെയുള്ളവരെയല്ലേ, ഈശോ പറുദീസാ യിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നത്.

ഒരു കൊച്ചു പ്രാർഥനയോടെ: God grant me the serenity to accept the things I cannot change, courage to change the things I can and wisdom to know the difference. എനിക്ക് മാറ്റാൻ കഴിയാത്ത കാര്യങ്ങളെ അംഗീകരി ക്കാനുള്ള ശാന്തതയും മാറ്റാൻ കഴിയുന്നത് മാറ്റാനുള്ള ധൈര്യവും ഇത് മനസ്സിലാക്കാ നുള്ള ജ്ഞാനവും ദൈവമേ, അങ്ങെനിക്ക് നൽകണമേ.



ഡോ. എഡ്വേർഡ് എടേഴത്ത്



# മറ്റ് യുവാക്കളെപ്രതി അസ്വസ്ഥരാകുന്ന യുവജനങ്ങളെയാണ് ഇന്നാവശ്യം

1986 ജൂണിലെ അവസാന വാരാന്ത്യം മറക്കാനാവാത്തതായിരുന്നു. കേരളത്തിലെ നൂറോളം കോളേജ് വിദ്യാർഥികൾ ഒരു മാറ്റത്തിനായി കൈകോർക്കാൻ തേവരയിലെ സേക്രഡ് ഹാർട്ട് കോളേജിൽ അന്ന് ഒത്തുകൂടി. അത് ജീസസ് യൂത്ത് ചരിത്രത്തിലെ ഒരു പുത്തൻ അധ്യായമായി. കോളേജ് കാമ്പസുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ അങ്ങനെ ഒരു സംവിധാനവുമായി.

Photos by Gift Habeshaw on Unsplash

"അഡ്മിഷൻ ഫോം വാങ്ങാൻ ആദ്യമായി കോളേജിൽ പോയ ദിനം ആ പടികൾ കയറുമ്പോൾ, ഞാൻ പ്രാർഥിക്കുകയായിരുന്നു, എനിക്ക് ഇവിടെ പ്രവേശനം ലഭിച്ചാൽ, അനേകരെ അങ്ങയുടെ പക്കലേയ്ക്ക് കൊണ്ടുവരാൻ എന്നെ അനുഗ്രഹിക്കണമേ" തിരുവനന്തപുരത്തുനിന്നുള്ള സന്തോഷ് തന്റെ ആവേശം പങ്കുവച്ചു. കോതമംഗലം എഞ്ചിനീയറിംഗ് കോളേജിലെ സോണി ഒരു ഗ്രൂപ്പ് തുടങ്ങാൻ താൻ നേരിടുന്ന വെല്ലുവിളികളെ കുറിച്ചാണ് സംസാരിച്ചത്. തൃശ്ശൂരിൽ നിന്നുള്ള ട്രീസ, കോളേജിൽ കൂട്ടായ്മകൾ സാധ്യമാക്കിയ സിസ്റ്റേഴ്സിനെക്കുറിച്ചു പറഞ്ഞു. അങ്ങനെ പലരും കോളേജുകളിൽ മറ്റ് യുവാക്കളെ സഹായിക്കാനുള്ള അവരുടെ തീക്ഷ്ണമായ ആഗ്രഹത്തെക്കുറിച്ച് വാചാലരായി. തുടർന്ന് അവരുടെ ചിന്തകൾ ഭാവി പദ്ധതികളെ കുറിച്ചായി. ഏതായാലും ആ ഞായറാഴ്ച അവർ പിരിയുന്നതിനുമുമ്പ് ജീസസ് യൂത്ത് ക്യാമ്പസ് മിനിസ്ട്രിക്ക് തുടക്കവുമായി.

## മാറ്റമുണ്ടാക്കുന്നവർ രൂപപ്പെടുന്നത് എങ്ങനെ?

കേട്ടടങ്ങാത്ത സ്വപ്നങ്ങളുടെ സമയമാണ് യുവത്വം. 'പക്വത' പ്രാപിച്ച് തങ്ങൾക്കായി ഒരു സുഖജീവിതം കെട്ടിപ്പടുക്കുന്നതിനുമുമ്പ്, അവർ ചുറ്റും നോക്കുകയും അസാധ്യമായ കാര്യങ്ങൾക്കായി ആഗ്രഹിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ആത്മാവ് അവരെ സ്പർശിക്കുമ്പോൾ, 'ഭൂമിയുടെ അറ്റങ്ങളോളം' വ്യാപിക്കാൻ വെമ്പൽ കൊള്ളുന്ന ഒരു തീയായി അത് മാറുന്നു (അപ്പ 1,8). പക്ഷേ, ഈ തീനാളം കാറ്റിൽ തനിച്ചായാൽ അത് പെട്ടെന്ന് അണഞ്ഞുപോകും. എന്നാൽ, നിരവധി ചെറുതിരികൾ ഒത്തുചേരുമ്പോൾ, അത് ഒരു വലിയ അഗ്നിജ്വാലയാകുന്നു. അങ്ങനെയല്ലേ യുവ മിഷണറിമാർ രൂപംകൊള്ളുന്നത്?

അടുത്തിടെ, യൂറോപ്പിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റുകളിലെ ഒരു കൂട്ടം വിദ്യാർഥികളോട് ജീസസ് യൂത്തിലെ ചില സാമൂഹ്യസേവന സംരംഭങ്ങളെക്കുറിച്ച് ഞാൻ സംസാരിക്കുകയായിരുന്നു. അതിനിടെ അവരിൽ പലരുടെയും പ്രതികരണം ഇതായിരുന്നു, 'ചുറ്റുംവളരുന്ന നിസ്സംഗതയ്ക്കു നടുവിൽ ഞങ്ങൾക്ക് ഇത് ഏറെ പ്രതീക്ഷ നൽകുന്നു'. മിക്ക യുവാക്കളും ഏറെ കഴിവുള്ളരും ഒരുപാട് നന്മചെയ്യാൻ ആഗ്രഹിക്കുന്നവരും ഒക്കെയാണ്. പക്ഷേ സാവധാനത്തിൽ പലരും ഒരുതരം നിഷേധാത്മകതയിൽ എത്തുന്നു. എന്നാൽ, ഇവിടെ സാധാരണ യുവാക്കൾ ഒത്തുചേരുകയും വലിയ മാറ്റമുണ്ടാക്കുകയും ചെയ്തു! ഇതാണ് വലിയ പ്രതീക്ഷയുടെ അടയാളമായി അവർ കണ്ടത്.

അതിനിടെ ഉയരുന്ന ഒരു സുപ്രധാന ചോദ്യമിതാണ്, 'ഈ നല്ല സംരംഭങ്ങളുടെ കാതൽ എന്താണ്? എങ്ങനെയാണ് യുവാക്കൾ ഇപ്രകാരം പ്രകാശം പരത്തുന്നവരാകുന്നത്?' മനുഷ്യ ഹൃദയങ്ങളെ ഉണർത്തുന്നത് പ്രധാനമായും കർത്താവിന്റെ പ്രവൃത്തിയാണ്. എന്നാൽ, അടുത്തുള്ളവർക്ക് ആ ജ്വാല കെടാതെ നോക്കാനും ഉജ്ജ്വലിപ്പിക്കാനും കഴിയും. മുൻപ് സൂചിപ്പിച്ച ക്യാമ്പസ് ഒത്തുചേരലിനു വളരെ മുമ്പുതന്നെ പശ്ചാത്തലം ഒരുക്കുന്നതിനായി ഞങ്ങളിൽ ചിലർ കുറച്ച് തവണ ഒത്തുചേർന്നു. ഒരു പ്ലാൻ തയ്യാറാക്കി മുന്നേറി. കുറച്ച് യുവാക്കളെ കണ്ടെത്തി അവരെ നല്ല കാഴ്ചപ്പാടുള്ളവരാക്കി. അവർ മറ്റ് യുവാക്കളെ വളർത്താൻ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു.

## സ്വയമേ ഉത്തരവാദിത്വം ഏറ്റെടുക്കുന്നവർ

ഇന്നത്തെ യുവജന സംസ്കാരത്തിൽ അപചയത്തിന്റെ സൂചനകൾ ധാരാളം. വാർത്തകളിൽ നിറയുന്ന അക്രമവും മയക്കുമരുന്ന് ദുരുപയോഗവും ഫാഷൻഭ്രമവും ആത്മീയതയോടുള്ള നിസ്സംഗതയും ഒക്കെ പല മുതിർന്നവരെയും ഏറെ അസ്വസ്ഥരാക്കുന്നു. 'ഇന്നത്തെ യുവാക്കൾക്ക് വേണ്ടി ഒരുപാട് പ്രാർഥിക്കണം' എന്നതാണ് ഞാൻ പലപ്പോഴും കേൾക്കുന്ന ഒരു ക്ലീഷേ പ്രതികരണം. "യുവാക്കൾക്കു വേണ്ടി എന്തെങ്കിലും ചെയ്യാൻ കർത്താവിനെ പ്രേരിപ്പിക്കണം, നമുക്ക് മറ്റ് കാര്യങ്ങൾ ചെയ്യാനുണ്ട്", എന്നാണതിന്റെ അർഥമെങ്കിൽ അത് ഒട്ടും ആഴമില്ലാത്ത ആത്മീയതയാണ്. നമുക്കിന്നു വേണ്ടത് കർത്താവിന്റെ വിളി കേട്ട് തയ്യാറായി മറ്റ് യുവജനങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന ഒരു കൂട്ടം യുവാക്കളെയും മുതിർന്നവരെയുമാണ്.

> മുന്നേറ്റത്തിലെ ഏറെ സുന്ദരമായ ഒരുകാര്യം മറ്റുള്ളവരുടെ ജീവിതത്തിൽ നല്ല മാറ്റമുണ്ടാക്കാൻ ആഗ്രഹിക്കുന്ന, ഒരു പോസിറ്റീവ് അസ്വസ്ഥതയുള്ള നിരവധിയാളുകളെ ഇവിടെ കണ്ടുമുട്ടാനാകുന്നു എന്നതാണ്.

ഫ്രാൻസിസ് മാർപാപ്പ ഏറെ സുന്ദരമായി അത് പറഞ്ഞിട്ടുണ്ട്: "ദൈവത്തോടുള്ള സ്നേഹവും സജീവമായ ക്രിസ്തുവിനോടുള്ള ബന്ധവും, സ്വപ്നം കാണുന്നതിൽ നിന്ന് നമ്മെ തടയുന്നില്ല. നമ്മുടെ ചക്രവാളങ്ങൾ ഇടുങ്ങിയതാകാൻ അവ ആവശ്യപ്പെടുന്നില്ല. നേരെമറിച്ച് ആ സ്നേഹം നമ്മെ ഉയർത്തുന്നു. കൂടുതൽ നല്ലതും സുന്ദരവുമായ ജീവിതത്തിനായി പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. യുവജനത്തിന്റെ ഹൃദയത്തിലുള്ള ആഗ്രഹങ്ങളിൽ ഏറിയ പങ്കിനെയും 'അസ്വസ്ഥത' എന്ന വാക്കിൽ സംഗ്രഹിക്കാം. നിരന്തരമായ അതൃപ്തിയും പുത്തൻ ചക്രവാളങ്ങൾ വിരിയുന്നതിനു മുമ്പുള്ള ആനന്ദാവേശവും ചേരുമ്പോൾ ധീരത ഉരുത്തിരിയുന്നു. സന്നദ്ധതയോടെ ഒരു ദൗത്യത്തിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ധീരത. പ്രത്യേകിച്ച് യൗവ്വനത്തിൽ ഉണരുന്ന ആരോഗ്യകരമായ ഈ അസ്വസ്ഥത യുവത്വവും സംലഭ്യതയും തുറവും കാത്തുസൂക്ഷിക്കുന്ന ഓരോ ഹൃദയത്തി

ന്റെയും സവിശേഷതയായി നിലകൊള്ളുന്നു. യഥാർഥമായ ആന്തരിക സമാധാനം വസിക്കുന്നത് അഗാധമായ ആ അസ്വസ്ഥതയോടൊപ്പമാണ്." (ക്രിസ്തു ജീവിക്കുന്നു, 138)

ജീസസ് യൂത്ത് മുന്നേറ്റത്തിലെ ഏറെ സുന്ദരമായ ഒരുകാര്യം മറ്റുള്ളവരുടെ ജീവിതത്തിൽ നല്ല മാറ്റമുണ്ടാക്കാൻ ആഗ്രഹിക്കുന്ന, ഒരു പോസിറ്റീവ് അസ്വസ്ഥ തയുള്ള നിരവധി ആളുകളെ ഇവിടെ കണ്ടുമുട്ടാനാകുന്നു എന്നതാണ്. ഉദാഹര ണത്തിന് തോമസും കുറച്ച് സുഹൃത്തുക്കളും വെള്ളിയാഴ്ചതോറും ഉപവസി ക്കാനും പ്രാർഥിക്കാനും ഒത്തുവരുന്നു. അവരുടെ ലക്ഷ്യം ഇടവകയിലെ യുവജനങ്ങളുടെ ജീവിത ഗതി മാറുക എന്നതുതന്നെ. സിമിയും കൂട്ടുകാരും എന്റെ അടുത്തുവന്നത് അവരുടെ പരിചയത്തിലുള്ള കൗമാരക്കാരെ കുറിച്ചുള്ള കുറെ ആകുലതകളുമായിട്ടായിരുന്നു. കുട്ടികളെ ഒന്നിച്ചുകൊണ്ടുവരാൻ കുറേ ആശയങ്ങളും അവരുടെ കൈയിലുണ്ടായിരുന്നു. ജോസഫും മറ്റും യുവാക്ക ളുടെ ജീവിതത്തെ മാറ്റാനായി ഉപയോഗിച്ചത് സംഗീതമാണ്. ഇതിനായി അവർ നിരവധി വഴികൾ പരീക്ഷിച്ചു. ഇത്തരം യുവ മിഷണറിമാരുടെ ഒരു നീണ്ട



ഘോഷയാത്ര കാണു മ്പോൾ, വിശുദ്ധ പൗലോ സിന്റെ വാക്കുകൾക്ക് പിന്നിലെ തീക്ഷ്ണത എളുപ്പത്തിൽ മന സ്സിലാകുന്നു, "എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതു വരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റു നോവ് അനുഭവിക്കുന്നു" (ഗലാ 4,19).

# നന്മയ്ക്കായുള്ള 'അസ്വസ്ഥത' വളർത്തണം

സാബു ഒരു പുത്തൻ അനുഭവത്തോടെ ഗ്രൂപ്പിലേക്ക് വന്നപ്പോൾ, അവിടെ ഒരു പുതുലോകം ദർശിച്ചു. ഒരു വിധത്തിൽ, അത് അവന്റെ സ്വപ്ന സാക്ഷാത്കാരമായിരുന്നു. വ്യത്യസ്ത രീതികളിൽ മറ്റ് യുവാക്കളെ സ്വാധീനിക്കാൻ പരിശ്രമിക്കുന്ന തീക്ഷ്ണമതികളായ ധാരാളം ചെറുപ്പക്കാർ അവിടെ ഉണ്ടായിരുന്നു. എന്നാൽ, യുവാക്ക ളുടെ ഈ ആവേശം ഒരു പ്രാരംഭ ഘട്ടം മാത്രമാണ് എന്ന് ഞാനോർത്തു. കുറച്ച് നാളുകൾ കടന്നുപോയി, സാഹച ര്യങ്ങൾ മാറി. ക്രമേണ ഗ്രൂപ്പിലെ ചില അംഗങ്ങൾക്കൊപ്പം പ്രവർത്തിക്കാൻ ആ ചെറുപ്പക്കാരന് പ്രയാസമായി. 'എന്തേ ഇവരൊക്കെ ഇങ്ങനെ?'. ഇതുകൂടാതെ, തുടക്കത്തിൽ ഫലപ്രദമായി കണ്ടെത്തിയ ചില സമീപനങ്ങൾ പിന്നീട് നന്നായി പ്രവർത്തിച്ചില്ല. ഇത് ദൗത്യവഴിയിലെ രണ്ടാം ഘട്ടമാണെന്ന് എനിക്കറിയാമായിരുന്നു.

ഒരു നല്ല കാര്യം, മാറ്റത്തിന്റെയും വ്യക്തിപരമായ പ്രതിസ ന്ധിയുടെയും ഈ ഘട്ടത്തിൽ സാബു എല്ലാം ഉപേക്ഷിച്ച് പോയില്ല. അതിനു പകരം, ഈ അസ്വസ്ഥതകളെ കുറിച്ച് ചർച്ച ചെയ്യാൻ അയാൾ സമയം കണ്ടെത്തി. അതിന്റെ




ഫലമോ, പൊതുവായ ഒരു കാഴ്ചപ്പാടും എല്ലാം കുഴപ്പത്തിലായിട്ടില്ല എന്നൊരു ബോധ്യവും ആ ചെറുപ്പക്കാരനുണ്ടായി. മാറ്റങ്ങൾ അനിവാര്യമാണെന്നും അവിടെ അത്യാവശ്യം കർത്താവിന്റെ പക്കലേയ്ക്ക് തിരിയുകയും പ്രശ്നക്കാരായ ആളുക ളെയും മാറിയ സാഹചര്യങ്ങളെയും അംഗീകരിക്കുകയുമാണെന്ന് അയാൾക്ക് ബോധ്യമായി. ഞങ്ങളുടെ ഹ്രസ്വ സംഭാ ഷണത്തോടെ അയാൾക്ക് ഏറെക്കുറെ സമാധാനമായി. അതൊരു നല്ല മൂന്നാം ഘട്ടമായി.

കലുഷിതവും അസ്വസ്ഥതകൾ വർധിച്ചുവ രുന്നതുമായ ഇന്നത്തെ ലോകത്ത് സംഭവി ക്കാവുന്ന ഏറ്റവും നല്ല ഒരു കാര്യം മറ്റുള്ള വരുടെ ജീവിതത്തിൽ ഒരു നല്ലമാറ്റം കൊണ്ടുവരാൻ തീക്ഷ്ണതയോടെ ആഗ്രഹി ക്കുന്ന കുറെ ചെറുപ്പക്കാരുടെ സാന്നിധ്യ മാണ്. എന്നാൽ, നാം മറക്കാൻ പാടില്ലാത്ത ഒരു വസ്തുത, ഈ യുവമിഷണറിമാർ അവരുടെ ദൗത്യം കൂടുതൽ പക്വമായും സുന്ദരമായും തുടരാൻ നമ്മുടെ പിൻതുണ അവർക്ക് അത്യാവശ്യമാണ് എന്നതാണ്. അവർക്ക് വേണ്ട പിന്തുണയും പ്രോത്സാ ഹനവും നൽകാൻ ദൈവാത്മാവ് നമ്മെ അനുഗ്രഹിക്കട്ടെ.



# ലൈറ്റ് ഹൗസ്

ഫാ.ജോസഫ് പുത്തൻപുരക്കൽ

ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ് (ഹെബ്രാ 4,12).

നമ്മൾ വചനത്തെ ഒരു മാധ്യമമായി ഉപയോഗിക്കുന്നവരാണ്. എഴുത്തുകളിൽ, പ്രബോധനങ്ങളിൽ പങ്കുവ്യക്കലുകളിൽ എല്ലായിടത്തും ഒരു മാധ്യമമുണ്ട്. അമ്മയ്ക്കും കുഞ്ഞിനുമിടയിൽ ഒരു മാധ്യമമുണ്ട്, അതിന്റെ പേരാണ് വാത്സല്യം. കാമുകിക്കും കാമുകനുമിടയിൽ ഒരു മാധ്യമമുണ്ട്, അതാണ് പ്രണയം. ഭർത്താവിനും ഭാര്യക്കും ഇടയിൽ സ്പർശനം. എനിക്കും നിങ്ങൾക്കുമിടയിൽ വചനം. ഉള്ളിലുള്ളത് വചനത്തിലൂടെ പുറത്തേക്ക് വരും. മനസ്സുനിറയെ അരിശമാണെങ്കിൽ വചനത്തിലൂടെ പൊട്ടിത്തെറി, ക്ഷോഭം. മനസ്സു നിറയെ സന്തോഷമാണെങ്കിൽ വചനത്തിലൂടെ സന്തോഷം, ആനന്ദം. അപ്പോൾ ഉള്ളിലുള്ളത് പുറത്തേക്ക് വരുന്ന ഒരു മാധ്യമമാണ് വചനം. വ്യത്യസ്ത ശൈലികളിലും രീതികളിലും ഈ വചനം ലോകത്തിനു മുൻപിൽ പങ്കുവയ്ക്കുന്നവരാണ് നമ്മൾ.

ദൈവത്തിന്റെ മനസ്സുനിറയെ വെട്ടമാണ്. ദൈവത്തിന് ഒറ്റ തരംഗമേയുള്ളൂ ആ തരംഗത്തിന്റെ പേരാണ് ആത്മതരംഗം. ഉള്ളിൽ വെട്ടം ആയതിനാലാണ് ഉത്പത്തിയിൽ ദൈവം പറഞ്ഞത് പ്രകാശം ഉണ്ടാകട്ടെയെന്ന്. നാൽപത് വർഷം ഇസ്രായേൽ മക്കൾ മരുഭൂമിയിൽ നടന്നപ്പോൾ ദൈവം പ്രകാശമായി അവരുടെ കൂടെ നടന്നു. 34-ാം സങ്കീർത്തനം 5-ാം വാക്യത്തിൽ ഇങ്ങനെ പറയുന്നുണ്ട് “അവനെ നോക്കിയവരെല്ലാം പ്രകാശിതരായി.” പ്രകാശമായ ദൈവം ഭൂമിയിൽ ഒരു കാലിത്തൊഴുത്തിൽ പിറന്നപ്പോൾ നേരെ മുകളിൽ ഒരു പ്രകാശം, നക്ഷത്രം ഉദിച്ചു. പ്രകാശമായ ദൈവം ഭൂമിയിൽ കുരിശിൽ മരിച്ചപ്പോൾ ആകാശത്ത് ഒരു നക്ഷത്രം മരിച്ചു, സൂര്യൻ ഇരുണ്ടു.

കെയ്റോസിനെയും ദൈവം വിളിച്ചിരിക്കുന്നു. നമ്മുടേതായ രീതിയിൽ ചിന്തകളും മറ്റും ലോകത്തിന് കൊടുക്കുവാൻ കൈപിടിച്ചു നടത്തുകയും ചെയ്യുന്നു. ഇന്ന് ദൈവത്തിന്റെ വചനം ലോകത്തിന് കൊടുക്കാൻ പറ്റുന്ന നല്ലൊരു വേദിയാണ് സോഷ്യൽ മീഡിയ. ചാനലുകളിൽ നമുക്ക് ക്രിസ്തീയമായ കാര്യങ്ങൾ പറയാനാകും. എന്നെ പോലെയുള്ളവർക്ക് പൗരോഹിത്യത്തെക്കുറിച്ചു പറയാനാകും, പാട്ടുകൾ പാടാം പാടിക്കാം. അഞ്ചു മക്കളും അതിൽ കൂടുതലും വേണമെന്നുള്ള സഭയുടെ നിലപാടുകൾ എന്നിവയൊക്കെ ഈ സോഷ്യൽ മീഡിയായിലൂടെ ലോകത്തോട് നമുക്ക് പറയാനാകും.

പല രീതിയിൽ ഇത് നമുക്ക് പറയാം. ഫലിതം ചേർത്ത് പറയാം, സംഭവങ്ങളോടു ചേർത്തും വചനത്തെ പറയാനാവും. ഈ വചനത്തിന് സാക്ഷികളാകാനാണ്



# ഒക്കെ ശരിയാ.. പക്ഷേ, ഒരൽപം കൂടെ വലത്തോട്ട് മാറണം

**കെയ്റോസ് മീഡിയയുടെ അഭിമുഖ്യത്തിൽ മാസംതോറും നടന്നുവരുന്ന ഫാമിലി കൂട്ടായ്മയിൽ, മുഖ്യാഥിതിയായെത്തിയ ജോസഫ് പുത്തൻപുരക്കലച്ചന്റെ സന്ദേശത്തിന്റെ പ്രസക്ത ഭാഗങ്ങളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.**

ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ഏത് ജീവിത മേഖലയിൽ ഉള്ളവരായാലും വിളി സാക്ഷികളാകാനാണ്. ഒരു സാക്ഷിക്ക് അഭിഷേകം ആവശ്യമാണ്. അങ്ങനെ സാക്ഷ്യം വഹിക്കാൻ ഒരാളെ കർത്താവ് വിളിക്കുന്നത് നാലു വഴികളിലൂടെയാണ്. നമ്മുടെ ശുശ്രൂഷകളിലും ഈ നാലു വഴികളിലൂടെയാണ് കർത്താവു നമ്മെ നയിക്കുന്നത്.

**കാലതാമസത്തിലൂടെ:** കർത്താവ് പെട്ടെന്ന് ഒരാളെ വളർത്തുകയോ ലീഡർ ആക്കുകയും ചെയ്യുന്നില്ല. വിശ്വസ്തതയോടെ ശുശ്രൂഷ ചെയ്തു പോകുമ്പോൾ ദൈവം ഒരാളെ വളർത്തും. ബൈബിളിൽ വലിയ കാര്യങ്ങൾ ഏൽപിക്കുന്നത് പ്രായം ചെന്നവരെയാണ് എന്ന് നമുക്ക് കാണാനാകും. വേദപുസ്തകത്തിൽ അബ്രഹാം ഇസഹാക്കിന്റെ അപ്പനായത് നൂറാം വയസ്സിലാണ്. സ്നാപകയോഹന്നാന്റെ ബർത്ഡേയും സക്കറിയായുടെ സപ്തതിയും ഒരുമിച്ചായിരുന്നു. മോശ ജനതകളുടെ നായകനാകുന്നത് എൺപതാം വയസ്സിലാണ്. അങ്ങനെ ദൈവം ഒരു ദൗത്യം ഏൽപിക്കുന്നത് കാലതാമസത്തിലൂടെയാണ്. ചെറിയ ചെറിയ കാര്യങ്ങൾ ചെയ്തു നാം കാത്തിരിക്കുമ്പോൾ കാലതാമസത്തിലൂടെ ദൈവം തക്കസമയത്ത് ഇടപെടും. അങ്ങനെ ദൈവം നമ്മുടെ ഉള്ളും സത്തയും നമ്മുടെ സാരാംശവും തെളിയിക്കും. അതിനാൽ കാലതാമസത്തിലൂടെ നമ്മെ നയിക്കുന്ന ദൈവത്തെ ക്ഷമയോടെ നാം കാത്തിരിക്കണം.

**നിരാശ നിറഞ്ഞ ജീവിതാനുഭവങ്ങളിലൂടെ:** എന്തെങ്കിലും ചെയ്യുമ്പോൾ ഉടനെ അത് നടക്കുമെന്ന് വിചാരിക്കരുത്. യുവജനങ്ങളെ വിമർശിക്കുന്ന പ്രായമായവർ കാണും. സംശയത്തോടെ നോക്കി കാണുന്ന പുരോഹിതരുണ്ടാവും. ധാരാളം കമന്റുകൾ നമ്മൾ കേൾക്കേണ്ടിവരും. അപ്പോഴൊന്നും നിരാശപ്പെടാതെ നിൽക്കണം. യേശു തന്റെ ശിഷ്യസമൂഹത്തെ നിരാശ നിറഞ്ഞ ജീവിത അനുഭവങ്ങളിലൂടെ വളർത്തുന്നത് കാണാം.

യോഹന്നാന്റെ സുവിശേഷം ഇരുപത്തിയൊന്നാം അധ്യായത്തിൽ ഒരു സംഭവം കാണാം. രാത്രി മുഴുവൻ വലവീശിയിട്ടും മീനൊന്നും കിട്ടിയില്ല എന്നതായിരുന്നു ശിഷ്യരുടെ നിരാശ. ആ നിരാശയിൽ ക്രിസ്തു ഒരു പാഠം പഠിപ്പിച്ചു. എന്നെക്കൂടാതെ വലിയെറിഞ്ഞാൽ ഇടതുവശത്തേ വീഴൂ. എന്റെ കൂടെനിന്ന് എറിഞ്ഞാൽ കൃത്യം വലതുവശത്ത് വീഴും. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ മത്സ്യബന്ധനത്തിന് ഡബിൾ ഡോക്ടറേറ്റും ട്രിബിൾ പി.എച്ച്.ഡി.യും ഉള്ളവരാണ് ഞങ്ങളെന്നും, ആ ഞങ്ങളോട് വലയെറിയേണ്ട സ്ഥലത്തെക്കുറിച്ച് പറയണ്ടായെന്നും പത്രോസ് പറഞ്ഞുകാണും. അന്നേരം കർത്താവ് പറയുന്നുണ്ട്; ഒക്കെ ശരിയാ, പക്ഷേ ഒരൽപം കൂടെ വലത്തോട്ട് മാറണം. കെയ്റോസിനോടും എന്നോടും നാമെല്ലാവരോടും കർത്താവ് പറയുന്നുണ്ട്, മക്കളെ ഒരൽപം കൂടെ വലത്തോട്ട് ഒന്ന് മാറാനുണ്ട്. അൽപം കൂടെ മുട്ടുകുത്തി പ്രാർഥിക്കണം, അൽപം കൂടെ ബൈബിൾ വായിച്ചു ധ്യാനിക്കണം, അൽപം കൂടെ കർത്താവിനെ അറിഞ്ഞ് ശുശ്രൂഷ ചെയ്യണം. അങ്ങനെയെങ്കിൽ ജനങ്ങൾ മാനസാന്തരപ്പെടുകയും ദൈവത്തെ അനുഭവിച്ചറിയുകയും ചെയ്യും.



**ചെറിയ കാര്യങ്ങളിൽ വിശ്വസ്തത തെളിയിച്ചുകൊണ്ട്:** എവിടെയാണെങ്കിലും നാം ചെറിയ കാര്യങ്ങളിൽ വിശ്വസ്തത കാണിക്കുന്നവരാകണം. പത്രോസിനു ഒരു തകർച്ച വന്നത് അവിടെയാണ്. ഒരു മണിക്കൂർ ഉണർന്നിരുന്ന് പ്രാർഥിക്കണം എന്നുള്ള ചെറിയ കാര്യം മറന്നു പോയി, അവനോടൊപ്പം മരിക്കാമെന്ന് വീരവാദം മുഴക്കുന്ന വലിയ കാര്യങ്ങളിലേക്ക് ശ്രദ്ധ വന്നു. സാമുവൽ, ദേവാലയത്തിലെ വിളക്കിൽ നിറുത്താതെ നിരന്തരം എണ്ണയൊഴിച്ചപ്പോൾ അവനെ ദൈവം പുരോഹിതനാക്കി മാറ്റി. ജെസെയുടെ ആട്ടിൻപറ്റത്തെ വിശ്വസ്തതയോടെ മേയിച്ചപ്പോൾ ദൈവം ദാവീദിനെ ഇസ്രായേലിന്റെ രാജാവാക്കി മാറ്റി. ഒരു കുരിശുപള്ളി ഭംഗിയായി നോക്കുന്ന ഒരു വൈദികനെ കത്തീഡ്രൽ പള്ളി വികാരിയാക്കി ദൈവം മാറ്റും. പത്തു പേരുള്ള പ്രാർഥന ശുശ്രൂഷയെ നന്നായി നോക്കുന്നവരെ ആയിരം പേരുടെ ഗ്രൂപ്പിനെ നയിക്കാൻ തക്കവിധത്തിൽ ദൈവം വഴിയൊരുക്കി തരും. ഈ ലോകം, മറ്റു മതസ്ഥർ എന്നിവരൊക്കെ മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരുടെ സുവിശേഷമൊന്നും വായിച്ചിട്ടില്ല. മറിച്ച് അഞ്ചാമത്തെ സുവിശേഷമായ കെയ്റോസിലെ അനുഭവകഥകളാണ് അവർ വായിച്ചിട്ടുള്ളത്. ഒരു കപ്പൂച്ചിൻ വൈദികനായ എന്റെ ജീവിതവും നിങ്ങളുടെ ജീവിതവുമൊക്കെ ഒരു വെളിപാട് പുസ്തകമായി മാറണം. അങ്ങനെയാണ് ജീവിതം തന്നെ ഒരു മാധ്യമമായി മാറുന്നത്. എല്ലാവരും നോക്കി പഠിക്കുന്ന ഒരു മാധ്യമമായി, എല്ലാവരും ശക്തി സംഭരിക്കുന്ന ഒരു മാധ്യമമായി നമ്മുടെ ജീവിതം മാറണം.

**റിസ്ക് എടുപ്പിച്ചുകൊണ്ട് ക്രിസ്തു ഒരാളെ വളർത്തും:** സാഹസികത എടുപ്പിച്ചു കൊണ്ടാണ് കർത്താവ് അനേകരെ വളർത്തുന്നത്. യോഹന്നാന്റെ സുവിശേഷം ആറാമധ്യായത്തിൽ നമ്മൾ ഒരു കാഴ്ച കാണുന്നുണ്ട്. ഒരു രാത്രി വള്ളത്തിന്റെ അമരത്ത് പത്രോസും കൂട്ടരും കിടന്നുറങ്ങുകയായിരുന്നു. പാതിരാത്രിയിൽ ഓളങ്ങളിൽ ഒതളങ്ങ പോലെ, കടലാസ് വള്ളം വെള്ളത്തിലൂടെ പൊങ്ങി വരുന്നതുപോലെ ഒരു ശരീരം പൊങ്ങുതടിപോലെ പൊങ്ങി വരുന്നു. മനുഷ്യന്റെ ശരീരത്തിന് വെള്ളത്തേക്കാൾ സാന്ദ്രത കൂടുതലാണ്. ഒരു കല്ലിനും വെള്ളത്തേക്കാൾ സാന്ദ്രത കൂടുതലാണ്. സാന്ദ്രത കൂടിയത് വെള്ളത്തിൽ മുങ്ങിപ്പോകും. വെള്ളത്തിൽ മുങ്ങാതെ കിടന്നാൽ ഫിസിക്സ് തിയറി തന്നെ മാറിപ്പോകും. പത്രോസ് എന്ത് കണ്ടാലും പെട്ടെന്ന് ചാടിക്കയറി പറയുന്ന ആളാകയാൽ പെട്ടെന്ന് പറഞ്ഞു: "അതാ ഭൂതം ഭൂതം." ക്രിസ്തു പറഞ്ഞു: "പത്രോസേ, ഭൂതം അല്ല, നിന്റെ ഭൂതകാലം കാണാപ്പാഠം പഠിച്ച നിന്റെ ഗുരുവും കർത്താവുമാണ്. സംശയമുണ്ടോ? നിന്റെ 105 ഡിഗ്രി പനി ഒറ്റ സ്പർശനത്തിൽ ഒപ്പിമാറ്റിയ നിന്റെ

ഗുരുവും കർത്താവുമാണ് ഞാൻ, ഇനിയും സംശയമുണ്ടോ, നിന്റെ അമ്മായിയമ്മയുടെ പനി തൊട്ടു മാറ്റിയ കർത്താവാണ് ഞാൻ".

അഞ്ചാം ക്ലാസ്സിലെ വേദപാഠ ക്ലാസ്സിൽ ഒരു ചോദ്യം. അബ്രഹാമിന് മക്കളെ പ്രസവിച്ച രണ്ട് പെണ്ണുങ്ങളുടെ പേര് പറയുക. ഒരു പത്തുവയസ്സുകാരൻ പറഞ്ഞു: സാറായും ഹാഗാറും. സെബദി പുത്രന്മാർ ആരെന്ന് ചോദിച്ചു, രണ്ടു പയ്യന്മാർ പറഞ്ഞു: യാക്കോബും യോഹന്നാനും. യൂദാസിനു പകരം ശിഷ്യനായി വന്ന ആൾ? ചിലർ പറഞ്ഞു: മത്തിയാസ്. അവസാനം ചോദിച്ചു, പത്രോസിന്റെ അമ്മായി അമ്മ യുടെ പേരെന്താണ്? കുട്ടികൾ പറഞ്ഞു: സാറേ പഠിപ്പിച്ചിട്ടില്ല. പക്ഷേ, ഒരു വിരുതൻ പറഞ്ഞു, ബൈബിളിൽ പറഞ്ഞിട്ടുണ്ട്. പഠി പ്പിച്ചിട്ടില്ലായെങ്കിലും എനിക്കറിയാം, ഞാൻ പറയാം. പത്രോസിന്റെ അമ്മായിയമ്മയുടെ പേര് മിസിസ് കലശലായി എന്നാണ്. കാരണം ബൈബിളിൽ പറഞ്ഞിട്ടുണ്ട്, പത്രോസിന്റെ അമ്മായിഅമ്മ കലശലായി, പനി പിടിച്ച് കിടക്കുകയാണെന്ന്.

വെള്ളത്തിൽ വള്ളത്തിലൂടെ യാത്ര ചെയ്തി രുന്ന പത്രോസിനെ, സയൻസ് തിയറി യൊക്കെ മാറ്റിമറിച്ചു കൊണ്ട് വെള്ളത്തിൽ നടന്നു കാണിച്ച് വെള്ളത്തിൽ വള്ളമില്ലാതെ പത്രോസിനെ ക്ഷണിക്കുകയാണ് കർത്താവ്. അങ്ങനെ റിസ്ക് എടുപ്പിച്ചു കൊണ്ട് ശിഷ്യത്വത്തിലേക്ക് പത്രോസിനെ വളർത്തുകയാണ്. മദർ തെരേസയും അതുപോലുള്ള വിശുദ്ധരുമൊക്കെ ഇങ്ങനെ കർത്താവിനെ പ്രതി റിസ്ക്കെടുത്തിട്ടുള്ളവ രാണ്. നമ്മൾ പ്രാർഥനയിലും രോഗികളെ ശുശ്രൂഷിക്കുമ്പോഴും കോളനികൾ, ജയിലുകൾ, ചേരിപ്രദേശങ്ങൾ എന്നിവ സന്ദർശിക്കുമ്പോഴും പാവപ്പെട്ടവരെ സഹായിക്കുമ്പോഴും കൊറോണ രോഗി കളെ ശുശ്രൂഷിക്കുമ്പോഴും ദൈവം റിസ്ക് ഏറ്റെടുപ്പിക്കുകയാണ്. സുരക്ഷിതമായ അവസ്ഥയിൽനിന്ന് സുരക്ഷിതമല്ലാത്ത ഒരവസ്ഥയിലേക്ക് ദൈവം നമ്മളെ നയിക്കു കയാണ്. അതുവഴിയാണ് ദൈവം ശിഷ്യത്വ ത്തിൽ ഒരാളെ വളർത്തുന്നത്. ഒരു കാരണവശാലും നമ്മൾ ഭയക്കരുത്, പരാജ യം കണ്ടു പരിഭ്രമിക്കുകയുമരുത്. ഏൽപിച്ച ശുശ്രൂഷകൾ ധൈര്യത്തോ ടുകൂടി, മനോഹരമായി പൂർത്തിയാക്കുക.

*(തുടരും)*

ജെസെയുടെ ആട്ടിൻപറ്റത്തെ വിശ്വസ്തതയോടെ മേയിച്ച പ്പോൾ ദൈവം ദാവീദിനെ ഇസ്രായേലിന്റെ രാജാവാക്കി മാറ്റി. ഒരു കുരിശുപള്ളി ഭംഗിയായി നോക്കുന്ന ഒരു വൈദികനെ കത്തീഡ്രൽ പള്ളി വികാരിയാക്കി ദൈവം മാറ്റും. പത്തു പേരുള്ള പ്രാർഥന ശുശ്രൂഷയെ നന്നായി നോക്കുന്നവരെ ആയിരം പേരുടെ ഗ്രൂപ്പിനെ നയിക്കാൻ തക്കവിധത്തിൽ ദൈവം വഴിയൊരുക്കി തരും. ഈ ലോകം, മറ്റു മതസ്ഥർ എന്നിവരൊക്കെ മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരുടെ സുവിശേഷമൊന്നും വായിച്ചിട്ടില്ല. മറിച്ച് അഞ്ചാ മത്തെ സുവിശേഷമായ കെയ്റോസിലെ അനുഭവകഥ കളാണ് അവർ വായിച്ചിട്ടുള്ളത്.





ജോമോൻ ജോണി, പുത്തൻവേലിക്കര

എന്നെ ഏറ്റവും അത്ഭുതപ്പെടുത്തിയ കാര്യമാണ് എന്റെ ജീവിതത്തിലും സ്വഭാവത്തിലും വന്ന മാറ്റങ്ങൾ. ജീസസ് യൂത്ത് മുന്നേറ്റവുമായി ബന്ധപ്പെടുകയും തുടർന്ന് എന്റെ ജീവിതത്തിലുണ്ടായ നിരവധിയായ അനുഭവങ്ങളുമാണ് എന്നെ ഇത്തരത്തിൽ മാറുവാനും ഇതെഴുതുവാനുമിടയാക്കിയത്. ദൈവത്തിന്റെ അനുഗ്രഹങ്ങളും, എല്ലാം നന്മയാക്കി മാറ്റുന്ന പരിപാലനയും ഞാനെന്റെ ജീവിതത്തിലൂടെ കണ്ടു കൊണ്ടിരിക്കുന്നു. എങ്ങനെയാണ് ഒരു മനുഷ്യൻ ജീവിതാനുഭവങ്ങളിലൂടെ രൂപപ്പെട്ടുവരുന്നതെന്ന് സ്വന്തം അനുഭവങ്ങളിലൂടെ ഞാൻ മനസ്സിലാക്കുകയായിരുന്നു.

വർഷങ്ങൾക്ക് മുമ്പ് പെങ്ങളുടെ ഭർത്താവ് മരിക്കുമ്പോൾ ആ സന്ദർഭം അഭിമുഖീകരിച്ചത് ഇന്നും എന്റെ ഓർമയിൽ തെളിഞ്ഞു നിൽക്കുകയാണ്. മരണവിവരം പെങ്ങളറിയുന്നതിനു മുമ്പേ ഞാനറിഞ്ഞതും ഇക്കാര്യം അവളെ എങ്ങനെ അറിയിക്കുമെന്ന ചിന്തയും എനിക്ക് ഹൃദയഭേദകമായിരുന്നു. ഷോക്കേറ്റു മരവിച്ചുപോയ അവസ്ഥയിലായിരുന്നു ഞാനന്നേരം. പിന്നീട് കാര്യങ്ങളെല്ലാം വേണ്ടരീതിയിൽ ചെയ്യാനും സാഹചര്യങ്ങളെല്ലാം ശാന്തമായി അഭിമുഖീകരിക്കാനുമായത് ദൈവത്തിന്റെ ഒരു ഇടപെടലായിരുന്നു.

ഈയൊരനുഭവത്തിനു ശേഷം മൂന്നുനാല് വർഷങ്ങൾ കഴിഞ്ഞപ്പോൾ എനിക്ക് ശാരീരികമായി ചില അസ്വസ്ഥതകൾ തുടങ്ങുന്നത് ഞാൻ കണ്ടു. 75 കിലോയോളം ശരീരഭാരം ഉണ്ടായിരുന്ന ഞാൻ 40 കിലോവരെ കുറയുകയും സംസാരമൊക്കെ കുറഞ്ഞ് തീരെ വയ്യാതായ ഒരു സാഹചര്യത്തിലുമെത്തി. അങ്ങനെ എറണാകുളത്തെ പല ആശുപത്രികളിലും മാറിമാറി പരിശോധിച്ചെങ്കിലും കൃത്യമായ രോഗവിവരം മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഈ വിവരങ്ങളൊക്കെ അറിഞ്ഞ്, പള്ളിയിൽനിന്നും അച്ചനും ജീസസ് യൂത്തിലെ സുഹൃത്തുക്കളുമെത്തി, എനിക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്തു. അതിനു ശേഷം ഇവർ തന്നെയാണ് എന്നെ എറണാകുളത്തുള്ള ലിസി ആശുപത്രിയിൽ അഡ്മിറ്റാക്കിയത്. ആ സമയത്ത് എന്റെ ഓർമ നഷ്ടപ്പെടുകയും സാധാരണമല്ലാത്ത രീതിയിൽ പെരുമാറുകയും ചെയ്യുകയുണ്ടായി, സോഡിയത്തിന്റെ അളവ് ശരീരത്തിൽ കുറഞ്ഞതാണ് ഈ അസ്വസ്ഥതയ്ക്ക് കാരണമെന്ന് അറിഞ്ഞു. രോഗവിവരം എന്താണെന്ന് മനസ്സിലാക്കിയപ്പോൾ ആശ്വാസം തോന്നിയെങ്കിലും ഈ ചെറിയ പ്രായത്തിൽ ഇത്തരം ബുദ്ധിമുട്ടുകൾ വന്നല്ലോയെന്നോർത്ത് അൽപം നിരാശയും തോന്നി. മരുന്നുകൾ ഉണ്ടെങ്കിലും ഒരു പരിധിവരെ

# ...ാനന്റ് വിശേഷങ്ങൾ



സുവിശേഷ ഭാഗ്യങ്ങൾ പോലെ, ഈ ഭൂമിയിലെ ജീവിതത്തിൽ കാണാനാവുന്ന ദൈവാനുഗ്രഹങ്ങൾ. രോഗമോ മരണമോ ആപത്തോ എന്തുവന്നാലും പ്രത്യാശയോടെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്ന സുവിശേഷം പോലെ ചില വിശേഷങ്ങൾ.

Photo by Sincerely Media on Unsplash

മാത്രമേ ഈയൊരു ബുദ്ധിമുട്ട് തടയാൻ സാധിക്കുകയുള്ളൂ എന്നറിഞ്ഞപ്പോൾ സത്യത്തിൽ തളർന്ന ഒരവസ്ഥയായിരുന്നു. രണ്ടുവർഷത്തോളമെങ്കിലും ഗൗരവമായി ശ്രദ്ധിക്കണമെന്നും സ്ട്രെസ്സ് കുറയ്ക്കണമെന്നും പറഞ്ഞിരുന്നു. അങ്ങനെ ജോലിയൊന്നുമില്ലാതെ ഏറെ നാളുകൾ ഇരുന്നപ്പോഴും സാമ്പത്തിക കാര്യങ്ങൾ കൈവിട്ടു പോയപോലെയായി. മാതാപിതാക്കളുടെ ബുദ്ധിമുട്ടും ബന്ധുമിത്രാദികളുടെയും ചില സുഹൃത്തുക്കളുടെയും കമന്റുകളും എന്റെ മനസ്സിനെ വല്ലാതെ അസ്വസ്ഥമാക്കി. ആരുടെയും കുറ്റമല്ലായെങ്കിലും അപ്രതീക്ഷിത ജീവിത സാഹചര്യങ്ങളിൽ നിന്നുമുണ്ടായ ബുദ്ധിമുട്ടുകളാണ് എന്റെ പ്രയാസങ്ങൾക്ക് കാരണം എന്നത് എന്നെ ഭാരപ്പെടുത്തി.

**ഒരൊറ്റ കാര്യത്തിൽ മാത്രമേ എനിക്കുറപ്പുള്ളൂ. എന്നെക്കുറിച്ച് ഒരു പ്ലാൻ ദൈവം തമ്പുരാനുണ്ട്. അത് എന്തുതന്നെയായാലും എനിക്കത് നന്മയായി തീരും. ദൈവത്തിൽ നിന്നല്ലാതെ ഇതുപോലൊരു ഉറപ്പും പ്രത്യാശയും മറ്റെവിടെ കിട്ടും!**

"കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട് നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് - നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി" (ജറെ 29,11). വ്യക്തമായ ഒരുപ്ലാൻ എന്നെക്കുറിച്ച് ദൈവത്തിനുണ്ടെന്ന് വചനത്തിലൂടെയുള്ള അറിവാണ് എനിക്ക് തുണയായതും ബലമായതും. ജീവിതസാഹചര്യങ്ങളെ ഫെയ്സ് ചെയ്യാൻ അതാണ് എന്നെ പഠിപ്പിച്ചത്.

ഞാനിതു പറയുന്ന സമയത്തും പല ശാരീരിക ബുദ്ധിമുട്ടുകളും നേരിട്ടുകൊണ്ടു തന്നെയാണ് ഞാൻ മുന്നോട്ടു പോകുന്നത്. മരുന്നുകൾ എടുക്കുന്നുണ്ടെങ്കിലും അസ്വസ്ഥതകൾ പൂർണമായി മാറുമെന്നോ പഴയ അവസ്ഥയിലേക്ക് തിരികെയെത്തുമെന്നോ എനിക്കറിയില്ല. ഒരൊറ്റ കാര്യത്തിൽ മാത്രമേ എനിക്കുറപ്പുള്ളൂ. എന്നെക്കുറിച്ച് ഒരു പ്ലാൻ ദൈവം തമ്പുരാനുണ്ട്, അത് എന്തുതന്നെയായാലും എനിക്കത് നന്മയായി തീരും. ദൈവത്തിൽ നിന്നല്ലാതെ ഇതുപോലൊരു ഉറപ്പും പ്രത്യാശയും മറ്റെവിടെ കിട്ടും. അനുഗ്രഹപ്രദമായ ഈയൊരു ചിന്തയാണ് എന്നെ മുന്നോട്ടു നയിക്കുന്നത്. മിക്കപ്പോഴും ഉണ്ടാകുന്ന കലശലായ തലവേദനയും ശാരീരിക ബുദ്ധിമുട്ടുകളും ഇപ്പോഴെനിക്ക് സാധാരണ കാര്യങ്ങൾ പോലെയാണ് അനുഭവപ്പെടാറുള്ളത്. ഏറെ നാളുകളായപ്പോൾ തലവേദനകളൊക്കെ ഒരു ശീലമായി. ഇപ്പോൾ ജോലിത്തിരക്കുകൾക്കിടയിൽ തലവേദനയോ രോഗവിവരങ്ങളോ ശ്രദ്ധിക്കാൻ നേരമില്ലാതായി. അതിനെയൊക്കെ അതിന്റെ വഴിക്കുവിട്ട് ഞാൻ സ്വസ്ഥമായും സ്വതന്ത്രമായും മുന്നോട്ടുപോകുകയാണ്.

വിശ്രമം വേണമെന്നതും ആവശ്യത്തിന് ഉറങ്ങണമെന്നതുമൊക്കെയാണ് എനിക്കുവേണ്ട മരുന്നുകളെന്ന് നന്നായി അറിയാം. എന്നെ സംബന്ധിച്ച് ജോലികഴിഞ്ഞ് ഓഫീസിൽ നിന്നെത്തിയാലും പച്ചക്കറിയുടെ ബിസിനസ് ഉള്ളതിനാൽ അപ്പന്റെ കൂടെ ബാക്കി സമയം അവിടെയായിരിക്കും. മാർക്കറ്റിൽ പോയി സാധനങ്ങളൊക്കെ എടുത്തു കൊണ്ടു വരുകയും രാത്രി കടയടച്ച് തിരിച്ചെത്തുകയും ചെയ്യുമ്പോൾതന്നെ രാത്രി പന്ത്രണ്ട് മണി ഒരുമണിയൊക്കെയാവും. ഉറങ്ങാൻ കിടക്കുമ്പോൾ പിന്നേയും. പിറ്റേന്ന് ജോലിക്ക് പോകേണ്ടതിനാൽ രാവിലെ തന്നെ ഉണരണം. ഒന്നര മണിക്കൂർ യാത്ര ചെയ്താണ് എറണാകുളത്ത് കാക്കനാടുള്ള ഞങ്ങളുടെ ഓഫീസിലെത്തുന്നത്. വൈകിട്ട് തിരിച്ചു വീട്ടിലെത്തിയാൽ വീണ്ടും കട, മാർക്കറ്റ്, പാതിരാത്രി.. അങ്ങനെ പോകുന്നു. സത്യത്തിൽ നാലോ അഞ്ചോ മണിക്കൂറുകളേ ഉറങ്ങാൻ കിട്ടാറുള്ളൂ. ഈയൊരു ഓട്ടപ്പാച്ചിലിനിടയിലും വിശ്രമവും ഉറക്കവുമൊക്കെ ഒരു അഡ്ജസ്റ്റ്മെന്റിൽ കർത്താവ് തന്നെ നടത്തുന്നു എന്നതാണ് അത്ഭുതം. ഇപ്പോളെനിക്ക് ലഭിച്ചിരിക്കുന്ന സൗകര്യങ്ങളും ജീവിതരീതികളുമെല്ലാം എന്നെ സംബന്ധിച്ച് ഏറ്റവും നല്ലതു തന്നെയാണ്. കുറേയേറെ നേരം ഉറങ്ങണമെന്നതും ഇതിലും നല്ല സൗകര്യങ്ങളും ഇനി സ്വപ്നങ്ങളിൽ മാത്രം എന്നാണെനിക്ക് തമാശയ്ക്ക് തോന്നിയിട്ടുള്ളത്.

കുറേ നാളുകൾക്ക് മുമ്പ് പതിവായി കുർബാനയ്ക്ക് പോകാറുണ്ടായിരുന്നു. പിന്നീട് കോവിഡ് കാലമായതിനു ശേഷം അത് മുടങ്ങുകയും ചെയ്തു. എന്നാലിപ്പോൾ കിട്ടിയിരിക്കുന്ന വലിയൊരു ഭാഗ്യമെന്നു പറയുന്നത്, മുടങ്ങാതെ കുർബാനയിൽ പങ്കുകൊള്ളാൻ കഴിയുന്നു എന്നതാണ്. ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ഇന്റർനാഷണൽ ഓഫീസിനോടൊപ്പമുള്ള ചാപ്പലിൽ നിത്യവും കുർബാനയുള്ളതിനാൽ എനിക്കതു മുടങ്ങാതെ ലഭിക്കുന്നുണ്ട്. അനുദിനമുള്ള എല്ലാ കാര്യങ്ങളെയും ഡീൽ ചെയ്ത് സെറ്റാക്കാനുള്ള ഒരു മൈൻഡ്, ശരിക്കു പറഞ്ഞാൽ ദൈവകൃപ, അതെനിക്കു ലഭിക്കുന്നത് ഈ കുർബാനയിലൂടെയാണ്. ഈ ചാപ്പലിനോട് ചേർന്നാണ് ഞാൻ ജോലിചെയ്യുന്ന കെയ്റോസിന്റെ ഓഫിസും.

എന്തായാലും അസ്വസ്ഥതകളും രോഗങ്ങളുമൊക്കെ ജീവിതത്തിന്റെ ഭാഗമാണെന്നും അതിനെയോർത്ത് ടെൻഷനടിക്കാനോ വിലപിക്കാനോ വിചാരിച്ചാൽ അതിനേ നേരമുണ്ടാകുകയുള്ളൂ. നാളയെക്കുറിച്ച് ആകുലപ്പെടാതെ 'ഇന്ന്' ജീവിക്കാനും 'ഇന്നത്തെ' കാര്യങ്ങളോർക്കാനും കഴിയുന്നത് എന്തൊരു ഭാഗ്യമാണ്. ഉള്ളിലെ പ്രാർഥനയും അതുതന്നെയാണ്.

KAIROS

# Buds

The Catholic Magazine for Children

## *Kairos Buds Diary 2022 not just a diary!*

- *Inspiring stories of saints for every month*
- *Amazing activities*
- *Colouring pages*
- *Pages to get creative*
- *Prayers*
- *Daily Bible verses*
- *Wisdom from the saints*

DIARY 2022




A TREASURE FOR THE NEW YEAR!

To purchase or know more, visit
**www.jykairosmedia.org**

Contact: +91 6238279115

Kairos MEDIA



## വർത്തമാനം



ജോബി ബേബി, നഴ്സ്, കുവൈറ്റ്

# സംസാരം സംസ്കാരം

ഒരു സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ നിന്ന് ആർക്കും മാറിനിൽക്കാനാവില്ല. കുടുംബം, കൂട്ടുകാർ, കല, സാഹിത്യം തുടങ്ങി എല്ലാതലങ്ങളിലൂടെയുമാണ് ഇത് രൂപപ്പെടുന്നത്. അപചയത്തിനു കൂട്ടുത്തരവാദിത്വമാണുള്ളത്.

ഈ അടുത്തകാലത്ത് ഒരു മോട്ടിവേഷണൽ പ്രസംഗകൻ അദ്ദേഹത്തിന്റെ അനുഭവത്തിലുണ്ടായ ഒരു കാര്യം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നത് ശ്രദ്ധിക്കാനിടയായി. അദ്ദേഹം ഒരു വേദിയിൽ പരിപാടി അവതരിപ്പിച്ചതിനുശേഷം മുറിയിൽ വിശ്രമിക്കവേ അദ്ദേഹത്തെ കാണാൻ ഒരു കുടുംബം അവിടെയെത്തി. അമ്മയും അച്ഛനും ഏഴുവയസ്സ് മാത്രം പ്രായമുള്ള അവരുടെ കുഞ്ഞും. ആ കുട്ടിയുടെ അപാരമായ കഴിവുകളെ പരിചയപ്പെടുത്താനാണ് അവർ വന്നത്. ആ കുട്ടി നന്നായി ചിത്രം വരയ്ക്കും, ഏതെങ്കിലും ഒരു വർഷത്തെ തീയതി പറഞ്ഞാൽ ആ ദിവസം ഏതാണെന്ന് ആ കുട്ടി പറയും, ഇങ്ങനെ ഒരുപാട് കഴിവുകൾ ആ കുട്ടി അദ്ദേഹത്തിനു മുൻപിൽ കാണിച്ചു.

പിന്നീടാണ് അവന്റെ മിമിക്രിയിലുള്ള കഴിവ് പ്രദർശിപ്പിച്ചത്. സത്യത്തിൽ അതു കഴിഞ്ഞതോടെ അദ്ദേഹം നിരാശനായി. സിനിമയിലെ നടന്മാരേയും അവരുടെ ഡയലോഗുകളുമാണ് കൂടുതലും ആ കുഞ്ഞുകുട്ടി അവതരിപ്പിച്ചത്. പക്ഷേ, ഉപയോഗിച്ച വാക്കുകളിൽ പലതിലും മോശം ഭാഷ ആയിരുന്നു. അത് കേട്ടിട്ടും ആ അച്ഛനും അമ്മയും അവനെ കൈ അടിച്ചു പ്രോത്സാഹിപ്പിക്കുന്നുണ്ടായിരുന്നു. ഇവിടെ ഒരിക്കലും അദ്ദേഹം ആ കുട്ടിയെ കുറ്റം പറഞ്ഞില്ല. കാരണം കുഞ്ഞായിരുന്ന സമയത്ത് ഒരു കുഞ്ഞിന് ശരിയേതെന്നോ തെറ്റേതെന്നോ അറിയാൻ സാധിക്കില്ല. വിശക്കുന്ന സമയത്തു കരയാനും ഉറക്കം വരുന്ന സമയത്തു ഉറങ്ങാനും മാത്രമേ കുട്ടിക്ക് സാധിക്കൂ. എന്നാൽ, പിന്നീട് ആ കുട്ടി വളരുന്ന സാഹചര്യത്തിനനുസൃതമായി അവൻ ചുറ്റുപാടുകളിൽ നിന്നും കാണുന്നതും കേൾക്കുന്നതുമനുസരിച്ചാണ് അവന്റെ ഭാഷയും ശരീരഭാഷയും സംസ്കാരവും രൂപപ്പെടുന്നത്. ഇതിന് ഒരുദാഹരണമായി ഒരു പഴയ പഴമൊഴി കാണാം, "ചന്ദനം ചാരിയാൽ ചന്ദനം മണക്കും, ചാണകം ചാരിയാൽ ചാണകം മണക്കും".

ഈ പഴമൊഴി ഒരു പഴയ കഥയിൽ നിന്നും രൂപപ്പെട്ടതാണ്. കഥയിൽ മരണാസന്നനായി കിടക്കുന്ന ഗുരുവിനോട് ശിഷ്യൻ ഇപ്രകാരം ചോദിച്ചു: "അവസാനമായി അങ്ങേക്ക് എന്തെങ്കിലും ഉപദേശം നൽകാനുണ്ടോ?" ഗുരുവിന്റെ മറുപടി ഇപ്രകാരം ആയിരുന്നു: "നീ അടുക്കളയിൽ പോയി ഒരു കരിക്കട്ടയും അലമാരയിൽ നിന്നും ചന്ദനവും ഓരോ കൈയിലും എടുത്തിട്ടുവരിക." അപ്രകാരം



> നീ എവിടെയാണോ ചാരി നിൽക്കുന്നത് അതാണ് നിന്നിലേക്ക് പടരുക. നിന്നിൽ എന്താണോ ഉള്ളത് അതിൽ കൂടിയാണ് നാളെ ലോകം നിന്നെ വിലയിരുത്തുക

ശിഷ്യൻ ഒരു കൈയിൽ കരിക്കട്ടയും മറുകൈയിൽ ചന്ദനവും എടുത്ത് ഗുരുവിന്റെ സമീപമെത്തി. "ഇനി അത് രണ്ടും മുറുകെപ്പിടിക്കുക" ഗുരു കൽപിച്ചു. അവൻ അത് രണ്ടും മുറുകെ പിടിക്കുന്നത് കണ്ട ഗുരു പറഞ്ഞു: "ഇനി രണ്ടും താഴേക്കിടുവിൻ." ശിഷ്യൻ അത് താഴേക്കിട്ടു. ഒരു കൈയിൽ നിറയെ കരിയും മറുകൈയിൽ നിറയെ ചന്ദനത്തിന്റ സുഗന്ധവും നിറഞ്ഞിരുന്നു. ഗുരു മറുപടി നൽകി. "ഇത്രേയുള്ളൂ പറയാൻ, നീ എവിടെയാണോ ചാരി നിൽക്കുന്നത് അതാണ് നിന്നിലേക്ക് പടരുക. നിന്നിൽ എന്താണോ ഉള്ളത് അതിൽ കൂടിയാണ് നാളെ ലോകം നിന്നെ വിലയിരുത്തുക".

സിനിമകളിലെ, സാഹിത്യത്തിലെ വൈകൃതം നിറഞ്ഞ ഭാഷയിലൂടെ, ധാർഷ്ട്യം നിറഞ്ഞ പ്രവൃത്തികളിലൂടെ, അനാവശ്യ ഇടപെടലുകളിലൂടെ മനഃപൂർവമായ അരാജകത്വം സൃഷ്ടിക്കുക ഒരു തന്ത്രമാണ്. തെറിക്കുത്തരം മുറിപ്പത്തൽ എന്നൊരു പഴമൊഴിയുണ്ട്. നേരിട്ട് മുഖത്തു നോക്കി തെറിവിളി നടത്തുന്നവർക്ക് പലപ്പോഴും കൃത്യമായ മുഖമടച്ചുള്ള അടികൾ ലഭിച്ചിട്ടുണ്ട്. എന്തായാലും ആധുനിക തലമുറയുടെ രീതികളും ഇഷ്ടങ്ങളും ഇതൊക്കെയാണ് എന്ന് സ്ഥാപിക്കാനും ഇങ്ങനെയൊക്കെ പറഞ്ഞാലേ വല്ലതുമൊക്കെയാകൂ എന്ന് കരുതാനും അങ്ങനെയൊക്കെ 'സിൽമ'പിടിക്കുന്നവരെ അങ്ങ് പുകഴ്ത്തി അവാർഡ് നൽകി പ്രമുഖരാക്കാനും ആളുകൾ ഉള്ളിടത്തോളം കാലം ഇതൊക്കെ നടക്കും.



ഒരു സിനിമ പുറത്തിറങ്ങിയ ശേഷം അതിനെ വിമർശിക്കുന്നതിൽ ഒരു കാര്യവുമില്ല. കാരണം അത് ഇറങ്ങിക്കഴിഞ്ഞു. ഒ.ടി.ടി. ആയാലും തീയറ്ററിലായാലും ജനങ്ങൾ കണ്ടു കഴിഞ്ഞു. അല്ലെങ്കിൽ അനുഭവിച്ചു കഴിഞ്ഞു. ഇങ്ങനെ വേണം ചില കാര്യങ്ങൾ ജനങ്ങളിലെത്തിക്കാൻ എന്ന ശ്രമം കുറേപ്പേർ കാലങ്ങളായി ബോധപൂർവം നടത്തുന്നു. ആ ശ്രമങ്ങളോട് ചേർന്നു നിൽക്കുന്ന അതിസ്വാതന്ത്ര്യ വക്താക്കളായ അരാജക മനസ്സ് കൊണ്ടുനടക്കുന്ന കുറേപ്പേർ അത് പ്രചരിപ്പിക്കുന്നു. കൊണ്ടുനടക്കട്ടെ, ആസ്വദിക്കട്ടെ, അവരുടെ വീടുകളിൽ അത് പ്രാവർത്തികമാകട്ടെ. ഈ pseudo intelligent people's തെറിയും അരാജകത്വവും ഷോ ഓഫ് മനോഭാവം എന്തും ആകട്ടെ, തന്റെ സംസ്കാരത്തിന് ചേരാത്ത അനാവശ്യമായ ഒന്നും വേണ്ട. അതൊന്നും മനസ്സിലേക്ക് എടുക്കില്ലായെന്നും ഉറപ്പുള്ളവർ ഈ നാട്ടിൽ ജീവിക്കുകയും വളർന്നുവരുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

നാം ഒരു മനുഷ്യനെ വിലയിരുത്തുന്നത് അയാൾ ഉപയോഗിക്കുന്ന ഭാഷയിലൂടെയും അയാളുടെ പെരുമാറ്റത്തിലൂടെയുമാണ്. അതു മാത്രമേ നമുക്ക് സാധിക്കൂ. അതായത് നമ്മുടെ കുട്ടികൾ വളർന്നു വരുമ്പോൾ അവർ പറയുന്ന ഭാഷയുടെ സംസ്കാരം മാതാപിതാക്കൾ നന്നായി ശ്രദ്ധിക്കണം. ചീത്തവാക്കുകളും തെറിവാക്കുകളും ധാരാളം കേട്ട് വളരാനുള്ള സാധ്യതകളാണ് അവരുടെ ചുറ്റും ഉള്ളത്. മാതാപിതാക്കളുടെ മാത്രം കുറ്റമല്ല. വീട്ടിൽ മാതാപിതാക്കളും സഹോദരങ്ങളും സംസാരിക്കുന്ന ഭാഷ, കുട്ടികളുടെ കൂട്ടുകാർ ഉപയോഗിക്കുന്ന ഭാഷ, അവർ കാണുന്ന സിനിമകളിലെയും രാഷ്ട്രീയ ചർച്ചകളിലെയുമൊക്കെ ഭാഷ അവരെ വല്ലതെ സ്വാധീനിക്കും. അതിലെ ശരിയും തെറ്റും മനസ്സിലാക്കി കൊടുത്തു മാതാപിതാക്കൾ സെൻസർ ചെയ്തില്ലെങ്കിൽ ഭാവിയിൽ ഉണ്ടാകാൻ പോകുന്ന ദുരന്തങ്ങൾക്ക് നമ്മൾ സാക്ഷികളാകേണ്ടിവരും. അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും നമുക്ക് ഒഴിഞ്ഞുമാറാനും സാധിക്കില്ല. കാരണം വേരുകളും പൂക്കളും ഒരേ പ്രതിഭാസത്തിന്റെ രണ്ടറ്റങ്ങളാണ്. പൂക്കളുടെ നിറവും മണവുമെല്ലാം വേരിൽ നിന്നാണ് വരുന്നത്. ആയതിനാൽ നമ്മുടെ കുട്ടികളൾ നല്ല സംസ്കാരമുള്ളവരാകണമെങ്കിൽ മാതാപിതാക്കളാകുന്ന വേരുകൾ അത്രമേൽ ശ്രദ്ധിക്കേണ്ടതാണ്.

---

*(ലേഖനത്തിനാധാരം: ഈ അടുത്തകാലത്തിറങ്ങിയ ഒരു മലയാള സിനിമയാണ്. ഒരു കുറ്റവാളിയെ പിടികൂടാൻ കൊടുംകാട്ടിൽ നടക്കുന്ന അന്വേഷണമാണ് കഥയ്ക്കാധാരം. കഥയിലെ സംഭാഷണങ്ങളെല്ലാം ഇതുവരെ സാധാരണക്കാർ കേൾക്കാത്ത തെറിയുടെ പൊടിപൂരമാണ്. കാട് സ്വന്തം മനസ്സാണെന്നും മനസ്സിലേക്ക് കയറി നോക്കിയാൽ മാന്യതയ്ക്കപ്പുറത്തുള്ള ഉള്ളുകള്ളികൾ വെളിച്ചത്തു വരുമെന്നുമൊക്കെ ബുദ്ധിപരമായി സിനിമയെ വിലയിരുത്തുന്നവരെയും കാണാൻ സാധിക്കും. അമ്മയെ തല്ലിയാലും രണ്ട് പക്ഷമുണ്ടല്ലോ എന്ന് മാത്രമേ അതിനു മറുപടിയുള്ളൂ).*







ജിന്റോ ജോൺ



വീട്ടിലും നാട്ടിലുമെന്നല്ല, പ്രശ്നപരിഹാരമെന്നത് ഏതുമേഖലയിലും ഉണ്ടാകേണ്ടതോ രൂപപ്പെടുത്തേണ്ടതോ ആയ ഒന്നാണ്. പ്രശ്നപരിഹാരമെന്നതിന്റെ ആഴങ്ങളിലേക്കും വിശാലമായ കാഴ്ചപ്പാടുകളിലേക്കും ശ്രദ്ധതിരിക്കുന്ന നിരീക്ഷണം.

ലോകം കൂടുതൽ മനോഹരമാക്കാൻ നമുക്ക് കൂടുതൽ പ്രശ്നപരിഹാരകരെ വേണമെന്നു തോന്നുന്നു. രാഷ്ട്രീയത്തിൽ, മതങ്ങൾക്കുള്ളിൽ, ജോലിസ്ഥലങ്ങളിൽ, അയൽക്കാർക്കിടയിൽ, കുടുംബത്തിനുള്ളിൽ. കുട്ടികളെ ജീവിക്കാൻ പഠിപ്പിക്കണമെന്നു വിചാരിക്കുന്നവർ അവർക്കു കുറച്ചു പ്രശ്നപരിഹാര പാഠങ്ങളും പറഞ്ഞുകൊടുക്കേണ്ടതല്ലേ? മാനേജ്മെന്റ് പഠനങ്ങളിൽ പ്രോബ്ലം സോൾവിങ് വളരെ പ്രധാനപ്പെട്ടതാണ്. പ്രശ്നം എന്താണെന്നറിയുക, വിശകലനം ചെയ്തു മനസ്സിലാക്കുക, ബദലുകൾ കണ്ടെത്തുക, നടപ്പാക്കുക, മാറ്റങ്ങൾ അളക്കുക എന്നിങ്ങനെ പടിപടിയായുള്ള പ്രക്രിയയാണത്. ബിസിനസിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആരെങ്കിലുമുണ്ടാകുമെന്ന് സമാധാനിക്കാം. അതിനായി ശമ്പളക്കാരനെ വയ്ക്കാം. നിത്യജീവിതത്തിന്റെ പരിസരങ്ങളിൽ പ്രോബ്ലം സോൾവേഴ്സ് ആകാൻ നമുക്കു കഴിയുമോ എന്നതാണു ചോദ്യം. പ്രശ്നപരിഹാരം ഒരു കഴിവായി വികസിപ്പിച്ചെടുക്കാമായിരിക്കും. പക്ഷേ, അതിലുപരി അതൊരു നിലപാടാണെന്നു തോന്നുന്നു. അങ്ങനെയെങ്കിൽ വ്യത്യസ്തതകൾ നിറഞ്ഞ ഈ ലോകത്തെ ഒരുമിച്ചുള്ള ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു താക്കോലായിരിക്കും ഈ നിലപാട്.

അപ്പോഴും നാട്ടിലെ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടാത്തതിനു കാരണമെന്തായിരിക്കും? പ്രശ്നം പരിഹരിക്കാൻ ഒരാളില്ല എന്നതാകാം. പ്രശ്നപരിഹാരകന്റെ തന്നെ

# പ്രശ്നപരിഹാരകരെ ആവശ്യമുണ്ട്



Photo by Sandi Mager on Unsplash

ചില അജണ്ടകളാകാം. ആയുധമെടുക്കാതെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല എന്ന ഉറച്ച വിശ്വാസമാകാം. പ്രശ്നങ്ങൾ നിലനിൽക്കണമെന്ന ആരുടെയെങ്കിലും നിർബന്ധമാകാം. കാരണമെന്തായാലും അതിന്റെ ഫലം ഭൂമിയിലെ ജീവിതം കൂടുതൽ ദുഷ്കരമായിത്തീരുമെന്നതാണ്. പുതിയ സഹനങ്ങൾ, പുതിയ കലഹങ്ങൾ, പുതിയ ചേരിതിരിവുകൾ.

പ്രോബ്ലം സോൾവിങ്ങുമായി ഏറ്റവും അടുത്തു നിൽക്കുന്നൊരു വാക്ക് ബൈബിളിൽ കാണുന്നത് സമാധാനം സ്ഥാപിക്കൽ എന്നതാണെന്നു തോന്നുന്നു. “സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ദൈവപുത്രൻമാരെന്നു വിളിക്കപ്പെടും” (മത്താ 5,9). സത്യത്തിൽ പ്രശ്നപരിഹാരം എന്നതിനേക്കാൾ ആഴമുണ്ട് സമാധാനം സ്ഥാപിക്കൽ എന്ന പ്രയോഗത്തിന്. കാരണം, ഇതിൽ മനുഷ്യർക്കും അവരുടെ ജീവിതത്തിനുമാണു കൂടുതൽ പ്രാധാന്യം. ഇനി സമാധാന സ്ഥാപകനെ ഈ വചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നതോ, ദൈവപുത്രൻമാരെന്നും. പ്രോബ്ലം സോൾവിങ്ങിലെ പ്രശ്നം മനസ്സിലാക്കുക, അനലൈസ് ചെയ്യുക, ബദലുകൾ കണ്ടെത്തുക എന്നീ സാങ്കേതിക പ്രയോഗങ്ങളെ ഇവിടെ ചില ആഴമുള്ള പദങ്ങൾകൊണ്ട് വിവർത്തനം ചെയ്യേണ്ടിവരും. ജീവിതത്തെ കൂടുതൽ ശ്രദ്ധയോടെ വീക്ഷിക്കുക, എല്ലാവരെയും തുറവിയോടെ കേൾക്കുക, നീതിയോടും സത്യത്തോടും ചേർന്നു നിൽക്കുക, സഹജീവികളെ വിശ്വാസത്തിലെടുക്കുക, പരിഹാരമില്ലെന്നു തോന്നുമ്പോഴും വിശ്വാസവും പ്രത്യാശയും

കുഞ്ഞാടുകളായി പിടിച്ചുനിൽക്കാൻ കഴിയാതെവരുമ്പോൾ ചെന്നായ്ക്കളുടെ വേഷമിടുന്നതാണു പ്രായോഗികതയെന്ന് കുട്ടികൾക്ക് തോന്നാൻ സാധ്യതയുണ്ട്.



കൈവിടാതിരിക്കുക, എല്ലാറ്റിനുമുപരിയായി മനുഷ്യരെയും അവരുടെ ജീവിതങ്ങളെയും പരമ പ്രധാനമായി കരുതുക.

മാനേജ്മെന്റിലെ പ്രോബ്ലം സോൾവിങ് നമുക്ക് കൈയടിയും ശമ്പളവർധനയും നേടിത്തരും. ബൈബിളിലെ സമാധാനം സ്ഥാപിക്കൽ നമ്മുടെ ചുറ്റുമുള്ള ജീവിതങ്ങളെ കൂടുതൽ മനോഹരമാക്കും. പക്ഷേ, രണ്ടാമത്തേതിന്റെ 'പ്രശ്നം' അതിനു ക്രിസ്തുവുമായി അടുത്ത ബന്ധം വരുമെന്നതാണ്. ക്രിസ്തുവുമായുള്ള ബന്ധത്തിൽ കുരിശും കാൽവരിയും ചാട്ടവാറടിയും ഒഴിവായ ചരിത്രവുമില്ല. അവിടെ പ്രോബ്ലം സോൾവറുടെ റോളിലുള്ളയാൾക്ക് സ്വന്തം ഈഗോയെ പടികടത്തേണ്ടിവരും. അജണ്ടകളെ ഇല്ലായ്മ ചെയ്യേണ്ടിവരും. സെബദീപ്രുതൻമാരുടെ അമ്മ തീകൊളുത്തിയ ഒരു പ്രശ്നത്തെക്കുറിച്ച് മത്തായിയുടെ സുവിശേഷം ഇരുപതാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്. അവിടെ ക്രിസ്തു ഒരു പരിഹാരം മാത്രമല്ല, പ്രശ്നപരിഹാരത്തിനുള്ള ഒരു സ്ട്രാറ്റജി തന്നെയാണ് പറഞ്ഞുവയ്ക്കുന്നത്. അവിടെ അവൻ പിതാവിന്റെ തീരുമാനത്തെക്കുറിച്ച് പറയുന്നു. പിതാവ് തീരുമാനിക്കേണ്ടതിൽ അവൻ കൈകടത്തുന്നില്ല. ശിഷ്യരുടെ ഇടയിലുണ്ടായ പ്രശ്നത്തെ അവൻ കാണുന്നു. അവരെ അടുത്തുവിളിച്ചു പറയുന്നു, സീറ്റിനുവേണ്ടിയുള്ള തർക്കം നമുക്കു ചേർന്നതല്ലെന്ന്. പിന്നെയാണ് പ്രശ്നപരിഹാരത്തിനുള്ള, സാർവത്രികമായതും എന്നാൽ, അധികം വിറ്റുപോകാത്തതുമായ ആ സ്ട്രാറ്റജി അവൻ വിശദീകരിക്കുന്നത്. "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം" (മത്താ 20,27). കാരണം, അവനറിയാം 'വലിയവൻ,' 'ഒന്നാമൻ' എന്നീ ടൈറ്റിലുകൾ എത്ര പ്രശ്നം പിടിച്ചതാണെന്ന്.

അവസാനമായി, കുട്ടികളെ നാം ജീവിക്കാൻ പഠിപ്പിക്കുമ്പോൾ പ്രശ്നപരിഹാരത്തിന്റെ ഏത് സമീപനമാണ് പഠിപ്പിക്കേണ്ടത്. ഘട്ടം ഘട്ടമായി പ്രശ്നത്തെ ബ്രേക്ക് ഡൗൺ ചെയ്ത് ഫിഗർ ഔട്ട് ചെയ്യുന്ന പ്രോബ്ലം സോൾവിങ്ങോ അതോ ചുറ്റുമുള്ളവരുടെ പുഞ്ചിരി നിലനിറുത്താൻ സ്വന്തം ചോര പൊടിക്കുന്ന ക്രിസ്തുവിന്റെ സമാധാന സ്ഥാപനമോ? രണ്ടും വേണ്ടിവരും. കാരണം പ്രശ്നങ്ങൾ കൂടി വരുകയാണല്ലോ! കുഞ്ഞാടുകളായി പിടിച്ചുനിൽക്കാൻ കഴിയാതെവരുമ്പോൾ ചെന്നായ്ക്കളുടെ വേഷമിടുന്നതാണു പ്രായോഗികതയെന്ന് കുട്ടികൾക്ക് തോന്നാൻ സാധ്യതയുണ്ട്. അങ്ങനെയെങ്കിൽ കൂടുതൽ പ്രശ്ന പരിഹാരകർക്കു പകരം കൂടുതൽ പ്രശ്ന സ്രഷ്ടാക്കളെയായിരിക്കും ലോകത്തിനു ലഭിക്കുക. അപ്പോൾ അവർ അടുത്തുനിൽക്കുന്നയാളെ കേൾക്കില്ല. തങ്ങളുടേതല്ലാത്ത സത്യത്തെ ശ്രദ്ധിക്കില്ല, പ്രശ്നത്തിനു പരിഹാരമുണ്ടാകുമെന്ന് വിശ്വസിക്കില്ല. ഒരുപക്ഷേ, പ്രശ്നമാണ് നല്ലതെന്ന ചിന്തവരെ അവർക്കുണ്ടായേക്കാം. അപ്പോൾ യുദ്ധങ്ങളുണ്ടാകും; അയൽക്കാരുടെ അതിരുകളിൽ തർക്കം വളരും; വീടുകളിൽ പീഡനങ്ങൾ നടക്കും; അൾത്താരകളിൽപോലും അടിവീഴും; ആക്രോശങ്ങൾ മുഴങ്ങും.

അസ്സീസിയിലെ ഫ്രാൻസിസിനെ ഇഷ്ടപ്പെടാൻ ഓരോ ദിവസവും കാരണങ്ങൾ കൂടുകയാണ്. കരുണയുടെ മനുഷ്യൻ, ലാളിത്യത്തെ ജീവിതാഘോഷമാക്കിയവൻ, ക്രിസ്തുസ്നേഹത്താൽ ഉൻമത്തൻ, മരങ്ങളുടെയും മൃഗങ്ങളുടെയും മേഘങ്ങളുടെയും കൂട്ടുകാരൻ... അദ്ദേഹത്തിന്റെ പ്രാർഥനയെന്നറിയപ്പെടുന്ന ആ വരികളുടെ ഭംഗി നോക്കൂ. ദൈവമേ, എന്നെ സമാധാനത്തിന്റെ ഉപകരണമാക്കണമേ. വെറുപ്പുള്ളിടത്ത് സ്നേഹം, ദ്രോഹമുള്ളിടത്ത് ക്ഷമ, സന്ദേഹമുള്ളിടത്ത് വിശ്വാസം. അനുദിന ജീവിതത്തിൽ പ്രോബ്ലം സോൾവേഴ്സിനെ പരിശീലിപ്പിക്കാൻ ഇതിലും നല്ല ധ്യാനമേതാണ്!!



# ജെ.വൈ. ന്യൂസ്



### CHOICE

കളമശേരി എമ്മാവൂസിൽ വച്ച് നവംബർ 26-28 തീയതികളിൽ നടന്നു. 20 പേർ പങ്കെടുത്തു.

### ഇന്റർസെഷൻ മിനിസ്ട്രിക്കും കിഡ്സ് മിനിസ്ട്രിക്കും അഭിനന്ദനങ്ങൾ

കുട്ടികൾക്കു വേണ്ടിയുള്ള ക്രിസ്മസ് ഒരുക്കസഹായി ഹൃദ്യവും മനോഹരവുമായിരുന്നു. കൊച്ചുകൊച്ചു നന്മപ്രവൃത്തികൾ ചെയ്യാനും മൂല്യങ്ങളിൽ വളരാനും സഹായിക്കുന്നതായിരുന്നു ഈ ഒരുക്കം. ഓഡിയോയും വീഡിയോയും ഒരുമിച്ചുണ്ടായിരുന്നതിനാൽ വളരെ ആകർഷണീയവുമായിരുന്നു. ആത്മാർഥമായി ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു.

### Communion

**സിസ്റ്റേഴ്സിന് വേണ്ടിയുള്ള പ്രോഗ്രാം**

2022 ജനുവരി 21 -23 തീയതികളിൽ POC, പാലാരിവട്ടം, എറണാകുളത്ത്.

*കൂടുതൽ വിവരങ്ങൾക്ക്:*

**Sr. Aneesha SD : +91 82810 63290**
**Adv. Tintu Joseph : +91 97475 90187**



### കേരള സോണൽ/മിനിസ്ട്രി കോ-ഓർഡിനേറ്റേഴ്സ് ഗാതറിംഗ്

ഡിസംബർ 11-12 തീയതികളിൽ കളമശേരി എമ്മാവൂസിൽ വച്ച് നടന്നു. 41 പേർ പങ്കെടുത്തു.




### കേരള ലീഡേഴ്സ് ട്രെയിനിങ്

ഒക്ടോബർ 8 മുതൽ 17 വരെ തീയതികളിൽ കാലടി ജീവാലയ ഫാമിലി പാർക്ക്, മുവാറ്റുപുഴ NESTT എന്നിവിടങ്ങളിലായി നടന്നു. 37 പേർ പങ്കെടുത്തു.

### Family Mission Training

2021 ഒക്ടോബർ 13-16 തീയതികളിൽ മുവാറ്റുപുഴ NESTTൽ വച്ച് നടന്നു. 10 കുടുംബങ്ങൾ പങ്കെടുത്തു. 13 കുടുംബങ്ങൾ 2023 ഒക്ടോബറിൽ മിഷന് പോകുവാൻ കമ്മിറ്റ്മെന്റ് എടുത്തു.





ജേക്കബ് കോച്ചേരി




Photo by rupixen.com

# വിളഞ്ഞ കളി

അനുവും ഷിനുവും ജീവിതത്തിൽ ഇന്നേവരെയുണ്ടാകാത്ത സന്തോഷത്തിലാണ് ഉറങ്ങാൻ കിടന്നത്. കൈയിൽ വന്നു ചേർന്നിരിക്കുന്നത് വലിയൊരു തുക. പപ്പയുടെ ഒരു മാസത്തെ ശമ്പളം! ഈ തുക കൊണ്ട് വീട്ടിലെ ചെലവ് ഒരു മാസം കൊണ്ടുനടക്കേണ്ടത് തങ്ങളാണ്. സ്കൂളിൽ പോകുമ്പോൾ ബേക്കറിയിലെ ചില്ലുകൂടുകളിലിരുന്ന് പ്രലോഭിപ്പിച്ച സുന്ദരക്കുട്ടന്മാരെ വായിലാക്കണം. ഒരു ദിവസം ബീച്ചിലൊന്ന് പോകണം. പുളിയും മധുരവും ചേർന്ന രസങ്ങൾ ആവോളം കഴിക്കണം. പക്ഷേ, ചെലവഴിക്കുന്ന തുക ബുക്കിൽ കൃത്യമായി എഴുതി വയ്ക്കണമെന്ന് പപ്പ പറഞ്ഞിട്ടുണ്ട്. പിന്നെ കുറച്ച് നല്ല ഡ്രസ്സുകൾ വാങ്ങണം. സ്കൂളിലെ ടൂറിന് പോകുമ്പോൾ കളർ ഡ്രസ്സുകൾ ഇടാൻ അനുവാദമുണ്ട്.

രാവിലെ സ്കൂളിലേയ്ക്ക് പോകുമ്പോൾ മക്കളുടെ പതിവിൽ കവിഞ്ഞ ഉത്സാഹം അമ്മ ശ്രദ്ധിച്ചു. അപ്പച്ചന്റെ 'കൈവിട്ട കളി' അമ്മയ്ക്ക് പിടിച്ചിട്ടില്ല. എല്ലാ മാസവും അവസാന ഒരാഴ്ച ഒതുക്കിപ്പിടിച്ചാണ് കുടുംബച്ചെലവുകൾ നിർവഹിക്കുന്നത്. എന്നാൽ, കുട്ടികളുടെ നിരവധിയായ ആവശ്യങ്ങൾ, ആവലാതികൾ അപ്പച്ചനെ അസ്വസ്ഥമാക്കാറുണ്ട്. ഒരാളുടെ മാത്രം ശമ്പളത്തിൽ കുട്ടികളുടെ എല്ലാ ആവശ്യങ്ങളും നിവർത്തിച്ചു കൊണ്ടുപോവുക ബുദ്ധിമുട്ടാണെന്ന് അവരോട് പലവുരു പറഞ്ഞതാണ്. പക്ഷേ, അവരുടെ പ്രായത്തിലുള്ള മറ്റ് കുട്ടികളേപ്പോലെ നടക്കാനാണ് അവർക്ക് ആഗ്രഹം. അതുകൊണ്ടുതന്നെയാണ് ഈ മാസത്തെ ശമ്പളം മുഴുവനും

**പാഠപുസ്തകത്തിനപ്പുറത്ത് ജീവിതമെന്ന പച്ചയായ പാഠങ്ങൾ കുട്ടികൾ പഠിക്കുവാൻ ഓരോ രക്ഷിതാക്കളും ശ്രദ്ധിക്കണം. മാതാപിതാക്കളുടെ മനസ്സാണ് കുട്ടികളുടെ ജീവിതം.**

അവരെ ഏൽപിച്ച് വീടിന്റെ ചെലവ് നടത്താൻ മക്കളോടു പറഞ്ഞത്.

സ്കൂൾ കഴിഞ്ഞ് വരുമ്പോൾ കുട്ടികൾ രണ്ടും ബേക്കറിയിൽ കയറി. ആവശ്യമുള്ളതൊക്കെ കഴിച്ചു. പിന്നെ പഠിച്ചു കൊണ്ടിരിക്കുമ്പോൾ ക്ഷീണം മാറ്റാനായി ഒരു പാക്കറ്റ് ചോക്ലേറ്റും വാങ്ങിച്ചു. മറ്റൊരു കടയിൽ നിന്നും കോമിക് പുസ്തകങ്ങളും കരസ്ഥമാക്കി. ഫാൻസി ഷോപ്പിൽ നിന്ന് ഷിനുവാണ് കൂടുതൽ വാങ്ങിച്ചത്. വീട്ടിലെത്തി കുറച്ചൊക്കെ അമ്മയെ കാണിച്ചു. വഴക്ക് പറയാൻ തുടങ്ങിയ അമ്മയെ അപ്പച്ചൻ കണ്ണിറുക്കിക്കാണിച്ചു. "മക്കളേ, പലചരക്കു കടയിലെ നാരാണേട്ടന് പൈസ കൊടുത്തോ? അതുപോലെ പച്ചക്കറിക്കടയിലും പറ്റുണ്ട്. പിന്നെ കറണ്ടു ബിൽ അടക്കേണ്ട സമയം കഴിഞ്ഞു." പപ്പ ഓർമിപ്പിച്ചു.

"ഒക്കെ സെറ്റാണ് പപ്പാ.. നാളെത്തന്നെ ഇതൊക്കെ കൊടുക്കും." ഒരാഴ്ച കഴിഞ്ഞപ്പോൾ അമ്മയ്ക്കൊരു അസുഖം. ആശുപത്രിയിൽ രണ്ടു ദിവസം കിടന്നു. കുട്ടികൾ ആ ബില്ല് കൊടുത്തു. രാത്രികാലങ്ങളിൽ കുട്ടികൾ വീട്ടിലെ വരവുചെലവ് കണക്കുകൾ എഴുതിയും മറ്റും ഏറെ സമയമിരിക്കും. രണ്ടാഴ്ച കഴിഞ്ഞപ്പോൾ പപ്പയുടെ സ്കൂട്ടറിൽ പെട്രോൾ അടിക്കാനുള്ള കാശിന് കുറവു വന്നു. മക്കളുടെ അഭ്യർഥന മാനിച്ച് പിന്നെ യാത്ര ബസിന് മാത്രമായി.

പലചരക്ക് കടയിലെ കടം മുഴുവൻ വീട്ടാത്തതിനാൽ നാരാണേട്ടൻ കുട്ടികളോട് മുഷിഞ്ഞ് സംസാരിച്ചത് കുട്ടികൾക്ക് സങ്കടമായി. അന്ന് ഏറെ രാത്രിയായിട്ടും കുട്ടികൾ ഉറങ്ങാതിരുന്നത് ഭർത്താവിന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ "അവർ ജീവിതം പഠിക്കുകയാണ്. കണക്കും സയൻസും പഠിക്കുന്നതുപോലെ എഴുതിപ്പഠിക്കേണ്ടതല്ല ജീവിതം; അത് അനുഭവിച്ച് തന്നെ പഠിക്കണം." ഭർത്താവിന്റെ ഫിലോസഫിയൊന്നും അമ്മയ്ക്ക് മുഴുവനുമങ്ങ് മനസ്സിലായില്ല.

പതിവിൽ കഴിഞ്ഞ് മാസം പകുതിയായപ്പോഴേക്കും അടുക്കളയിലെ പലതും തീർന്നുതുടങ്ങി. അമ്മ ഇക്കാര്യം കുട്ടികളെ അറിയിച്ചു. കുട്ടികൾ പഠനത്തിൽ ശ്രദ്ധ കുറഞ്ഞതും ഉന്മേഷമില്ലാത്തവരായും കാണപ്പെടുന്നത് ഭർത്താവിന്റെ ശ്രദ്ധയിൽപ്പെടുത്തി. ആരോടെന്നില്ലാതെ അമ്മ വീട്ടിലെ ഇല്ലായ്മയെക്കുറിച്ച് ഉച്ചത്തിൽ സംസാരിച്ചു.

അടുത്ത ദിവസം ഓഫീസിൽ പോകാൻ ഡ്രസ്സു മാറുന്നതിനിടെ കുട്ടികൾ രണ്ടുപേരും പപ്പയുടെ മുറിയിലെത്തി. വരവു കണ്ടപ്പോഴേ പന്തിയല്ലെന്ന് മനസ്സിലായി. കുറ്റബോധത്തോടെ പപ്പയുടെ മുഖത്തേയ്ക്ക് നോക്കി പിന്നെ ഒരു കരച്ചിലായിരുന്നു. മക്കളെ ഇരുകൈകൊണ്ടും ആശ്വസിപ്പിക്കുന്നതിനിടയിൽ ആദ്ദേഹത്തിന്റെയും കണ്ണു നിറഞ്ഞു.

"പപ്പ എത്ര ബുദ്ധിമുട്ടിയാണ് ഈ വീട് നടത്തിക്കൊണ്ടു പോവുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലായി. എന്തെല്ലാം ആവശ്യങ്ങൾ പറഞ്ഞാണ് ഞങ്ങൾ പപ്പയെ ബുദ്ധിമുട്ടിച്ചത്. ഞങ്ങൾക്ക് ആരോടും വായ്പ വാങ്ങാൻ അറിയില്ല. ഇനി ഒരാഴ്ച കൂടിയുണ്ട്. പൈസയും ബാക്കിയില്ല"

മുഴുവൻ പറയാതെ തന്നെ അദ്ദേഹത്തിനെല്ലാം മനസ്സിലായി. മക്കളെ പറഞ്ഞാശ്വസിപ്പിച്ച് സ്കൂളിലേയ്ക്കയച്ചു. പാഠപുസ്തകത്തിനപ്പുറത്ത് ജീവിതമെന്ന പച്ചയായ പാഠങ്ങൾ പഠിക്കുവാൻ ഓരോ രക്ഷിതാക്കളും പലവിധ പഠനാനുഭവങ്ങളും പ്രയോഗിക്കാറുണ്ട്. അതിലൂടെ മറക്കാത്ത പാഠങ്ങളും ബോധ്യങ്ങളും കുട്ടികൾക്ക് ലഭിക്കണം. നിലംതൊടാ മണ്ണായി മക്കളെ വളർത്തുന്ന രക്ഷിതാക്കളോട്: "ജീവിതത്തിന്റെ മുൾക്കാടുകൾക്ക് മുകളിലൂടെ ചിറക് മുറിയാതെ പറക്കാൻ നമ്മുടെ മക്കൾ പഠിക്കട്ടെ! നാളത്തെ നന്മയുടെ പൂനുള്ളേണ്ട നമ്മുടെ മക്കൾ അനുഭവസമ്പത്തു കൊണ്ടാണ് സമ്പന്നരാകേണ്ടത്. ആ സമ്പത്താണവരുടെ ജീവിതത്തിന്റെ പാഥേയം."



യുവ / യൂത്ത്ക്ലാസ്സ്



അരുൺ പി. ആന്റണി, ആലുവ

# വേഗത്തിൽ സഞ്ചരിക്കുന്ന ദൈവകൃപ

രക്ഷകന്റെ ജനനം എന്ന സദ്വാർത്ത രണ്ടു കൂട്ടർക്ക് വെളിപ്പെട്ടതായി വിശുദ്ധ ലിഖിതം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഒന്നാമത്തെ കൂട്ടർ ആട്ടിടയന്മാരും. രണ്ടാമത്തെ കൂട്ടർ ജ്ഞാനികളായ രാജാക്കന്മാരും. ആദ്യത്തെ കൂട്ടർ ലൗകിക വിജ്ഞാനത്തിൽ വളരെ പിന്നിൽ നിൽക്കുന്നവരായിരുന്നു. രണ്ടാമത്തെ കൂട്ടർ ശാസ്ത്ര നിരീക്ഷകരായിരുന്നു എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. അതീവ ബുദ്ധിശാലികളായിരുന്നു അവർ. രണ്ടുകൂട്ടർക്കും ദിവ്യ ജനനം വെളിപ്പെട്ടുകിട്ടി. ആട്ടിടയന്മാർക്ക് മാലാഖ നേരിട്ട് ഈ സദ്വാർത്ത വെളിപ്പെടുത്തി കൊടുത്തെങ്കിൽ രണ്ടാമത്തെ കൂട്ടർക്ക് ശാസ്ത്രത്തിലൂടെയാണ് ഈ ദിവ്യരഹസ്യം വെളിപ്പെട്ടുകിട്ടിയത്. ആട്ടിടയന്മാർ ഞൊടിയിടയിൽ ദിവ്യ ശിശുവിനെ മുഖാഭിമുഖം കണ്ടുവെങ്കിൽ ശാസ്ത്രജ്ഞന്മാർക്ക് രണ്ടു വർഷത്തിൽ താഴെ സമയമെടുത്തുവെന്ന് ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇവിടെയാണ് ഈശോ പറഞ്ഞ വചനം പ്രസക്തമാകുന്നത്. “അങ്ങ് ഇവ ജ്ഞാനികളിൽനിന്നും ബുദ്ധിമാൻമാരിൽനിന്നും മറച്ചുവയ്ക്കുകയും ശിശുക്കൾക്കു വെളിപ്പെടുത്തുകയും ചെയ്തു. അതേ പിതാവേ, അതായിരുന്നു അവിടത്തെ അഭീഷ്ടം (ലൂക്കാ 10,21).

വിശ്വാസ സത്യങ്ങളെ ശാസ്ത്രം തിരിച്ചറിയുന്നതിനു സമയമെടുക്കും. പരിശുദ്ധ കുർബാനയിൽ തിരുവോസ്തി ശരീരവും വീഞ്ഞ് രക്തവുമായി മാറുന്നുണ്ടെന്ന് ശാസ്ത്രീയ നിരീക്ഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. “മറഞ്ഞിരിക്കുന്നതൊന്നും വെളിച്ചത്തുവരാതിരിക്കുകയില്ല; നിഗൂഢമായിരിക്കുന്നതൊന്നും അറിയപ്പെടാതിരിക്കുകയുമില്ല” (ലൂക്കാ 12,2). എല്ലാ രഹസ്യങ്ങളും ശാസ്ത്രീയമായി തെളിഞ്ഞാൽ മാത്രമേ വിശ്വസിക്കുകയുള്ളൂവെന്ന് ശാഠ്യം പിടിച്ചാൽ മനുഷ്യായുസ്സ് തികയാതെവന്നേക്കും. നൂറ്റാണ്ടുകളോ സഹസ്രാബ്ദങ്ങളോ കടന്നുപോയേക്കും. ചിലത് കണ്ടെത്താൻ സാധിച്ചില്ലെന്നും വരും. ഇവിടെയാണ് ദൈവിക പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്ന, രഹസ്യങ്ങളുടെ ചുരുളഴിക്കുന്ന ശിശുസഹജമായ വിശ്വാസത്തിന്റെ പ്രസക്തി. ശിശുവിന് തന്റെ മാതാവ് നൽകുന്ന ഭക്ഷണപാനീയങ്ങളിൽ എന്തെല്ലാം പോഷകങ്ങൾ അടങ്ങിയിട്ടുണ്ട് എന്നറിയില്ല. എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്നറിഞ്ഞിട്ടേ അത് സ്വീകരിക്കുകയുള്ളൂ എന്നൊരു കുഞ്ഞ് വാശി പിടിച്ചാൽ എങ്ങനെയിരിക്കും? മനുഷ്യജീവിതത്തിന്റെ നിലനിൽപിന് ആവശ്യമുള്ള നിരവധിയായ നന്മകൾ നാം സ്വീകരിക്കുന്നത് മറ്റുള്ളവരിൽ അർപ്പിച്ചിട്ടുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. അല്ലാതെ അതുമുഴുവൻ അന്വേഷിച്ചു കണ്ടുപിടിച്ചിട്ടല്ല. ഇതുപോലെതന്നെ വിശ്വാസത്തിലൂടെ ഉൾക്കൊള്ളേണ്ട സ്വർഗീയ ജ്ഞാനവും രഹസ്യങ്ങളുമുണ്ട്. ഇത് നമ്മുടെ പടിപടിയായ ആത്മീയ വളർച്ചയ്ക്കും രക്ഷയ്ക്കും അനിവാര്യമാണ്. അതുകൊണ്ടായിരിക്കാം ഈശോ ശിശുക്കളെ നോക്കി പറഞ്ഞത് സ്വർഗരാജ്യം ഇവരെ പോലുള്ളവരുടെതാണെന്ന്.

ഞങ്ങളുടെ നാട്ടിൽ എനിക്ക് പരിചയമുള്ള ഒരു ചേട്ടനുണ്ടായിരുന്നു. യുക്തിവാദപരമായ ചിന്തകളായിരുന്നു ആ ചേട്ടന്റേത്. സഭയുടെ പഠനങ്ങൾക്കും ദർശനങ്ങൾക്കുമൊക്കെ യോജിക്കാത്ത രീതിയിലുള്ള ചിന്താഗതികൾ പുലർത്തുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഒരിക്കലദ്ദേഹത്തിന് ഒരു അപകടത്തെ തുടർന്ന് അദ്ദേഹത്തിന്റെ ചിന്താഗതികൾ അപ്പാടെ മാറി പോവുകയുണ്ടായി. കുർബാനയിലെ അപ്പവും വീഞ്ഞുമൊക്കെ രൂപാന്തരപ്പെടുന്നതിനെക്കുറിച്ചും അതുപോലുള്ള മറ്റു പലതിനെക്കുറിച്ചും സംശയത്തോടെ വീക്ഷിച്ചിരുന്ന അദ്ദേഹത്തിന് ഈ കാലയളവിൽ ഹൃദയസ്പർശിയായ ദൈവാനുഭവം ഉണ്ടാവുകയും യഥാർഥ വിശ്വാസത്തിലേക്ക് കടന്നു വരുകയും ചെയ്തു. അദ്ദേഹം തന്നെ നേരിട്ട് പറഞ്ഞ് കേട്ടിട്ടുള്ള കാര്യമാണിത്. യുക്തികൊണ്ടു മനസ്സിലാക്കാൻ പറ്റാത്ത ദൈവിക കാര്യങ്ങൾ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കാണുമ്പോൾ അതത്ഭുതമായും വലിയൊരു ദൈവാനുഭവമായും മാറുമെന്ന് അദ്ദേഹം പറഞ്ഞു. ഇതുപോലെ എത്രയോ ആളുകൾ നമുക്കുചുറ്റും ഉണ്ടാകും. യുക്തിക്കതീതമായ വിശ്വാസത്തിന്റെ യാത്ര അനുഭവിച്ചു

**ഒരു നാണയത്തിന്റെ ഇരുപുറം പോലെ വിശ്വാസവും യുക്തിയും നിൽക്കുമ്പോൾ, വിശ്വാസത്തിനു യുക്തിയേക്കാൾ വേഗമേറുന്നത് സ്വാഭാവികം. ശിശുസഹജമായ പ്രത്യാശയാണ് വിശ്വാസത്തിനാധാരം. ഒരു ചെറു വിശകലനം മാത്രമാണിത്.**

തന്നെ അറിയണം. മാനുഷിക ചിന്തകൾക്കും കാലങ്ങൾക്കും ദേശങ്ങൾക്കും മീതെ പറന്നുയരുന്നതാണ് വിശ്വാസത്തിന്റെ ചിറകുകൾ. കാണപ്പെടാത്തവ കാണാനും പ്രത്യാശിക്കുന്നവ ലഭിക്കാനും ഈ വിശ്വാസമാണ് നമ്മെ പ്രാപ്തരാക്കുന്നത്.

വിശ്വാസം വഴിയാണ് നീതീകരണം. വിശ്വാസമില്ലാതെ പരിശുദ്ധ കുർബാനയിൽ നിന്നോ, കുമ്പസാരത്തിൽ നിന്നോ രക്ഷയുടെ ഫലങ്ങൾ സ്വന്തമാക്കാൻ നമുക്ക് കഴിയുകയില്ല. പുതിയ നിയമത്തിൽ പലയിടങ്ങളിൽ ഈശോ വിശ്വാസത്തെ പ്രശംസിക്കുന്നത് കാണാൻ സാധിക്കും. എവിടെയെല്ലാം വിശ്വാസമുണ്ടോ അവിടെയെല്ലാം പെട്ടെന്ന് സൗഖ്യവും സ്വാതന്ത്ര്യവും ഇറങ്ങിവരുന്നത് സുവിശേഷത്തിൽ നമുക്ക് കാണാം. വിശ്വാസരാഹിത്യം കൊണ്ട് ദൈവിക ഇടപെടലുകൾ സംഭവിക്കാതെ പോയ സന്ദർഭങ്ങളും സുവിശേഷത്തിൽ നമ്മൾ കണ്ടുമുട്ടുന്നുണ്ട്. യുക്തിരഹിതമായ ഒരു വിശ്വാസമല്ല ക്രൈസ്തവന്റേത്. മറിച്ച് യുക്തി സഞ്ചരിക്കുന്നതിനേക്കാൾ അതിവേഗത്തിൽ സത്യത്തെ കണ്ടുമുട്ടുന്ന കൃപയാണത്.



എല്ലാ രഹസ്യങ്ങളും ശാസ്ത്രീയമായി തെളിഞ്ഞാൽ മാത്രമേ വിശ്വസിക്കുകയുള്ളൂവെന്ന് ശാഠ്യം പിടിച്ചാൽ മനുഷ്യായുസ്സ് തികയാതെ വന്നേക്കും. നൂറ്റാണ്ടുകളോ സഹസ്രാബ്ദങ്ങളോ കടന്നു പോയേക്കും.

Photo by Ryoji Iwata on Unsplash

# ജീസസ് യൂത്ത് വിചിന്തനം




എനിക്ക് അടുത്തറിയാവുന്ന ഒരു ഡോക്ടറുണ്ട്. രോഗികൾക്ക് ഏറെ പ്രിയങ്കരനാണ് അദ്ദേഹം. ജീവിതത്തിന്റെ വിവിധ തുറകളിലുള്ളവർ അദ്ദേഹത്തെപ്പറ്റി കേട്ടറിഞ്ഞു ചികിത്സയ്ക്കെത്താറുണ്ട്. കൃത്യമായ രോഗനിർണയമാണ് അദ്ദേഹത്തിന്റെ സ്വീകാര്യതയ്ക്ക് ഒരു കാരണം. സാധാരണക്കാർക്ക് താങ്ങാനാകുന്ന മരുന്നുകളാണു കുറിക്കുന്നത് എന്നത് മറ്റൊന്ന്. എന്നാൽ, അദ്ദേഹത്തിന്റെ ഏറ്റവും വലിയ ഗുണം രോഗികളെ ക്ഷമയോടും അനുഭാവത്തോടുംകൂടി കേൾക്കുന്നതാണ് എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. ഒരിക്കൽ ഒരു പ്രാദേശിക ചാനലിലെ അഭിമുഖത്തിൽ അവതാരകൻ അദ്ദേഹത്തോടു ചോദിച്ചു: "ഓരോദിവസവും ജോലിയിൽ ഇത്രയും ആവേശം കണ്ടെത്താൻ താങ്കൾക്ക് എങ്ങനെ സാധിക്കുന്നു? സാമ്പത്തികമായി ഉയരണമെന്ന ലക്ഷ്യമില്ലാതെ എപ്പോഴും രോഗികളെപ്പറ്റി മാത്രം ചിന്തിക്കാൻ താങ്കൾക്കെങ്ങനെ കഴിയുന്നു?" ഒരു പുഞ്ചിരിയോടെയായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം: "എന്റെ ജോലി ക്രിസ്തുവിന്റെ സൗഖ്യശുശ്രൂഷയുടെ തുടർച്ചയായി ഞാൻ കാണുന്നു. എന്റെ വിശ്വാസത്തിന്റെ പ്രഘോഷണമാണ് ഈ ജോലി. ക്രിസ്തുവിന്റെ ഒരു മിഷണറിയാണു ഞാൻ".

പുതുവത്സരത്തിലേക്കു നാം പ്രവേശിക്കുന്ന വേളയിൽ ഈ ഡോക്ടറുടെ സാക്ഷ്യം നമുക്കൊന്നു ശ്രദ്ധിക്കാം. ജ്ഞാനികളുടെ ക്രിസ്തുദർശനത്തിന്റെ ഓർമ പുതുക്കുന്ന പ്രത്യക്ഷവത്ക്കരണ (ദനഹ) തിരുനാളിന്റെ ചൈതന്യത്തിലേക്ക് നമ്മെ നയിക്കുന്ന വാക്കുകളാണിവ. കിഴക്കുനിന്നുള്ള ജ്ഞാനികളായ രാജാക്കന്മാരുടെ സന്ദർശനത്തെക്കുറിച്ച് മത്തായിയുടെ സുവിശേഷത്തിൽ വിവരിക്കുന്നുണ്ട്. (മത്താ 2,1-12). എത്യോപ്യയിൽ നിന്നുള്ള ബൽത്താസർ, പേർഷ്യക്കാരനായ മെൽക്കിയോർ, ഇന്ത്യയിൽ നിന്നുള്ള ഗാസ്പർ എന്നിവരായിരുന്നു ആ രാജാക്കന്മാരെന്നാണ് സഭയുടെ പാരമ്പര്യത്തിൽ കാണുന്നത്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ള ഇവരുടെ സന്ദർശനം ക്രിസ്തുവിന്റെ രക്ഷാദൗത്യത്തിന്റെ സാർവത്രികതയിലേക്കാണു വിരൽചൂണ്ടുന്നത്. ലോകംമുഴുവന്റെയും രക്ഷകനായി ക്രിസ്തുവിനെ ദൈവം വെളിപ്പെടുത്തുന്നു.

ജീസസ് യൂത്ത് മുന്നേറ്റത്തെ സഭയിൽ ദൈവം വളർത്തുന്നത് എന്നും ഞാൻ അത്ഭുതത്തോടെയാണ് കണ്ടിട്ടുള്ളത്. ഈ വളർച്ച നമ്മെ ഓർമിപ്പിക്കുന്ന ഒരു കാര്യമുണ്ട്. ആഗോള സഭയുടെ ദൗത്യത്തിൽ മുന്നേറ്റത്തിനു വഹിക്കാനുള്ള പങ്കും അതിന്റെ പ്രസക്തിയുമാണത്. വിവിധ സംസ്കാരങ്ങളിൽ നിന്നുള്ള ആളുകൾക്ക് തിരുപ്പിറവിയുടെ സന്ദേശം കൈമാറുകയും അവരെ രക്ഷകനിലേക്കു നയിക്കുകയും ചെയ്ത ദിവ്യതാരകത്തെപ്പോലെ ഭാഷയുടെയും സംസ്കാരത്തിന്റെയും എല്ലാ അതിരുകളും മറികടന്ന് എല്ലാവരോടും ആശയവിനിമയം നടത്താനും എല്ലാവരെയും ആ പുൽത്തൊട്ടിയിലേക്കു നയിക്കാനും സാധിക്കുന്നിടത്താണു മുന്നേറ്റമെന്ന നിലയിൽ നമ്മുടെ പ്രസക്തി. ദൈവത്തെ കണ്ടുമുട്ടുന്നിടത്താണ് മനുഷ്യർക്കു സംതൃപ്തി ലഭിക്കുന്നത്. അപ്പോഴാണ് സുവിശേഷത്തിന്റെ പുതുവഴിയിലൂടെ യാത്രചെയ്യാൻ അവർക്കു കഴിയുന്നത്. ആ യാത്രയിൽ എന്നെങ്കിലും ഒരു ദിവസം അവർ നമ്മളെയും ഓർക്കും. 'ഞങ്ങൾ അവന്റെ നക്ഷത്രം ദർശിച്ചുവെന്ന്' (മത്താ 2,2) അവർ നമ്മളെക്കുറിച്ചും പറയും.

"അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപ പാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു" (മത്താ 2,11). ദിവ്യശിശുവിനു മുന്നിൽ രാജാക്കന്മാർ മുട്ടുകുത്തുന്നതിനെ സഭാ പിതാവായ വിശുദ്ധ ജോൺ ക്രിസോസ്റ്റം വിശദീകരിക്കുന്നത് ക്രിസ്തുവിനെ ദൈവമായിക്കണ്ട് ആരാധിക്കുന്നതിന്റെ പ്രതീകമായാണ്. ബൈബിൾ പണ്ഡിതന്മാരുടെ വാക്കുകളിൽ രാജാക്കന്മാരുടെ സമ്മാനങ്ങൾ ക്രിസ്തുവിന്റെ മൂന്നുവിധ ശുശ്രൂഷകളെയും കാണിക്കുന്നു. സ്വർണം അവന്റെ അജപാലന ശുശ്രൂഷയെയും കുന്തുരുക്കം അവന്റെ പ്രബോധന ശുശ്രൂഷയെയും മീറ പുരോഹിത ശുശ്രൂഷയെയുമാണ് സൂചിപ്പിക്കുന്നത്.

സഭയുടെ സേവനത്തിനുള്ള മിഷണറി മുന്നേറ്റമെന്നാണല്ലോ ജീസസ് യൂത്തിനെ

വിശേഷിപ്പിക്കുന്നത്. നമ്മുടെ സ്വർഗീയ മധ്യസ്ഥനായ ഫ്രാൻസിസ് അസ്സീസിയെ പ്പോലെ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയെ പണിതുയർത്താനാണു നമ്മളും വിളിക്കപ്പെട്ടിരിക്കുന്നത്. മുകളിൽ പറഞ്ഞ ഡോക്ടറെപ്പോലെ, ആധുനികകാലത്തെ 'ജ്ഞാനികളാ'കാനാണു നമ്മുടെ വിളി. നാം ഓരോരുത്തരെയും ദൈവം ഓരോ തരത്തിലാണ് അനുഗ്രഹിച്ചിരിക്കുന്നത്. ആരോഗ്യം, സമ്പത്ത്, സമയം, കഴിവുകൾ, ജോലി, സാധ്യതകൾ എന്നിവയെല്ലാം ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന നിധി കളാണ്. പെട്ടിതുറന്ന് നമ്മുടെ സമ്മാനങ്ങ ളെല്ലാം ക്രിസ്തുവിനുമുൻപിൽ അവന്റെ സഭയ്ക്കായി സമർപ്പിക്കാം. ഹാൻസ് ബൽ ത്താസർ ഒരു ആത്മീയ വിചിന്തനത്തിൽ ഇങ്ങനെ എഴുതുന്നു: "നാം എന്തായിരിക്കു ന്നുവോ അത് നമുക്കുള്ള ദൈവത്തിന്റെ സമ്മാനമാണ്. നാം എന്തായിത്തീരുന്നുവോ അത് ദൈവത്തിനുള്ള നമ്മുടെ സമ്മാനവും". മുന്തിരിത്തോട്ടത്തിലെത്തിയ പണിക്കാരെ പ്പോലെയാണോ നമ്മൾ എന്നു നമുക്കു സ്വയം വിലയിരുത്താം. സമയവും കഴിവുക ളുമെല്ലാം പാഴാക്കി ഒന്നും ചെയ്യാതിരി ക്കുന്നവരാണോ നാം. "നിങ്ങൾ ദിവസം മുഴുവൻ അലസരായി നിൽക്കുന്നതെന്ത്?" (മത്താ 20,6).

പുതുവർഷം നാഥനിലേക്കു നമ്മെ മാടിവി ളിക്കുകയാണ്. ഹൃദയംഗമമായ അനുതാപ ത്തോടെയും ശരണത്തോടെയും നമുക്ക് അവന്റെ സന്നിധിയിലെത്താം. നമ്മിൽ വിളങ്ങേണ്ട ക്രിസ്തുവിന്റെ ജ്ഞാനമാകുന്ന പൊന്നും, പ്രാർഥനയുടെയും ആരാധന യുടെയും കുന്തുരുക്കവും, ദൈനംദിന ജീവിതത്തിലെ പരിത്യാഗങ്ങളുടെ മീറയും അവനു കാഴ്ചയർപ്പിക്കാം. (വി. ഗ്രിഗറി). ആഴമേറിയ പ്രാർഥനാ ജീവിതത്തിൽ നിന്നാ ണ് തീക്ഷ്ണതയുള്ള മിഷണറി ജീവിതവും രൂപപ്പെടുന്നത്. സഭയെ നവീകരിക്കാനും പണിതുയർത്താനുമായി മലകളും താഴ്വ രകളുമെല്ലാം താണ്ടി പരിശുദ്ധ മാതാവിനെ പ്പോലെ തിടുക്കത്തിൽ നമുക്കും പോകാം. ഈ പുതുവർഷത്തിൽ പ്രാർഥനയിലും ശുശ്രൂഷകളിലും തീക്ഷ്ണതയുള്ളവരാ കാനും നമുക്ക് പരിശ്രമിക്കാം.

**ബിഷപ് റാഫേൽ തട്ടിൽ**
*സഭാത്മക ഉപദേഷ്ടാവ്, ജീസസ് യൂത്ത് അന്താരാഷ്ട്ര കൗൺസിൽ*

## വിശ്വ സാഹോദര്യത്തിന്റെയും സമർപ്പണത്തിന്റെയും അനുഭവം

ഈ വിചിന്തനത്തിനിടയിൽ ജ്ഞാനികളുടെ ദർശനത്തെക്കുറിച്ച് പറയുന്നുണ്ട്. പല ദേശത്തുനിന്നു വന്നവർ അവനെ ആരാധിച്ചു എന്നു പറയുന്നു. പല നാടുകളിൽ നിന്ന് വരുന്നു, പല രീതിയിലുള്ള കാഴ്ച സമർപ്പണം നടത്തുന്നു. ക്രിസ്തുവിലേക്ക് എത്തുന്ന എല്ലാവരും പിന്നെ ഒറ്റ സമൂഹമാകുന്ന അനുഭവമാണി വിടെ കാണുന്നത്. ഇതിലൂടെ, വിശ്വസാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും ഒരു പ്രതിഫലനം ഇവിടെ കാണുന്നുണ്ട്.

അനന്യനായി സൃഷ്ടിക്കപ്പെട്ട എന്റെ സമർപ്പണവും പുതുമകളുടെയും കൂട്ടായ്മയുടേ തുമാകണം എന്നൊരു ദർശനം ജ്ഞാനികളിലൂടെ എനിക്ക് ലഭിക്കുന്നു. സഭയുടെ മിഷണറി ദൗത്യത്തിൽ, എന്റെയും ജീസസ് യൂത്ത് മുന്നേറ്റത്തിന്റെയും ദൗത്യം എന്താണെന്ന് അറിഞ്ഞ് ജീവിക്കുമ്പോൾ അനേകർക്ക് വെളിച്ചം നൽകുന്ന പ്രകാശ ഗോപുരമാകാനും, ക്രിസ്തുവിലേക്ക് നയിക്കുന്ന നക്ഷത്രമാകാനും കഴിയും. ഇത്തരത്തിലുള്ള സമ്പൂർണ്ണ സമർപ്പണത്തിലൂടെ, എന്ത് പ്രതിസന്ധിയുണ്ടായാലും പ്രലോഭനമുണ്ടായാലും അതിനിടയിലും പൗലോസ് ശ്ലീഹായെ പോലെ അതിനെ യെല്ലാം അതിജീവിക്കുന്ന ഒരു ഊറ്റുനോവ് അനുഭവത്തിന്റെ സ്നേഹം പരിശീ ലിക്കാൻ ഈയനുഭവം എന്നെ സഹായിക്കുന്നു. ലോകം മുഴുവൻ സുവിശേഷം എത്തുന്നതുവരെ നിലനിൽക്കുന്ന പ്രേഷിതനാവാനും ഈ വിചിന്തനം എന്നെ പ്രചോദിപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്. ഈ പുതു വർഷത്തിൽ അപ്രകാരമുള്ള ഒരു മിഷണറിയായി തീരുവാൻ പ്രാർഥിച്ചുകൊണ്ട് നിറുത്തുന്നു.

**ബാബു ജോൺ**, എറണാകുളം

---

## കൈപിടിച്ച് നടത്തുന്ന സ്നേഹം

കത്തോലിക്കരായ നമ്മുടെ ഓരോരുത്തരുടെയും, പ്രത്യേകിച്ച് ജീസസ് യൂത്ത് എന്നഭിമാനിക്കുന്ന നമ്മുടെ എല്ലാവരുടെയും വിളിയും ദൗത്യവുമാണ് ഈശോയുടെ ശുശ്രൂഷ ഈ കാലഘട്ടത്തിൽ തുടരുകയെന്നത്. വ്യത്യസ്തമായ രീതികൾ അതിനുണ്ടെങ്കിലും മറ്റുള്ളവരിലേക്ക് കടന്നുചെന്ന് കൈ പിടിക്കുക എന്നത് ഞാൻ ചെയ്യേണ്ട പ്രധാന കാര്യമായി എനിക്കു തോന്നുന്നു.

ജീവിതത്തിന്റെ നിത്യേനയുള്ള പല കാര്യങ്ങളിലും പ്രത്യേകിച്ച് നമ്മുടെ വിശ്വാസ ജീവിതത്തിലും അനിശ്ചിതത്വങ്ങൾ നിറയുന്നൊരു കാലം കൂടിയാണല്ലോയിത്. എന്നിരുന്നാലും മറ്റുള്ളവർ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിലേക്ക് കടന്നുചെന്ന് പ്രതിസന്ധികൾക്കിടയിലും നമ്മുടെ കൂടെയുള്ള ക്രിസ്തുവിനെ കാണിച്ചുകൊടുക്കാൻ നമുക്കൊരു കടമയുണ്ട്. ഏതിടങ്ങളിലാണ് നമ്മളായിരിക്കുന്നത് അവിടെയെല്ലാം അപരനിലേക്ക് നോക്കി ജീവിക്കാനും എന്നാലാവും വിധം ഒരു കൈത്താങ്ങായി എന്റെയുള്ളിലെ ക്രിസ്തു നൽകുന്ന ആനന്ദം പകർന്നു കൊടുക്കാനും അത് ക്രിസ്തു വിലൂടെയാണ് ലഭിക്കുന്നതെന്ന് സാക്ഷ്യപ്പെടുത്താനും നമുക്കാകട്ടെ.

അങ്ങനെയെങ്കിൽ, അപരന്റെ കൈപിടിക്കുക എന്നൊരു പ്രവൃത്തി നമ്മൾ ഇനിയും പരിശീലിക്കേണ്ട ഒരു കാര്യമാണ്. കാരണം അതിലൂടെ നമ്മൾ സാന്നിധ്യവും സാന്ത്വ നവും നൽകുന്നുവെന്ന് മാത്രമല്ല, ക്രിസ്തുവിനോടൊപ്പമുള്ള യാത്രയിൽ അവരെയും നമ്മുടെ കൂടെ കൊണ്ടുപോകുന്ന ഒരനുഭവവും ഈ കൈ പിടിക്കുന്ന പ്രവൃത്തി യിലൂടെ നടക്കുന്നുണ്ട്. പുതു വർഷത്തിൽ നമ്മുടെ വിളിയും ദൗത്യവും ഒന്നുകൂടെ നവീകരിച്ചെടുത്ത് പ്രാവർത്തികമാക്കാനും അതിലൂടെ ഈശോയുടെ ശുശ്രൂഷ തുടരാനും ഒരു പ്രത്യേക ശ്രദ്ധ നമുക്ക് നൽകാം.

**മരിയ കെ. ചാക്കോ**, ചേർത്തല



ജോസ് വഴുതനപ്പിള്ളി, ഇടപ്പള്ളി

*യുവലോകത്തെ മാറ്റങ്ങൾ കാണാനും അതംഗീകരിക്കാനും നമുക്കാകുന്നുണ്ടോ? ലോകം മാറിക്കൊണ്ടിരിക്കുന്ന കാലത്തിൽ മാറ്റങ്ങൾ നല്ലതെന്നും ദൈവാനുഗ്രഹങ്ങളുടെ വഴികൾ കൂടിയാണെന്നും നാം തിരിച്ചറിയേണ്ടതുണ്ട്.*



'Faust' by Charles Gounod (1818-1893)

# മാറ്റത്തിന്റെ കൊടുങ്കാറ്റ്

ചതിക്കുഴികളിൽ നിപതിച്ച് ദീർഘനിശ്വാസങ്ങളോടെ, വിങ്ങിപ്പൊട്ടുന്ന ഹൃദയങ്ങളുമായി നിൽക്കുന്ന മാതാപിതാക്കന്മാരും പുത്തൻ സംസ്കാരത്തിന്റെ ഹരം പിടിക്കുന്ന താളങ്ങൾക്കൊപ്പം നൃത്തം ചവിട്ടുന്ന യുവജനങ്ങളും ഒരുപോലെ ശ്രദ്ധിക്കാൻ ചില മർമപ്രധാന കാര്യങ്ങൾ!



പലതരത്തിലുള്ള വിശ്വാസങ്ങൾ പുലർത്തുന്ന കുട്ടികൾക്കിടയിലേക്കാണ് നമ്മുടെ കുട്ടികൾ പഠിക്കാനെത്തുക. അവർക്കിടയിൽ പല മതങ്ങളിൽ വിശ്വസിക്കുന്നവരും മതമേ വേണ്ടയെന്ന് തീരുമാനിച്ചവരുമൊക്കെ കാണും. ഒരു നല്ല ജീവിതം നയിക്കാൻ ഒരു മതത്തിന്റെയും പിൻബലം വേണ്ടായെന്ന് പറയുന്നവരുമുണ്ട്. അനുവർത്തിച്ചു പോന്ന പലകാര്യങ്ങളും ഈ പുതിയ കാലത്തിൽ മാറുകയാണ്. ഇത്തരം ചിന്തകളൊക്കെ വലിയൊരളവിൽ നമ്മുടെ കുട്ടികളെ സ്വാധീനിച്ചേക്കാം.

## ബുദ്ധിമാനായ ഫൗസ്റ്റിന്റെ കഥ

സ്വന്തം ആത്മീയ ചൈതന്യം ചെകുത്താന് അടിയറവുവച്ച് പകരം അറിവിന്റെയും ബുദ്ധിയുടെയും ഭണ്ഡാരം തേടുന്ന ഫൗസ്റ്റിന്റെ കഥ നിങ്ങൾ കേട്ടിട്ടുണ്ടോ? മഹാപണ്ഡിതനും ജ്ഞാനിയും ചിന്താശീലനുമായിരുന്ന ഫൗസ്റ്റിനു പെട്ടെന്ന് ജീവിതത്തോട് ഒരു വിരസത തോന്നി. വലിയ ആഹ്ലാദതിമിർപ്പുകളില്ല. അയാൾക്ക് കൂടുതൽ വശീകരണ ശക്തിയും പ്രഭാവവും വേണം. അപ്പോഴാണ് അവനൊരു ചെകുത്താനുമായി സൗഹൃദത്തിന് പോകുന്നത്. ചെകുത്താൻ എല്ലാ സുഖങ്ങളും വച്ചുനീട്ടി, പകരം ചോദിച്ചത് വെറുതെ അവന്റെ ആത്മാവ് മാത്രം. ഒടുവിൽ എല്ലാം നഷ്ടമാക്കി അവൻ നരകത്തിലേക്ക് പോകുന്നതാണ് കഥ.

ആധുനിക സംസ്കാരത്തിൻെറ വക്താക്കളായി സ്വയം പ്രഘോഷിച്ചു നിലയുറപ്പിച്ച ചില വ്യക്തികളും കുട്ടികളിൽ സ്വാധീനം ഉറപ്പിക്കുന്നു. ഭോഗാസക്തി നിറഞ്ഞ അവരുടെ ചിന്തകൾ നമ്മുടെ മത വിശ്വാ

സത്തിനും രാഷ്ട്രീയ നിലപാടുകൾക്കും ലൈംഗിക സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകൾക്കുമൊക്കെ കടക വിരുദ്ധമായേക്കാം.

## പറയാനുള്ള അന്തരീക്ഷം

ഇന്ന് കൊക്കയ്ൻ പോലുള്ള പദാർഥങ്ങൾ നമ്മുടെ സ്കൂളുകളിൽ പോലും സുലഭമായിരിക്കുന്നു. ഇതൊക്കെ കണ്ടിട്ടു കണ്ണുമടച്ച് ഓ, അതൊക്കെ അങ്ങനെ നടക്കും എന്നും പറഞ്ഞു നിസ്സംഗരാകുന്ന കുട്ടികളുണ്ട്. ഒന്നിനോടും പ്രതികരിക്കാൻ പ്രാപ്തരാകാതെ ഭയപ്പാടിൽ കഴിയുന്ന, കാറ്റിന്റെ ഗതിക്ക് നീങ്ങുന്ന പായ്ക്കപ്പലുകളാവണോ നമ്മുടെ കുട്ടികൾ? അവർ ആരെയും അന്ധമായി വിശ്വസിക്കുന്നവരാണോ? ഓ, ഇതൊന്നും എന്റെ കുടുംബത്തിൽ പറയാൻ കൊള്ളുന്ന കാര്യമല്ലായെന്നും പറഞ്ഞു സ്വയം ഏറെ രഹസ്യങ്ങളുടെ ഭാണ്ഡക്കെട്ട് തലയിൽ പേറി നടക്കുന്ന കുട്ടികൾ നമുക്ക് ചുറ്റിലുമുണ്ട്. ഒന്നുകിൽ അവർക്കു എല്ലാം തുറന്നു പറയാനുള്ള അന്തരീക്ഷം മാതാപിതാക്കന്മാർ സൃഷ്ടിച്ചു കൊടുത്തിട്ടില്ല. അതല്ലായെങ്കിൽ അവസരങ്ങളുണ്ടായിട്ടും എല്ലാം മറച്ചു വച്ച് ഒരു രഹസ്യപൂട്ടിട്ടു പൂട്ടാൻ കുട്ടികൾ മനഃപൂർവം ശ്രമിക്കുന്നു. ഇത് രണ്ടും അപകടകരമായ അവസ്ഥകളാണ്.

പുത്തൻ അറിവുകളും ധാരാളം മീഡിയ സ്വാധീനങ്ങളും തുറന്നു കിട്ടുന്ന യുവ തലമുറക്ക് പല കാര്യങ്ങളെക്കുറിച്ചും മാതാപിതാക്കന്മാരിൽ നിന്ന് വിഭിന്നമായ അഭിപ്രായങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. ‘ഞാനൊരു ഇതര മതസ്ഥനെ കെട്ടിയാൽ എന്താ ആകാശം ഇടിഞ്ഞു വീഴുമോ’ എന്ന് പോലും ചില കുട്ടികൾ ചോദിക്കുന്നു. ‘താനൊരു നിരീശ്വര വാദിയാണ്’ എന്ന് ഒരു മകൻ വിളംബരം ചെയ്താൽ അത് സത്യവിശ്വാസികളായ അപ്പനോ അമ്മയ്ക്കോ സഹിക്കാനാകുമോ? ഏതായാലും ഭവനങ്ങളിൽ എല്ലാം തുറന്നു പറയുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കാൻ മാതാപിതാക്കന്മാരും കുട്ടികളും ഒരുപോലെ ശ്രദ്ധിക്കണം. ഒരുപക്ഷേ ചില ഞെട്ടലുകൾ സംഭവിച്ചേക്കാം. അത്തരം സന്ദർഭങ്ങൾ വന്നാൽ, ഉടനടി പ്രതികരിക്കാതെ വളരെ സംയമനത്തോടെ കാര്യങ്ങൾ കൈകാര്യം ചെയ്യണം.

## കാര്യങ്ങൾ സംയമനത്തോടെ

ഇന്നത്തെ കുട്ടികളിൽ ചില പുതിയ ചിന്തകൾ കടന്നു കൂട്ടിയിട്ടുണ്ടെന്നു തോന്നുന്നു. അവർക്കു സ്വവർഗ വിവാഹത്തെക്കുറിച്ചും വിവാഹേതര ബന്ധങ്ങളെ ക്കുറിച്ചും ലിവിങ് ടുഗദറിനെക്കുറിച്ചും നേരത്തെ പറഞ്ഞ നാർക്കോട്ടിക് ലഹരി വസ്തുക്കൾ മദ്യം തുടങ്ങിയവയുടെ ഉപയോഗത്തെക്കുറിച്ചുമൊക്കെ നിറം പിടിച്ച പക്ഷപാതപരമായ സമീപനമാണുള്ളത്. ബുദ്ധിയും ജ്ഞാനവും വർധിക്കുമ്പോൾ ചിലപ്പോൾ നേരത്തെ പറഞ്ഞ ഫൗസ്റ്റിനെപോലെ മോദങ്ങൾക്കും ആഹ്ലാദത്തിമിർപ്പുകൾക്കും പിന്നാലെ മനസ്സ് പോകുന്നുണ്ട്. അത്തരം ചിന്തകളുമായി മാതാപിതാക്കന്മാർക്കു പൊരുത്തപ്പെടാനായെന്നുവരില്ല. അപ്പോൾ എന്താണ് വേണ്ടത്? ഒരങ്കം വെട്ടിനു ഒരുങ്ങണമോ? ഒരിക്കലുമല്ല.

> ‘ഞാനൊരു ഇതര മതസ്ഥനെ കെട്ടിയാൽ എന്താ ആകാശം ഇടിഞ്ഞു വീഴുമോ’ എന്ന് ചില കുട്ടികൾ ചോദിക്കുന്നു. ‘ഞാനൊരു നിരീശ്വര വാദിയാണ്’ എന്ന് ഒരു മകൻ വിളംബരം ചെയ്താൽ അത് സത്യവിശ്വാസികളായ അപ്പനുമമ്മയ്ക്കും സഹിക്കാനാകുമോ?

കുടുംബത്തിനുള്ളിലെ തുറന്ന സംഭാഷണങ്ങൾക്കു വേദിയൊരുക്കുകകയാണ് പ്രഥമമായി ചെയ്യേണ്ട കാര്യം. മാതാപിതാക്കന്മാർ തുറന്നു പറയുമ്പോൾ മക്കൾ കയർത്തു കയറാൻ പാടില്ല. ക്ഷമയോടെ ശ്രവിക്കണം; ശാന്തമായി പ്രതികരിക്കണം. മക്കൾക്ക് യേശുവിലേക്കുള്ള വഴിതുറന്നു കൊടുക്കുക മാത്രമാണ് മാതാപിതാക്കന്മാർക്കു കരണീയമായ കാര്യം. അവർക്കു വിവേകത്തിന്റെ വഴികൾ കാട്ടി കൊടുക്കണം. പക്ഷേ അതിനുള്ള മാർഗം ദ്വേഷത്തിലൂടെയല്ല. മക്കളുടെ മുൻപിൽ ഒരു വിധികർത്താവാകാൻ ശ്രമിക്കാതെ സൗമനസ്യമുള്ള ഒരു നല്ല സുഹൃത്താവുകയാണ് ആവശ്യം. കൂടുതൽ വാദപ്രതിവാദങ്ങൾ ഒരിക്കലും ഫലം കാണാൻ പോകുന്നില്ല.

ശാന്തമായ അന്തരീക്ഷത്തിൽ മാതാപിതാക്കന്മാർ അവരുടെ അഭിപ്രായങ്ങളും അതിന്റെ ലോജിക്കും പറഞ്ഞു മനസ്സിലാക്കണം. നാം തലമുറകളായി കാത്ത് സൂക്ഷിക്കുന്ന മൂല്യങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കണം. പറയുന്ന കാര്യങ്ങൾ മക്കൾ എളുപ്പത്തിൽ സ്വീകരിച്ചെന്ന് വരികയില്ല. ചില മൂല്യങ്ങളും മത വിശ്വാസവുമൊക്കെ മക്കളിൽ സൃഷ്ടിക്കുവാൻ ബാല്യകാലം മുതൽക്കേ പണിപ്പെടുന്ന മാതാപിതാക്കന്മാർക്കു മക്കളുടെ പുതിയ സമീപനങ്ങൾ അത്ര എളുപ്പത്തിൽ ഉൾക്കൊള്ളാനായിയെന്നും വരികയില്ല. അപ്പോഴൊക്കെ കടുത്ത വാക്കുകൾ യാതൊന്നും വായിൽ നിന്ന് വീണു പോകാതെ ശ്രദ്ധിക്കണം. സ്നേഹമസൃണമായ പെരുമാറ്റം പരസ്പരം തുടരുമ്പോൾ, സന്ധ്യാപ്രാർഥനകൾ സജീവമാകുമ്പോൾ, ദൈവസ്നേഹം അവർക്കിടയിൽ ഒരു മാജിക്ക് പോലെ പ്രവർത്തിക്കാൻ തുടങ്ങും. യേശു അവർക്കു വഴികാട്ടിയാകും.

## മാറ്റത്തിന്റെ കൊടുങ്കാറ്റ്

വിശ്വാസത്തിൽ ശരിക്കും അടിയുറച്ചവരാണോ നമ്മൾ? ഈ ചോദ്യം പ്രായ ഭേദമന്യേ നാമെല്ലാവരും സ്വയം ചോദിക്കേണ്ടിയിരിക്കുന്നു, വിശ്വാസപ്രമാണം പലവുരു നാം ഏറ്റുചൊല്ലുന്നുണ്ട്. പക്ഷേ അതിന്റെ അർഥതലങ്ങളിലേക്കു നാം മനസ്സ് ചേർക്കാറുണ്ടോ? അതിലെ ഓരോ വരികളുടെയും പ്രാധാന്യം തിരിച്ചറിയുന്നുണ്ടോ? നമ്മുടെ പാരമ്പര്യങ്ങളും കൂദാശയുടെ വിശുദ്ധിയുമൊക്കെ മനസ്സിലാക്കുമ്പോൾ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്കും ഉത്തരം കിട്ടും.

ഇന്ന് സ്ത്രീകൾക്കും പുരുഷന്മാർക്കുമിടയിൽ സ്വതന്ത്ര ചിന്തകളുള്ളവർ ഏറിക്കൊ

ണ്ടിരിക്കുകയാണ്. നല്ലതും ചീത്തയും, വേണ്ടുന്നതും വേണ്ടാത്തതും എന്നൊന്നും തരംതിരിവില്ലാതെയും സ്ത്രീ പുരുഷ ഭേദമി ല്ലാതെയും എല്ലാകാര്യങ്ങളും എല്ലാവർക്കും എന്ന പുതു ചിന്ത വളർന്നുവരുന്നു. ഫല ത്തിലെന്ത് എന്നത് വിഷയമേയല്ല. ലോകം മാറിയിരിക്കുന്നു എന്ന വസ്തുത നമുക്ക് അംഗീകരിക്കാതെ വയ്യ. മാതാപിതാക്കന്മാർ ചിന്തിക്കണം, ഒരുകാലത്തു അവരുടെ ചിന്തകളും സ്വന്തം മാതാപിതാക്കന്മാരിൽ നിന്നു വിഭിന്നമായിരുന്നിട്ടില്ലേയെന്ന്. അപ്പോൾ ഈ മാറ്റത്തിന്റെ കൊടുങ്കാറ്റിനെ അംഗീകരിക്കണം. ഇതെല്ലാം സ്വീകരിക്കണം എന്നല്ലാ ഞാൻ പിടിച്ച മുയലിന് രണ്ടു കൊമ്പ് എന്ന മട്ടിൽ സ്വയം അഹന്തയിൽ ആരും അടിയുറയ്ക്കരുതെന്ന് സാരം.



Photo by Stephanie Nakagawa on Unsplash

## ഏറ്റവും പ്രധാന കാര്യം

നമ്മുടെ ക്രൈസ്തവ വിശ്വാസം നാം കാത്ത് സൂക്ഷിക്കണം. നന്മതിന്മകളെക്കുറിച്ചു മാതാപിതാക്കന്മാർ മക്കൾക്ക് വ്യക്തമായ ബോധ്യം കൊടുക്കണം. എളിമയോടെയുള്ള സമീപനം, മാതാപിതാക്കളുടെ പ്രാർഥനാ നിർഭരമായ ജീവിതവും മാതൃകകളും കുട്ടികളിൽ നല്ല മാറ്റങ്ങൾ സൃഷ്ടിക്കും. വിശ്വാസമാണ് ഇന്നത്തെ യുവതലമുറക്കും അടുത്ത തലമുറക്കും പകർന്നു നൽകുവാനുള്ള നിത്യസമ്മാനം. അങ്ങനെയെങ്കിൽ വിശ്വാസത്തിൽ അടിയുറച്ചതും ക്രിസ്തീയ ജീവിതത്തിലൂടെ ലോകത്തിൽ പ്രകാശം പരത്തുന്നതുമായ ഒരു തലമുറ നമുക്കുമുമ്പിൽ വളർന്നു വരും. മാറ്റത്തിന്റെ കൊടുങ്കാറ്റ് ലോകത്തെ കീഴ്മേൽ മാറ്റിമറിക്കും.

മക്കളുടെ പുതിയ സമീപനങ്ങൾ അത്ര എളുപ്പത്തിൽ ഉൾക്കൊള്ളാനായിയെന്നും വരികയില്ല. അപ്പോഴൊക്കെ കടുത്ത വാക്കുകൾ യാതൊന്നും വായിൽ നിന്ന് വീണു പോകാതെ ശ്രദ്ധിക്കണം. സ്നേഹ മസൃണമായ പെരുമാറ്റം പരസ്പരം തുടരുമ്പോൾ, സന്ധ്യാ പ്രാർഥനകൾ സജീവമാകുമ്പോൾ, ദൈവ സ്നേഹം അവർക്കിടയിൽ ഒരു മാജിക്ക് പോലെ പ്രവർത്തിക്കാൻ തുടങ്ങും.



# ന്യൂസ് ഹൈലൈറ്റ്സ്

കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായത് ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.

## രക്തസാക്ഷികളുടെ ചുടുനിണം വീണാൽ

ഹിന്ദുത്വ തീവ്രവാദികൾ അഴിഞ്ഞാടിയ കാണ്ഡമാലിലെ ടിയാങ്ങിയ ഗ്രാമം ദൈവ വിളികളാൽ സമൃദ്ധമാകുന്നു. കഴിഞ്ഞ 13 വർഷത്തിനിടെ ഒൻപതു പേരാണ് പൗരോഹിത്യം സ്വീകരിച്ചത്. ഉടൻതന്നെ മറ്റൊരാൾകൂടി വൈദികനാകും. 13 കൊല്ലത്തിനിടയിൽ 10 വൈദികർ. അവരിൽ ഏഴുപേർ ക്രൈസ്തവ പീഡനത്തിന്റെ ഇരകൾ. 2008-ലാണ് കാണ്ഡമാൽ കലാപം നടക്കുന്നത്. കലാപത്തിൽ കാട്ടിലേക്കു പലായനം ചെയ്തവരാണു പലരും. നവംബർ 24-ലെ സൺഡേ ശാലോമിൽ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് വായിക്കാവുന്നതാണ്.

## ഗ്വാഡലൂപ്പെ മാതാവിന്റെ ചിത്രം

കഴിഞ്ഞ 5 നൂറ്റാണ്ടായി യാതൊരു കേടും കൂടാതെ നിലനിൽക്കുന്ന ഒരു ചിത്രമാണ് ഗ്വാഡലൂപ്പെ മാതാവിന്റേത്. 1531 ഡിസംബർ 12-ന് മെക്സിക്കൻ കർഷകനായ ജുവാൻ ഡിഗോയ്ക്കു നൽകിയ പ്രത്യക്ഷപ്പെടലിലൂടെയാണ് ഈ ചിത്രത്തിന്റെ ഉത്ഭവം. മാതാവിന്റെ പ്രത്യക്ഷപ്പെടൽ അവിശ്വസിച്ച ബിഷപ്പിനു മാതാവ് നൽകിയ തെളിവ് ഇന്ന് അനേക ലക്ഷങ്ങളെ വിശ്വാസത്തിൽ വളർത്തുന്നു. ഒരു ചിത്രകാരന് ഇങ്ങനെ വരക്കാൻ കഴിയില്ലെന്ന് വിദഗ്ധർ പറയുന്നു. പിന്നെ എങ്ങനെ ഒരു തുണിയിൽ ഈ ചിത്രം പതിഞ്ഞുവെന്നത് ദുർഗ്രഹമായി ഇന്നും അവശേഷിക്കുന്നു.



## കുരിശുകൾ തല ഉയർത്തുമ്പോൾ

കാലങ്ങൾക്കു മുമ്പ് ഫ്രാൻസിലെവിടെയും റോഡരികിൽ കുരിശു രൂപങ്ങൾ കാണാമായിരുന്നു. പിൽക്കാലത്ത് മതേതരത്വം പിടിമുറുക്കിയപ്പോൾ അവയെല്ലാം എടുത്തു മാറ്റേണ്ടി വന്നു. എന്നാൽ, 2021 ഫെബ്രുവരിയിൽ ഏതാനും യുവാക്കൾ ചേർന്ന് കുരിശുകൾ പുനഃസ്ഥാപിക്കാൻ തീരുമാനമെടുത്തു. അതൊരാവേശമായി മാറിക്കഴിഞ്ഞു. ഇപ്പോൾ അനേകായിരം യുവതീ യുവാക്കൾ ഈ മുന്നേറ്റത്തിൽ ചേർന്നു കഴിഞ്ഞു. യൂറോപ്പ് നഷ്ടപ്പെട്ടുപോയ ക്രിസ്തീയ ചൈതന്യം തിരിച്ചെടുക്കുമെന്നു നമുക്കു പ്രത്യാശിക്കാം. എസ്.ഒ.എസ് കാൽവെയേഴ്സ് എന്ന ഫ്രാൻസിലെ കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ ഫേസ്ബുക്കിൽ വൈറലാണ്.

## കന്യാസ്ത്രീകളെ വിവാഹം കഴിപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് സിസ്റ്ററിന്റെ മറുപടി

കത്തോലിക്കാ സന്യാസത്തെ അവഹേളിക്കുന്നവർക്ക് ശക്തമായ മറുപടിയുമായി സി. സോണിയ തെരേസ് ഡി.എസ്.ജെ. രംഗത്തു വന്നിരിക്കുന്നു. പ്രവാചക ശബ്ദം എന്ന യുട്യൂബ് പോർട്ടലിൽ ഇതു വിശദമായി വായിക്കാവുന്നതാണ്. സുരേഷ് ജോസഫ് എന്ന ക്രിസ്ത്യൻ നാമധാരി ന്യൂസ്ഗിൽ എന്ന ഓൺലൈൻ പോർട്ടലിൽ കന്യാസ്ത്രീകളെ ആക്ഷേപിച്ചെഴുതിയതിനു മറുപടിയായിട്ടാണ്, 'കന്യാസ്ത്രീകളുടെ മാറിടങ്ങളെയും ഗർഭപാത്രങ്ങളെയും ഓർത്തു വേദനിക്കുന്നവർക്കുവേണ്ടി' എന്ന പേരിൽ കുറിപ്പെഴുതിയിരിക്കുന്നത്.

## റെഡ്റോസ് റസ്ക്യൂവിന്റെ പ്രവർത്തനങ്ങൾ അറിയുക

ന്യൂയോർക്കിലെ വൈറ്റ് പ്ലെയിൻസിലെ ഗർഭഛിദ്ര ക്ലിനിക്കിനു മുമ്പിൽ ഗർഭഛിദ്രത്തിനു വരുന്നവർക്ക് ഒരു റോസാപ്പൂ നീട്ടുകയും ഗർഭഛിദ്രത്തിന്റെ അധാർമിക വശങ്ങൾ പറഞ്ഞു കൊടുത്ത് അതിൽ നിന്നും പിൻതിരിപ്പിക്കുകയും ചെയ്യുന്ന പ്രസ്ഥാനമാണ് റെഡ്റോസ് റസ്ക്യൂ. ഇങ്ങനെ പിൻതിരിപ്പിക്കുന്നവരെ പോലീസ് അറസ്റ്റു ചെയ്യാറുണ്ടെങ്കിലും ജീവനു വേണ്ടി വാദിക്കുന്ന നിരവധി പേർ ഇതിനു തുനിഞ്ഞിറങ്ങാറുണ്ട്.




ജൂഹി എൽസ് ജോർജ്


സിന്റോ വി. വർഗീസ്


# ഫാ. ബെനഡെറ്റോ കാസ്റ്റലി

ഗണിതശാസ്ത്രജ്ഞനും ഭൗതികശാസ്ത്രജ്ഞനുമായ ഒരു ഇറ്റാലിയൻ ബെനഡിക്റ്റൈൻ കത്തോലിക്കാ സന്യാസി. ലോകപ്രശസ്ത ശാസ്ത്രജ്ഞനായ ഗലീലിയോ ഗലീലിയും ഫാ. കാസ്റ്റലിയും തമ്മിലുള്ള ബന്ധം അവതരിപ്പിച്ചുകൊണ്ട് ഈ കുറിപ്പ് ആരംഭിക്കാം. ഗലീലിയുടെ വിദ്യാർഥിയായി ആരംഭിച്ച ഈ ബന്ധം പിൽക്കാലത്തു ഫാ. കാസ്റ്റലി ഗലീലയുടെ ഫ്ളോറെൻസിലെ സുഹൃത്തും സഹായിയുമായി മാറിയ ചരിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. 1613-ൽ പിസ സർവകലാശാലയിൽ ഗണിതശാസ്ത്ര പ്രൊഫസറായി അധ്യാപനം ആരംഭിച്ച ഫാ. കാസ്റ്റലി, 1628-ൽ 'ഓൺ ദി മെഷർമെന്റ് ഓഫ് വാട്ടർ കറന്റ്സ്' (Della misura dell'acque correnti) പ്രസിദ്ധീകരിച്ചു. ഇത് ആധുനിക ഹൈഡ്രോളിക്സിന്റെ തുടക്കമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ഇതുകൂടാതെ പ്രകാശത്തിന്റെ തീവ്രത ദൂരത്തിന്റെ വർഗത്തോട് ആനുപാതികമായാണ് വ്യത്യാസപ്പെടുന്നതെന്ന് ആദ്യമായി അവകാശപ്പെട്ടതും 1639-ൽ റെയിൻ ഗേജിന്റെ കണ്ടുപിടിത്തവും അദ്ദേഹത്തിന്റെ പ്രാഗത്ഭ്യത്തിന്റെയും ശാസ്ത്രലോകത്തിന് അദ്ദേഹം നൽകിയ സംഭാവനകളുടെയും അതിന്റെ വ്യാപ്തിയുടെയും പ്രതിഫലനമാണ്. ബാരോമീറ്ററിന്റെ ഉപജ്ഞാതാവായ ഇവാഞ്ചലിസ്റ്റാ ടോറിസെല്ലിയുടെയും ബയോമെക്കാനിക്സിന്റെ പിതാവായ ജിയോവാന്നി അൽഫോൻസോ ബോറെല്ലിയുടെയും അധ്യാപകൻ എന്ന വിശേഷണം കൂടി ഫാ. കാസ്റ്റലിക്കു സ്വന്തമായുണ്ട്.







ശാസ്ത്രലോകത്തിന്റെ വളർച്ചക്ക് ചെറുതല്ലാത്ത പങ്കു വഹിച്ച ഫാ. കാസ്റ്റലി, ശാസ്ത്രത്തിന്റെ വളർച്ചയിലെ കത്തോലിക്കാ സഭയുടെ നിർണായക ഇടപെടലുകളുടെ ശക്തമായ ഒരു ഉദാഹരണമാണെന്നു നിസംശയം പറയാം.

# ടീൻസ്പിരിറ്റ്/മൈസ്റ്റോറി



ഫിബിൻ, കല്ലൂർ, തൃശൂർ



Photo by Chris Lutke on Unsplash

# സമയം

## പൂർണമായും പ്രയോജനപ്പെടുത്തുവിൻ

അർധവാർഷിക പരീക്ഷയും കഴിഞ്ഞ് ഒത്തിരി ആവേശത്തോടെയും സന്തോഷത്തോടെയുമാണ് ക്രിസ്മസ് അവധി തുടങ്ങുന്നത്. എന്നെ സംബന്ധിച്ചിടത്തോളം ക്രിസ്മസ് കഴിഞ്ഞു വരുന്ന ശനിയും ഞായറും ഇടവകപ്പള്ളി പെരുന്നാളും കൂടി വരുന്നുവെന്നതാണ് കൂടുതൽ സന്തോഷത്തിനു കാരണം. തിരുനാൾ ദിവസങ്ങളിൽ കൂട്ടുകാരും ബന്ധുക്കളുമായി കൂട്ടുച്ചേർന്നുള്ള എല്ലാ ആഘോഷങ്ങളും കഴിഞ്ഞ് ഞായറാഴ്ച രാത്രിയാകുമ്പോൾ, നാളെ സ്കൂൾ തുറക്കുമെന്നും, അർധവാർഷിക പരീക്ഷയുടെ ഉത്തരക്കടലാസുകൾ കിട്ടിത്തുടങ്ങുമെന്ന ചിന്തയും എന്നെ കൂടുതൽ ആകുലതയിലും വിഷമത്തിലുമാക്കും.

ഇതെല്ലാം എല്ലാ വർഷവും നടക്കുന്നതാണെന്നും പഠിക്കേണ്ട കാര്യങ്ങൾ സമയാസമയങ്ങളിൽ പഠിച്ചാൽ വിജയിക്കാവുന്നതാണെന്നും അറിയാം. എങ്കിലും അതിനേക്കാളേറെ സമയവും പ്രയത്നവും കൊടുത്തിരുന്നത് പലപ്പോഴും, കളികൾക്കും ടി.വി. കാണുന്നതിനുമൊക്കെയാണ്. ഓരോ തവണയും മാർക്ക്  കുറയുമ്പോൾ അല്ലെങ്കിൽ ടീച്ചേഴ്സിൽ നിന്നും വീട്ടുകാരിൽ നിന്നും വഴക്കു കേൾക്കുമ്പോൾ നാളെ മുതൽ ദിവസവും ശരിയായി പഠിക്കുകയും എല്ലാം പഠിച്ച് സന്തോഷത്തോടെയും ധൈര്യത്തോടെയും എക്സാമിനെ  നേരിടാമെന്നും വിചാരിക്കും. തീരുമാനിച്ചാലും കുറച്ചു ദിവസങ്ങൾ കഴിയുമ്പോൾ വീണ്ടും പഴയ ശീലങ്ങളിലേക്ക് തിരിച്ചു പോകും. പ്രാധാന കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താതെ പ്രാധാന്യം കുറഞ്ഞ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതാണ് പഠനത്തിൽ ശ്രദ്ധ കുറയാനും മാർക്ക് കുറയാനുമൊക്കെ ഇടവരുന്നതെന്നുമറിയാം.

ശരിയായ ലക്ഷ്യവും അതിനുവേണ്ടിയുള്ള ശ്രമവും ഉള്ളവരാണ് യഥാർഥത്തിൽ വിജയം വരിക്കുന്നത്. പരീക്ഷയ്ക്ക് തൊട്ടുമുമ്പും റിസൾട്ട് അറിയുന്നതിനു മുൻപുമുള്ള പേടിയും ആകുലതയും പലപ്പോഴും നമ്മളെ കൂടുതൽ പ്രശ്നത്തിലേക്ക് നയിച്ചേക്കാം. പക്ഷേ, ശരിയായ ലക്ഷ്യത്തിലുറച്ചു നിൽക്കാൻ പലപ്പോഴും സാധിക്കാറില്ല. ഇത് എന്റെ മാത്രമോ കുറച്ചു പേരുടെ മാത്രമോ പ്രശ്നമല്ല. പഠനത്തിലും ജോലിയിലും ഈയൊരവസ്ഥ നമുക്ക് കാണുവാനായിട്ട് സാധിക്കും. ഒരു പരീക്ഷയിൽ പരാജയപ്പെട്ടാലും ഒരുപക്ഷേ, പരിശ്രമത്തിലൂടെ അടുത്തതിൽ വിജയത്തിലെത്താൻ സാധിച്ചേക്കാം.

ആരോഗ്യവും സമയവും സമ്പത്തും തനിക്കുള്ളതെല്ലാം ശരിയല്ലാത്ത രീതിയിൽ ചെലവഴിച്ചു കഴിഞ്ഞ വ്യക്തിക്ക് പിന്നീട് തന്റെ ജീവിതത്തിലെ കൗമാരത്തിലേക്കും യുവത്വത്തിലേക്കും ഒരു തിരിച്ചു പോക്ക് സാധ്യമല്ലായെന്ന് നമുക്കറിയാം. ഇവിടെയാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന പരിശുദ്ധാത്മാവിനെ നാം കൂട്ടുപിടിക്കേണ്ടത്. ഞാനാഗ്രഹിച്ചിട്ടും ഒത്തിരി പരിശ്രമിച്ചിട്ടും സാധിക്കാത്ത കാര്യങ്ങൾ എനിക്ക് പരിശുദ്ധാത്മാവിലൂടെ സാധ്യമാക്കാനായിട്ട് കഴിയുന്നു. നമ്മെക്കുറിച്ചുള്ള ദൈവിക പദ്ധതി മനസ്സിലാക്കാനും അതിനായി ദൈവിക ചൈതന്യത്തോടുകൂടി പരിശ്രമിക്കാനും വിജയിക്കുവാനും സാധിക്കുന്നു. ഓരോ ദിവസവും ഓരോ നിമിഷവും വളരെ പ്രാധാന്യമുള്ളതാണെന്നും എന്റെ ജീവിതത്തിൽ എനിക്ക് ഒരിക്കലും തിരിച്ചു പോകാൻ പറ്റാത്തതും തിരിച്ചെടുക്കാൻ പറ്റാത്തതും സമയമാണെന്ന ബോധ്യവും വേണം. അങ്ങനെ ഏറ്റവും പ്രാധാന്യം സമയത്തിന് കൊടുത്തുകൊണ്ട് പരിശുദ്ധാത്മാവിന്റെ സഹായത്തോടുകൂടി തന്റെ ജീവിതത്തിലെ ലക്ഷ്യങ്ങൾ മനസ്സിലാക്കാനും അതിനുവേണ്ടി പരിശ്രമിക്കാനും സാധിക്കുമ്പോൾ നാം വിജയത്തിലേക്ക് അടുക്കും.

തന്റെ ജീവിതത്തിലെ ഓരോ നിമിഷവും വളരെ പ്രാധാന്യത്തോടുകൂടി ചെലവഴിച്ചു എന്ന് ബോധ്യമുള്ള വ്യക്തിക്ക് വളരെ സന്തോഷത്തോടെതന്നെ ജീവിതാവസാന നേരത്തും അതിനുശേഷമുള്ള നിത്യജീവിതത്തിലേക്കും പ്രവേശിക്കാൻ സാധിക്കും. പൗലോസ് ശ്ലീഹ തിമോത്തിയോസിനെഴുതിയ 2-ാം ലേഖനം രണ്ടാം അധ്യായം 21 മുതലുള്ള വാക്യങ്ങൾ നമ്മെ ഓർമിപ്പിക്കുന്നത് ഇതാണ്: “ഒരുവൻ നികൃഷ്ടമായ അവസ്ഥയിൽ നിന്നും തന്നെത്തന്നെ ശുദ്ധീകരിക്കുന്നെങ്കിൽ അവൻ ശ്രേഷ്ഠമായ ഉപയോഗത്തിന് പറ്റിയതും ഗൃഹനായകന് പ്രയോജനകരവും ഏതൊരു നല്ല കാര്യത്തിനും ഉപയോഗയോഗ്യമായ വിശുദ്ധ പാത്രവുമാകും.” നമുക്ക് ഓരോരുത്തർക്കും പരിശുദ്ധാത്മാവിന്റെ സഹായത്തോടുകൂടി ദൈവിക പദ്ധതികൾ ഗ്രഹിക്കാനും അവയോട് ചേർന്നുകൊണ്ട് ഓരോ സമയവും ചെലവഴിക്കാനും ആഗ്രഹിക്കുകയും പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം.



സിബിൻ ജോസ്, കോതമംഗലം

# മിനാരി

വില കുറഞ്ഞതെന്ന് പറഞ്ഞു തള്ളിക്കളഞ്ഞ ചില വ്യക്തികളോ വസ്തുക്കളോ ആയിരിക്കാം പിന്നീട് നമ്മുടെ ജീവിതത്തിൽ വഴിതെളിച്ചു തരുന്നതിൽ പ്രധാന പങ്കു വഹിക്കുന്നത്. ലീ ഐസക് ചങ് സംവിധാനം ചെയ്ത് 2021 ൽ റിലീസായ 'മിനാരി' എന്ന കൊറിയൻ ചിത്രം അത്തരമൊരു കഥയാണ് പറയുന്നത്.

1980കളിൽ സൗത്ത് കൊറിയയിൽ നിന്നും അമേരിക്കയിലെ ഒരു ഗ്രാമ പ്രദേശമായ അർകൻസോയിലേക്ക് കുടിയേറി പാർക്കുന്ന ഒരു കൊറിയൻ - അമേരിക്കൻ കുടുംബം. കൊറിയൻ ധാന്യങ്ങൾ വളർത്തി ലാഭം കൊയ്യാൻ ആഗ്രഹിക്കുന്ന ആളാണ് കേന്ദ്ര കഥാപാത്രമായ ജേക്കബ്. അയാൾക്ക് കൃഷി കഴിഞ്ഞേ ബാക്കി എന്തും ഉണ്ടായിരുന്നുള്ളൂ. ഭാര്യയും മകളും ഹൃദ്രോഗിയയായ മകനുമടങ്ങുന്ന ഒരു ചെറിയ കുടുംബം. തന്റെ കുടുംബത്തോട് ജേക്കബ് അതിയായ സ്നേഹം കാണിക്കുന്നുണ്ടെങ്കിൽ കൂടിയും അയാളുടെ മുഴുവൻ ശ്രദ്ധയും കൃഷിയിലേക്ക് മാറുന്നു. പക്ഷേ, വിചാരിച്ച പോലെ അത് വിജയകരമായിരുന്നില്ല. അങ്ങനെയിരിക്കെയാണ് ഭാര്യയുടെ അമ്മ അവരുടെ കുടുംബത്തിലേക്ക് വരുന്നത്.

മുത്തശ്ശിയും കൊച്ചു മകനും തമ്മിലുള്ള കോംബിനേഷൻ സീനുകളാണ് പിന്നീട് കഥയെ മുന്നോട്ട് നയിക്കുന്നത്. വിദ്യാഭ്യാസം കുറഞ്ഞ മുത്തശ്ശിയെ അംഗീകരിക്കാൻ കൊച്ചു മകൻ ആദ്യം തയ്യാറല്ലായിരുന്നു. പക്ഷേ, ഹൃദ്രോഗം മൂലം പല കാര്യങ്ങളിൽ ഉൾവലിയുന്ന കൊച്ചു മകനെ ആത്മ വിശ്വാസത്തോടെ ജീവിതത്തെ നേരിടാൻ പഠിപ്പിക്കുന്ന മുത്തശ്ശിയെയും അവന്റെ ജീവിതത്തിൽ മുത്തശ്ശി ഇടപെടുന്ന രീതികളുമാണ് സിനിമയിൽ നമ്മൾ കാണുന്നത്. കൊച്ചുമകന്റെ ചില കുസൃതികളും കളി തമാശകളുമൊക്കെ പ്രേക്ഷകർക്ക് പുഞ്ചിരി സമ്മാനിക്കും.

കിഴക്ക് ഏഷ്യൻ രാജ്യങ്ങളിൽ കാണപ്പെടുന്ന ഒരു ചെടിയാണ് മിനാരി. പ്രത്യേകിച്ച് കൊറിയൻ പാചകത്തിൽ ചേർക്കുന്ന ഒരു വിഭവമാണിത്. ഈയൊരു രുചി പകരൽ സിനിമയിലുടനീളം നമുക്കു കാണാൻ സാധിക്കും. ജേക്കബിനെ മിനാരി കൃഷിചെയ്യാൻ ഉപദേശിക്കുന്നതും മുത്തശ്ശി തന്നെയാണ്. പക്ഷേ, മുത്തശ്ശിയുടെ വാക്കിന് വില കൽപിക്കാതെ അയാൾ അയാൾക്കിഷ്ടപെട്ട രീതിയിൽ കൃഷി തുടരുന്നു. പക്ഷേ, അവിടെയും പരാജയം നുണയുന്ന ജേക്കബ് അവസാനം മിനാരി നടുന്നതും നല്ല രീതിയിൽ ഫലം ചൂടുന്നതുമാണ് നാം കാണുന്നത്. ആരാലും ആകർഷിക്കപ്പെടാതെ ഒതുങ്ങി നിൽക്കുന്ന മിനാരി എന്ന ചെടിയും ഉള്ളിൽ നിറയെ സ്നേഹം കൊണ്ട് നടക്കുന്ന, എന്നാൽ വിദ്യാഭ്യാസ കുറവിന്റെ പേരിൽ തള്ളിയകറ്റപ്പെട്ട മുത്തശ്ശിയും പരസ്പര പൂരകങ്ങളായി ആ കുടുംബത്തെ ഉയർത്തുന്നത് കാണാൻ സാധിക്കും.



**ഹൃദ്രോഗം മൂലം പല കാര്യങ്ങളിൽ ഉൾവലിയുന്ന കൊച്ചുമകനെ ആത്മ വിശ്വാസത്തോടെ ജീവിതത്തെ നേരിടാൻ പഠിപ്പിക്കുന്ന മുത്തശ്ശിയെയും അവന്റെ ജീവിതത്തിൽ മുത്തശ്ശി ഇടപെടുന്ന രീതികളുമാണ് സിനിമയിൽ നമ്മൾ കാണുന്നത്.**



ഒരു പൗൾട്രി ഫാമിൽ ജോലി ചെയ്യുന്ന ജേക്കബ്, ലാഭത്തിന്റെ പിറകെ പോകുമ്പോൾ സ്വന്തം കുടുംബത്തെ മറന്ന് പോകുന്ന സന്ദർഭങ്ങളും തന്മൂലം ഉടലെടുക്കുന്ന അസ്വാരസ്യങ്ങളും വേർപിരിയലിലേയ്ക്ക് എത്താതെ ദൈവത്തിന്റെ ഇടപെടലെന്ന പോലെ കടന്നു വരുന്ന ക്ലൈമാക്സ് രംഗങ്ങൾ നമ്മെ ഇരുത്തി ചിന്തിപ്പിക്കും.

സൺഡാൻസ് ഫിലിം ഫെസ്റ്റിവലിൽ പ്രദർശിക്കപെട്ട ഈ ചിത്രം യു.എസ് ഡ്രമാറ്റിക് ഗ്രാൻഡ് ജൂറി അവാർഡും ഡ്രമാറ്റിക് ഓഡിയൻസ് അവാർഡും കരസ്ഥമാക്കി. 93-മത് അക്കാദമി അവാർഡിൽ മികച്ച ചിത്രം, മികച്ച സംവിധായകൻ, മികച്ച പശ്ചാത്തല സംഗീതം, മികച്ച തിരക്കഥ, മികച്ച നടൻ എന്നീ വിഭാഗങ്ങളിൽ നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല മികച്ച സഹനടിക്കുള്ള അക്കാദമി പുരസ്കാരം മുത്തശ്ശിയായി ആഭിനയിച്ച യൂൺ യൂ-ജൂങ്കിന് നേടി കൊടുത്ത ചിത്രവും കൂടിയാണ് ‘മിനാരി’.





## വാർത്താവിചാരം



സണ്ണി കോക്കാപ്പിള്ളിൽ

# മാർ ജോസഫ് പാംബ്ലാനിക്ക് അവാർഡ് വെറുതെ കിട്ടിയതല്ല

രാജ്യത്തെ മികച്ച സന്നദ്ധപ്രവർത്തകനുള്ള കാരിത്താസ് ഇന്ത്യയുടെ സ്പെഷ്യൽ കോമ്രേഡ് അവാർഡ് തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംബ്ലാനിക്കു ലഭിച്ചു. ഈ അവാർഡിന്റെ കാരണം അദ്ദേഹം കോവിഡു കാലത്തു ചെയ്ത നിസ്തുല സേവനങ്ങളാണ്. മാസം നൂറു രൂപ മാത്രം വരുമാനമുള്ളവനും അഞ്ചു ലക്ഷം രൂപ വരുമാനമുള്ളവനും ഒന്നുപോലെ കിറ്റു കൊടുത്ത 'കരുതലിന്റെ' പ്രവർത്തനമായിരുന്നില്ല മാർ പാംബ്ലാനിയുടേത്. കോവിഡു കാലത്ത് പരസ്യപ്പെടുത്താതെ സഭ ചെയ്ത സേവനങ്ങൾക്കുള്ള അംഗീകാരമായി ഈ അവാർഡിനെ കാണണം.

കോവിഡു കാലത്തെ ക്ഷേമപ്രവർത്തനങ്ങൾക്കായി സമരിറ്റൻ സേന എന്ന പേരിൽ 1500-ൽ പരം ആളുകളെ സംഘടിപ്പിച്ച് ഒരു സന്നദ്ധസേന രൂപീകരിക്കാൻ മാർ പാംബ്ലാനിക്കു കഴിഞ്ഞു. കോവിഡുമൂലം മരിച്ചവരുടെ മൃതസംസ്കാര ചടങ്ങുകൾ നടത്താൻ പി.പി.ഇ. കിറ്റു ധരിച്ച് മുന്നിട്ടിറങ്ങാനും ബിഷപ്പിനു കഴിഞ്ഞു. ഈ പ്രവർത്തനം അനേകരെ സ്വാധീനിച്ച ഒന്നായിരുന്നു. മെഡിക്കൽ സഹായം, ഹെൽപ് ഡെസ്കുകൾ, ഭക്ഷണ വിതരണം, വൻതോതിൽ ഭക്ഷ്യവസ്തുക്കളുടെ വിതരണം, മാസ്ക്, സാനിറ്റൈസർ എന്നിവയുടെ വിതരണം എന്നു തുടങ്ങി കോടിക്കണക്കിനു രൂപയുടെ സഹായം എത്തേണ്ടിടത്ത് എത്തിക്കാൻ അദ്ദേഹം നേതൃത്വം നൽകി.



ഇക്കാര്യം ഇവിടെ പരാമർശിക്കാൻ കാരണം കോവിഡു കാലത്ത് സഭ എന്തെടുക്കുകയായിരുന്നു എന്ന ചോദ്യത്തിനുത്തരം നൽകാനാണ്. ജാതിമത ഭേദമില്ലാതെയുള്ള ഈ പ്രവർത്തനങ്ങൾ സഭാംഗങ്ങളെങ്കിലും തിരിച്ചറിയണം. നിസ്സാര പിടിവാശിമൂലം തമ്മിൽത്തമ്മിൽ ആരോപണങ്ങളുന്നയിച്ച് പൊതുസമക്ഷം അപഹാസ്യമേറ്റുവാങ്ങി തകർച്ചയെ വാരിപ്പുണരാതെ ചെയ്തു പോരുന്ന സേവനങ്ങളെ കുറച്ചെങ്കിലും വെളിപ്പെടുത്തുകയും നിരന്തരം മുന്നേറുകയും ചെയ്താൽ സഭ ക്രിസ്തീയ സാക്ഷ്യമാകും.

സഭ ചെയ്യുന്ന സത്പ്രവർത്തികൾ സഭാംഗങ്ങൾക്കു പോലും അറിയില്ലെന്നതാണു യാഥാർഥ്യം. ആക്ഷേപങ്ങളും വിമർശനങ്ങളും നിരന്തരം ഉയർത്തി വെറുപ്പിന്റെ മനോഭാവത്തിലേക്ക് വിശ്വാസികളെ എത്തിക്കാൻ ഛിദ്രശക്തികൾ പ്രവർത്തിക്കുമ്പോൾ സഭ ചെയ്യുന്ന നന്മയുടെ ഉദാഹരണങ്ങൾ വിസ്മൃതിയിലേക്കു നീങ്ങുന്നു. സ്വയം പുകഴ്ത്താനുള്ള അവസരമായിട്ടല്ല ഇതിനെ കാണേണ്ടത്. മറിച്ച്, അതൊരു പ്രചോദനമായി അനേകർക്കു മാറാനാണ്. സഭയുടെ യഥാർഥമുഖം വെളിപ്പെടാനാണ്. വിളക്കു കൊളുത്തി പറയുടെ കീഴിൽ വച്ചിട്ടു കാര്യമില്ലല്ലോ. അതു പീഠത്തിന്മേൽ വയ്ക്കുകയെന്നത് നാമോരുത്തരുടെയും കടമയാണ്.



## കേരളീയ കർഷകരുടെ ദയനീയാവസ്ഥ

കൃത്യം ഒരു വർഷം കേന്ദ്ര സർക്കാരിനെതിരെ സമരം നടത്തി ഉത്തരേന്ത്യൻ കർഷകർ ആവശ്യങ്ങൾ നേടിയെടുത്തു. എന്നാൽ, കേരളത്തിലെ സ്ഥിതി അതിദയനീയമായി ഇന്നും തുടരുന്നു. നിരവധി സംഘടനകൾ ഉണ്ടായിരുന്ന



ഉത്തരേന്ത്യൻ കർഷകർ ഒരു കുടക്കീഴിൽ അണിനിരന്നിട്ടാണ് സർക്കാരിനെ വരച്ച വരയിൽ നിറുത്തിയാണ്. ജാതിയും മതവും രാഷ്ട്രീയവുമൊന്നും അതിനു തടസ്സമായില്ല. അത്തരം താത്പര്യങ്ങളെ അവർ മുളയിലേ നുള്ളിക്കളഞ്ഞു.

കർഷകർ പരസ്പരം വിഘടിച്ചു നിൽക്കുന്ന കാഴ്ചയാണ് കേരളത്തിൽ കാണുന്നത്. ഓരോ രാഷ്ട്രീയ കക്ഷിക്കും കർഷക സംഘടനയുണ്ട്. അതിനു പുറമെ ഓരോ പ്രദേശത്തും കർഷകർ പ്രത്യേകമായി സംഘടന ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അങ്ങനെ വെവ്വേറെ സമരം നടത്തുന്നു. ആരുടെയും ഒരാവശ്യങ്ങളും നടക്കുന്നുമില്ല. ഇനിയെങ്കിലും ഉത്തരേന്ത്യൻ കർഷകരുടെ ശൈലി കേരളീയ കർഷകർ അനുകരിക്കണം.

---

## മനസ്സിനെ ഏറ്റവും ദുഃഖിപ്പിച്ച സംഭവം

ആറാമത്തെ കുഞ്ഞു ജനിച്ചപ്പോൾ അതിനെകൂടി വളർത്താൻ പ്രയാസമാണെന്നു കണ്ട് മൂത്തമകളെ ഉപയോഗിച്ച് വെള്ളത്തിൽ മുക്കി കൊലപ്പെടുത്തിയ സംഭവം വായിച്ചപ്പോൾ ഹൃദയം പിളർക്കുന്ന അനുഭവമുണ്ടായി. ഒരു ഒറ്റമുറി വീട്ടിൽ അഞ്ചു പിഞ്ചുകുഞ്ഞുങ്ങളുമായി ജീവിക്കുന്ന ഒരു കുടുംബത്തിന്റെ അവസ്ഥ ആരും അറിയാതെ പോയി എന്നത് പൊറുക്കാനാവാത്തതാണ്. താരതമ്യേന സമ്പന്നമായ ഒരു മേഖലയിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ ഇങ്ങനെ ഒരു സംഭവമുണ്ടായതിന് സമൂഹത്തിനും ഉത്തരവാദിത്വമില്ലേ? റോഡിന്റെ അരികിലേക്ക് വലിച്ചെറിയപ്പെട്ടവരെ കാണാതെ പോയത് എന്തുകൊണ്ടായിരിക്കാം? ഒരമ്മ തന്റെ പിഞ്ചുകുഞ്ഞിനെ വളർത്താൻ നിവൃത്തിയില്ലാതെ കൊന്നുകളയാൻ മാത്രം അധഃപതിച്ചു പോയ ഒരു നാടിന്റെ ഗതികേട് ഓർക്കണം. എല്ലാവർക്കും കരുതലാണെന്ന് ഭരണാധികാരികൾ വമ്പുപറയുമ്പോഴും യാഥാർഥ്യം മറ്റൊന്നാണെന്ന് ഈ സംഭവം നമ്മുടെ മുമ്പിൽ തെളിവായി നില്ക്കുന്നു.

ഒരമ്മയ്ക്ക് തന്റെ കുഞ്ഞിനെ വളർത്താൻ പണമില്ലാത്തതിനാൽ കൊന്നുകളയുന്നു. ഇതൊക്കെ നിസ്സംഗതയോടെ കേട്ടിരിക്കാൻ മാത്രം നമ്മുടെ മനസ്സ് കല്ലായി മാറിയോ? വികസനത്തിനും ക്ഷേമത്തിനും വേണ്ടി ചെലവഴിക്കുന്ന കോടാനുകോടി രൂപ എവിടെയാണെത്തിച്ചേരുന്നത്? ക്രിസ്തീയതയ്ക്കു വലിയ സ്വാധീനമുള്ളിടത്ത് ഇങ്ങനെ സംഭവിക്കാൻ പാടുണ്ടായിരുന്നോ? ഉത്തരം കണ്ടെത്തേണ്ടത് നാം തന്നെയാണ്. ഒരുമിച്ചു കളിച്ചു വളർന്ന ആ അഞ്ചു കുഞ്ഞുങ്ങൾ ഇപ്പോൾ അഞ്ചിടത്തായി. അമ്മ ജയിലിലും. ഇത് മനുഷ്യത്വത്തിന്റെയും പരാജയമാണ്. അമ്മ മനസ്സിന്റെ നൊമ്പരങ്ങളെ ഏറ്റുവാങ്ങാൻ ആർക്കു പറ്റും? ആ അഞ്ചു സഹോദരങ്ങളെ ഒന്നിച്ചു കൊണ്ടുവരുന്നതിനും ??



## ഞങ്ങൾ സബ്സിഡി നൽകാം, നിങ്ങൾ കുഞ്ഞുങ്ങളെ ജനിപ്പിക്കൂ..

പതിറ്റാണ്ടുകൾ നീണ്ട ഒറ്റക്കുഞ്ഞു പദ്ധതിക്കുശേഷം ചൈനീസ് ഗവൺമെന്റ് പരാജയം ഏറ്റുവാങ്ങി. ഇപ്പോൾ വാർധക്യത്തിലെത്തിയവരുടെ സംഖ്യ വർധിക്കുകയും യുവതീ യുവാക്കളുടെ എണ്ണം ഗണ്യമായ രീതിയിൽ കുറയുകയും ചെയ്തു. എന്തൊക്കെ ബഹളങ്ങളായിരുന്നു കുറച്ചു കൊല്ലം മുൻപുവരെ ചൈനയിൽ നടമാടിയിരുന്നത്! ഒന്നിലധികം കുട്ടികൾ പാടില്ലെന്ന കർശനനിയമം അടിച്ചേൽപിച്ചു. ഒന്നിലധികം കുട്ടികൾ ഉണ്ടായാൽ അവർക്ക് ജോലി സാധ്യതപോലും നഷ്ടപ്പെട്ടിരുന്നു. ഒരു കുഞ്ഞു മാത്രമേ പാടുള്ളൂവെന്നതിനാൽ അത് ആൺകുട്ടിയാകട്ടെ എന്ന് അനവധി ചൈനീസ് ദമ്പതികൾ തീരുമാനമെടുത്തു. അങ്ങനെ ആൺകുട്ടികളുടെ ഒരു പ്രളയം ചൈനയിലുണ്ടായി. ഫലമോ, ഏതാണ്ട് ഏഴുകോടി ചൈനീസ് യുവാക്കൾക്ക് ഭാര്യമാരായി പെൺകുട്ടികളെ കിട്ടാതെയായി. ജനസംഖ്യാ നിയന്ത്രണത്തിന്റെ അനന്തരഫലങ്ങൾ ചൈന നമ്മുടെ മുമ്പിൽ അനാവരണം ചെയ്യുന്നു.

ഇപ്പോൾ ചൈനീസ് സർക്കാരിന്റെ ഉത്തരവ് ദമ്പതികൾക്ക് മൂന്നു കുട്ടികൾ വരെ വേണമെന്നതാണ്. രണ്ടാമത്തെയും മൂന്നാമത്തെയും കുട്ടികൾക്ക് സർക്കാർ സബ്സിഡി കൊടുക്കുമത്രേ. ചൈനീസ് ഭരണകൂടത്തിന്റെ നിയന്ത്രണത്തിലുള്ള ന്യൂസ് സൈറ്റിലെ എഡിറ്റോറിയൽ ലേഖനത്തിൽ ഇതു വിവരിച്ചിട്ടുണ്ട്. ദൈവിക നിയമങ്ങൾക്കെതിരെ സ്വാർഥതാത്പര്യത്തിനായി മനുഷ്യൻ കാട്ടിക്കൂട്ടുന്ന ഓരോ ചെയ്തികൾക്കും തിരിച്ചടി നേരിടേണ്ടി വരും.



ചിത്രീകരണം: വെങ്കി

# വെള്ളരിപ്രാവിന്റെ ചങ്ങാതികൾ





കഥ: ആൽഡ്രിൻ ജോസഫ്



കാട്..! അതിന്റെ മുഴുവൻ ഭംഗിയും നിഗൂഢതയും നിറയുന്ന അഴക്, അതാണ് കദളീവനം. അതാ അവിടെയാണ്, പച്ചപ്പട്ടണിഞ്ഞ മലകളുടെയും മരതകകാന്തിയിൽ വിളങ്ങിനിൽക്കുന്ന മണിമലയാറിന്റെയും അങ്ങേക്കരയിലാണ് അവർ കളിക്കുന്നത്. അവർ ആരൊക്കെയാണെന്ന് അറിയണ്ടേ?

തുള്ളിത്തുള്ളി ചാടി നടക്കും മിക്കാ മുയലും ചിന്നു മാനും വീശുമുറം പോലുള്ള ചെവിയും തലയും ആട്ടിയാട്ടി കുലുങ്ങിയോടുന്ന കുഞ്ഞൻ ശംഭു ആനയും പേക്രോം പേക്രോം കരയുന്ന പച്ച നിറത്തിലെ മുത്തു തവളയും പിന്നെ നിറയെ പഞ്ഞിരോമം നിറഞ്ഞ ശുക്രൻ കരടിയും. ഇവർ അഞ്ചു പേരും കട്ട ഫ്രണ്ട്സാണ്. ഓർമവച്ച നാൾ മുതൽ ഒന്നിച്ചാണ്. മണിമലയാറിന്റെ തീരത്താണ് അഞ്ചു പേരുടെ സംഘത്തിന്റെ കളിയും കുളിയും. കളിയെന്നാൽ ഉരുണ്ട് മറിയുക, മണിമലയാറിൽ കുളിക്കുക, നീന്തുക, ഓടിയൊളിച്ചു കളിക്കുക അങ്ങനെയങ്ങനെ ചിരിച്ചാനന്ദിച്ച് മതിമറന്നൊരു കൂട്ടുകെട്ട്. ഇവരുടെ കൂട്ടുകെട്ട് കാടിനൊരു ഹരമാണ്. കദളീവനത്തിൽ പൊതുകാര്യങ്ങളിൽ മുന്നിട്ടിറങ്ങുന്നത് അഞ്ചുപേരുടെയും ഈ കൂട്ടുസംഘമാണ്. അതിനാൽ തന്നെ എല്ലാവർക്കും അവരെ ഇഷ്ടമാണ്. കണ്ണിലുണ്ണികളാണവർ.

ഇവരുടെ കൂട്ടുകെട്ടും അടിപൊളി രീതികളും കണ്ട്, ഈ സുഹൃത്‌വലയത്തിന്റെ ഭാഗമാകാൻ കൊതിച്ചു നടക്കുന്ന ഒരു ചങ്ങാതിയാണ് കേളു കുറുക്കൻ. നല്ലവനും ബുദ്ധിസാമർഥ്യവുമുള്ളവനുമായ കേളുവിനെ പഞ്ചസംഘത്തിനു അറിയാമെങ്കിലും അവർ കേളുച്ചാരെ കൂടെ കൂട്ടാറില്ല. അതിന് പല കാരണങ്ങളുണ്ട്. ഒന്നാമതായി കുറുക്കൻ കൂട്ടത്തെ കാട്ടിലെ മറ്റു മൃഗങ്ങൾ വിശ്വസിക്കാറില്ല, സൂത്രക്കാരാണ്. മാത്രമല്ല, കുറുക്കൻ കൂട്ടം പുറംകാടുമായി അത്ര സമ്പർക്കത്തിലുമല്ല. അങ്ങനെയിരിക്കെ കടുത്ത വേനൽ വന്നെത്തി. സൂര്യൻ ഉഗ്രകോപത്തോടെ കദളിവനത്തെ ചുട്ടു പൊള്ളിക്കാൻ തുടങ്ങി. പകൽ സമയങ്ങളിൽ ആർക്കും പുറത്തിറങ്ങാൻ കഴിയാത്ത ചൂട്. എന്തിനേറെ പറയുന്നു, സ്വന്തം മാളങ്ങളിലും ഗുഹകളിലും പൊത്തുകളിലും രാത്രി ഉറങ്ങാൻ കഴിയാത്തവിധം അസഹനീയം.

ഈ പൊതുപ്രശ്നം പരിഹരിക്കാൻ കാട്ടിലെ മുതിർന്നവർ അഞ്ചുപേരുടെ കൂട്ടുസംഘത്തെ ചട്ടംകെട്ടി. അഞ്ചുപേരും മണിമലയാറിന്റെ കരയിൽ യോഗം കൂടി. എത്ര ആലോചിച്ചിട്ടും അവർക്ക് ഒരുപായം കണ്ടെത്താൻ സാധിച്ചില്ല. ഒടുവിൽ, കൂട്ടുകൂടാൻ എപ്പോഴും പിന്നാലെ നടക്കുന്ന കേളു അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: “ഞാൻ ഒരുപായം പറയാം.. ത്രികാലം കുന്നിന്റെ ചെരിവുകളിൽ വറ്റാകുളത്തോടു ചേർന്ന് ചാഞ്ഞുനിൽക്കുന്ന മരത്തിന്റെ വലിയ ഇലകൾ പ്രത്യേകത നിറഞ്ഞതാണ്. ഭൂമിയിൽ ഈർപ്പം നിലനിറുത്താൻ അതിന് പ്രത്യേക കഴിവുണ്ട്. കൊഴിഞ്ഞു വീണ ഇലകൾ വറ്റാകുളത്തിൽ നിന്നു ശേഖരിച്ച് എല്ലാ ഗുഹകളിലും പൊത്തുകളിലും മാളങ്ങളിലും അകത്തു സൂക്ഷിച്ചുവച്ചാൽ സൂര്യതാപത്തെ ഫലപ്രദമായി പ്രതിരോധിക്കാം”.

> പരസ്പരം സഹായിച്ചും സഹകരിച്ചും പ്രവർത്തിക്കുന്നവരാണ് സ്നേഹിതർ. ഒരിക്കൽ തെറ്റുപറ്റിയെന്നു പറഞ്ഞ് ആരെയും അകറ്റി നിറുത്തരുത്. മറ്റുള്ളവരുടെ വാക്ക് കേട്ട് ആരെയും മുൻവിധിയോടെ കാണുകയുമരുത്.

അഞ്ചുപേർക്കും കേളുച്ചാരുടെ ഉപായം ഇഷ്ടമായി. അവർ വാറ്റാ കുളത്തിൽ നിന്ന് ഇല ശേഖരിച്ച് കേളുക്കുറുക്കൻ പറഞ്ഞതുപോലെ സൂക്ഷിച്ചുവച്ചു. സംഗതി സത്യമായിരുന്നു. കേളുച്ചാരുടെ ഉപായം ഉപയോഗിച്ച് കദളിക്കാട് ആ കൊടും വേനലിന്റെ ഉഗ്രതാപത്തെ തടഞ്ഞു നിറുത്തി. അങ്ങനെ കൊടുംചൂടിലും ഈർപ്പം നൽകി വറ്റാകുളത്തിലെ ഇലകൾ കദളിക്കാടും അഞ്ചുകൂട്ടുകാരുടെ വീടും സംരക്ഷിച്ചുപോന്നു. സംഘം അങ്ങനെ കേളുവിനെയും കൂട്ടി ആറു പേരുടെ കൂട്ടു സംഘമായി. നല്ല ചങ്ങാതിയായി ആപത്തിൽ ആത്മാർഥമായി സഹായിച്ച കേളുച്ചാരെ എന്തുകൊണ്ട് നാമിത്രയും നാൾ അകറ്റി നിറുത്തിയെന്ന് അവർ പരസ്പരം ചോദിച്ചു.

ഇവരുടെയെല്ലാം സംശയങ്ങളും ചോദ്യങ്ങളുമെല്ലാം കേട്ടുകൊണ്ട് ഒരു വെള്ളരിപ്രാവ് തൊട്ടടുത്ത മരക്കൊമ്പിലിരുന്ന് കുറുകുന്നുണ്ടായിരുന്നു. ചങ്ങാതികളാരും ഈ വെള്ളരിപ്രാവിനെ അങ്ങനെയിങ്ങനെയൊന്നും കാട്ടിൽ കണ്ടിട്ടില്ലാ. കൂട്ടുകാരുടെ സംഘം അടുത്തെത്തിയപ്പോൾ ആ വെള്ളരിപ്രാവ് അവരോട് സംസാരിച്ചു: “പരസ്പരം സഹായിച്ചും സഹകരിച്ചും പ്രവർത്തിക്കുന്നവരാണ് സ്നേഹിതർ. ഒരിക്കൽ തെറ്റ് പറ്റിയെന്നുപറഞ്ഞ് ആരെയും അകറ്റി നിറുത്തരുത്. മറ്റുള്ളവരുടെ വാക്ക് കേട്ട് ആരെയും മുൻവിധിയോടെ കാണുകയുമരുത്. ആപത്തിൽ കൈത്താങ്ങാകുന്നവരാണ് യഥാർഥ സ്നേഹിതർ. അങ്ങനെയുള്ള നല്ല ചങ്ങാതികൾ അവർക്കു മാത്രമല്ല, നാടിനും നാട്ടുകാർക്കും വലിയൊരനുഗ്രഹമാണ്. നമ്മെ പോലെതന്നെ മറ്റുള്ളവരെ സ്നേഹിക്കാനും അവർക്കു നന്മചെയ്യാനും നമുക്ക് പരിശ്രമിക്കാം. അപ്പോൾ നമ്മളും ഈ ലോകം മുഴുവനും കൂടുതൽ സുന്ദരമാകും, ജീവിതം അർഥപൂർണമാകും”.

വെള്ളരിപ്രാവിനെ കണ്ട അന്നുമുതൽ ആ ആറുപേരുടെ ചങ്ങാതിക്കൂട്ടം വെള്ളരിപ്രാവിനേയും കൂട്ടി ഏഴുപേരായി.

# ചിരിയും ചിന്തയും



കാർട്ടൂൺ: ജോയ്സ് കെ.ജോസ്






Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | www.jykairosmedia.org

RNI No.KERMAL/2002/12027, Date of publication: 01/01/2022, ₹50.00

# THE BATMAN & ROBIN OF CATHOLIC MAGAZINES!

Must-have Magazines for the Catholic Family




Subscription: **www.jykairosmedia.org** | Bulk orders: **+91 62382 79115**

Jesus Youth

Kairos MEDIA

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662